Reg. No. M. 2293

ഓപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 ജൂലൈ 11—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 മിഥുനം 27 | ലക്കം 45



കർമ്മലനാഥേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

(തിരുനാൾ—ജൂലൈ 16)

# സ്നേഹവും സേവനവും

(പി. എം. കുര്യാക്കോസ്, ബി. എ. ബി. എൽ.)

സ്നേഹത്തിന്റേയും സേവനത്തിന്റേയും മാഹാത്മ്യം നമ്മിൽ പലരും വേണ്ടത്ര മനസ്സിലാക്കുന്നില്ല. സ്നേഹത്തേയും സേവനത്തേയുംപററി ചിന്തിക്കേണ്ടതു് ഇന്നു ഏററം ആവശ്യമായിരിക്കുന്നു.

മനുഷ്യൻ മനുഷ്യനെ സ്നേഹിക്കണം. സ്നേഹത്തെപ്പോലെ ഉൽകൃഷ്ടമായ വികാരമില്ല. സ്നേഹമാണു ഹൃദയത്തെ ധന്യമാക്കുന്നതു്. ഹൃദയാലുത്വത്തിന്റെ ലക്ഷണം സ്നേഹമാണു്. നല്ല പുഷ്പങ്ങളിൽനിന്നു സൗരഭ്യം പ്രസരിക്കുന്നു. നിസ്വാർത്ഥമായ ഹൃദയത്തിൽനിന്നു സ്നേഹം പ്രവഹിക്കുന്നു. സ്വാർത്ഥതയുള്ളിടത്തു സ്നേഹം ഉറവെടുക്കുന്നില്ല. അസൂയയും അഹങ്കാരവും സ്നേഹത്തെ തടയുന്നു. സ്നേഹം മനസ്സിനെ ദയാർദ്രമാക്കുന്നു. അതു കുററമന്വേഷിക്കുന്നില്ല. അതിനു ക്ഷമയും സഹിഷ്ണുതയുമുണ്ടു്. സ്നേഹത്തിന്റെ ഉരകല്ലു് ത്യാഗമാണു്. മാറെറാലി ഉണ്ടെങ്കിൽ ശബ്ദമുണ്ടു്. ത്യാഗമുണ്ടെങ്കിൽ സ്നേഹമുണ്ടു്. പദാർത്ഥമില്ലാതെ നിഴലില്ല. സ്നേഹമില്ലാതെ ത്യാഗമില്ല. ത്യാഗമെന്നതു് സേവനമാണു്. സ്നേഹത്തിന്റെ അനിവാര്യഫലമാണു് സേവനം. സേവനമാണു് ജീവിതത്തെ സമ്പന്നമാക്കുന്നതു്. മനുഷ്യത്വത്തിനു മാറേററുന്നതു് സേവനമാണു്. എത്ര വമ്പിച്ച ധനസഹായവും സേവനത്തെപ്പോലെ ബഹുമാനിക്കപ്പെടുകയില്ല. അധികാരിയോ, ധനികനോ അല്ല, ത്യാഗിയാണു മനുഷ്യനെ കീഴടക്കുന്നതു്. സേവനസമ്പന്നൻ മരിക്കുന്നില്ല. അയാൾ തലമുറതലമുറകളായി സ്മരണയുടെ മണ്ഡപത്തിൽ ജീവിക്കുന്നു. ജീവിതം സേവനത്തിനു സമർപ്പിച്ചവരാണു് ലോകത്തിന്റെ കെടാവിളക്കുകൾ. പരസേവനമാണു്, ഏററം ഫലവത്തായ സ്വയം സേവനം. കൊടുക്കുമ്പോഴാണു് നാം നേടുന്നതു്. വാങ്ങുന്നതിലല്ലാ നൽകുന്നതിലാണു് ആനന്ദം. ഉള്ളവന്റെ ത്യാഗം ഇല്ലാത്തവന്റെ ലാഭമാണു്. തന്റേതായ എന്തെങ്കിലും സമുദായത്തിനുവേണ്ടി സന്ത്യജിക്കുമ്പോഴാണു് ജന്മം സഫലമാകുന്നതു്. മററുള്ളവരുടെ യാതനകളും ക്ലേശങ്ങളും ദൂരീകരിക്കുമ്പോഴാണു് ജീവിതം സന്തുഷ്ടമാകുന്നതു്. കൂടുതൽ സേവനം അനുഷ്ഠിച്ച ദിവസങ്ങളുടെ രാത്രികളിലാണു് ഫ്രാൻസീസ് അസ്സീസി കൂടുതൽ സൗഖ്യമനുഭവിച്ചതു്. തന്നെത്തന്നെ രക്ഷപെടുത്താൻ ശ്രമിക്കുന്നവൻ തന്നെത്തന്നെ നഷ്ടപ്പെടുത്തുന്നു.

സേവനത്തിൽ നാം ശ്രദ്ധിക്കേണ്ട ചില പ്രധാന തത്വങ്ങളുണ്ടു്. നമ്മുടെ സേവനം നാട്യവും ഭാവവുമററതായിരിക്കണം. വിനയാന്വിതമായ സേവനത്തിൽനിന്നേ സേവിതനു സംതൃപ്തിയുണ്ടാകൂ. നാട്യം സേവനത്തിൽ കയ്പു കലർത്തുന്നു. അന്യരറിയണമെന്നു കരുതി ചെയ്യുന്ന സേവനമേ പ്രസിദ്ധമാവുകയുള്ളു. ഇടംകൈയറിയാതെ വലംകൈകൊണ്ടു കൊടുക്കണം. ദാനം കൊടുക്കുന്നവൻ മൗനം ദീക്ഷിക്കുകയും വാങ്ങുന്നവൻ പറഞ്ഞുപരത്തുകയുമാണു വേണ്ടതു്. സേവനം നിഷ്കാമമായിരിക്കണം. പ്രതിഫലേച്ഛയുണ്ടായാൽ അതു മലിനമായിത്തീരും. എന്നാൽ നിഷ്കാമമായ സേവനത്തിനു അമൂല്യമായ ഒരു പ്രതിഫലമുണ്ടു്; ആത്മനിർവൃതി. നമ്മൾ അന്യനു സേവനംചെയ്തു ആത്മനിർവൃതി നേടുക.

ഓരോരുത്തരും സ്വന്തം സുഖം മാത്രം മുൻനിറുത്തുമ്പോൾ ജീവിതം പൊതുവേ ദുഃഖമയമായിത്തീരുന്നു. മററുള്ളവരുടെ സുഖം ഓരോരുത്തരും ലക്ഷ്യമാക്കുമ്പോൾ ലോകത്തിൽ ഒട്ടാകെ സുഖവും വർദ്ധിക്കുന്നു. ഇതു നമ്മുടെ അനുദിനജീവിതത്തിൽ നാമോർക്കാത്ത ഒരു പ്രധാന സംഗതിയാണു്. മനുഷ്യർ പരസ്പരം സഹായസഹകരണങ്ങളാവശ്യമാണെന്നാണു് പ്രപഞ്ചത്തിന്റെ ക്രമീകരണം പഠിപ്പിക്കുന്നതു്. തന്റെ ജീവിതം നിലനില്ക്കുന്നതു് അന്യരുടെ സഹായവും സഹകരണവുംകൊണ്ടാണെന്നു സ്വാർത്ഥലോലുപൻ ചിന്തിക്കുന്നില്ല. വെളുപ്പിനു എഴുന്നേററു രാത്രിയിൽ ഉറങ്ങുന്നതുവരെ ഒരു ദിവസത്തെ അനുഭവങ്ങൾ പരിശോധിക്കുക. എന്തിനെല്ലാം നാം ഇതരന്മാരെ ആശ്രയിക്കേണ്ടിവരുന്നു! അവരുടെ സേവനവും സഹകരണവുമില്ലെങ്കിൽ നമ്മുടെ ജീവിതം എത്രയോ അസാദ്ധ്യമായിത്തീരുന്നതാണു്! അന്യരുടെ സേവനവും ആനുകൂല്യവും നമുക്കാവശ്യമായിരിക്കുമ്പോൾ നമ്മുടേതു് അവർക്കു നൽകേണ്ടതു് നമ്മുടെ കർത്തവ്യമല്ലേ? ലോകത്തിന്റെ ഇന്നത്തെ എല്ലാം നേട്ടങ്ങൾക്കും കാരണം സേവനമാണു്. ആ നേട്ടങ്ങൾ അനുഭവിക്കുമ്പോൾ നാമോർക്കണം, സേവനത്തിനു നമുക്കുള്ള കടമയെപ്പററി.

സഹായത്തിനും സഹതാപത്തിനുംവേണ്ടി ദാഹിക്കുന്നവർ ധാരാളമാണു്. അവർ നമ്മുടെ ചുററുമുണ്ടു്. സ്വാർത്ഥതയുടെ തിമിരമുള്ളവൻ അവരെ ദർശിക്കുന്നില്ല. സ്നേഹത്തിന്റെ കണ്ണടയുള്ളവൻ അവരെ കാണുന്നു. സ്നേഹശീലൻ ആർത്തരിലേക്കടുക്കുന്നു. സ്നേഹം താഴ്ചയിലേക്കൊഴുകുന്നു, ജലത്തെപ്പോലെ. നാം താഴോട്ടിറങ്ങിച്ചെല്ലുക. യഥാശക്തി സഹജീവികളെ സഹായിക്കുക. ഇരുട്ടിൽപ്പെട്ടുഴലുന്നവനു് ഒരു ദീപനാളം കൊളുത്തിക്കൊടുക്കുക. പുറങ്കടലിൽപ്പെട്ടലയുന്നവനു് ഒരു പൊങ്ങുതടി ഇട്ടുകൊടുക്കുക. സഹയാത്രികരുടെ മുമ്പിൽ നീണ്ടുകിടക്കുന്ന മൂർച്ചയേറിയ പാതയിൽ പൂക്കൾ വിരിക്കുക. അന്യരുടെ അവശതയും ആവശ്യങ്ങളും അറിയാൻ ശ്രമിക്കുക. അവ അറിയാൻ ശ്രമിച്ചവർ മാത്രമേ ലോകോദ്ധാരകന്മാരായിത്തീർന്നിട്ടുള്ളു. സേവനം ഏററം പ്രയോജനകരമാക്കാനുള്ള മാർഗ്ഗമാണിതു്.

ഏതെങ്കിലും തരത്തിൽ ഒരു സേവനത്തിനു കഴിവു എല്ലാവർക്കുമുണ്ടു്. അതു് ആരും സമ്പാദിക്കേണ്ടതായിട്ടില്ല. അതുപയോഗപ്പെടുത്താനുള്ള മനോഭാവമാണു സമ്പാദിക്കേണ്ടതു്. ചിലർക്കു ആരേയും സഹായിക്കാൻ പ്രത്യേക സാമർത്ഥ്യമുണ്ടു്. അതിനുള്ള സന്ദർഭം അവർ പാഴാക്കുകയില്ല. എവിടെയും അവർ അതു കണ്ടെത്തും. മററു ചിലരാകട്ടെ, മുമ്പിൽ വന്നപേക്ഷിച്ചാലും നഷ്ടമില്ലാത്ത സഹായംപോലും ചെയ്യുകയില്ല. തൃപ്തിവരെ ഭക്ഷിച്ചതിനുശേഷം കളയുന്ന മിച്ചംപോലും ആവശ്യക്കാരനു കൊടുക്കാൻ മടിക്കുന്നവരുണ്ടു്. നാം യാത്രചെയ്യുന്ന കാറിൽ ധാരാളം സ്ഥലമുണ്ടായിരിക്കും. പക്ഷേ വേറൊരാളെക്കൂടി അതിൽ കയററി ഒരു ഉപകാരം ചെയ്യാൻ നമ്മിൽ പലരും കൂട്ടാക്കുകയില്ല. വഴിയാത്രയിലെ ഈ ഉദാഹരണം ജീവിതയാത്രയെ പൊതുവെ ബാധിക്കുന്നുണ്ടു്. അപരർക്കു് അറിഞ്ഞുകൂടാത്തതും അറിഞ്ഞാൽ ഉപകാരപ്രദമായതുമായ പല വിവരങ്ങളും നമുക്കറിയാമായിരിക്കും. ആ വിവരങ്ങൾ അവരറിയുന്നതുകൊണ്ടു് യാതൊരു ദൂഷ്യവും നമുക്കു നേരിടുകയുമില്ല. എന്നാലും അവർക്കു് അതു പറഞ്ഞുകൊടുക്കുന്നതു് നമ്മിൽ പലർക്കും അത്ര ഹിതകരമായ സംഗതിയല്ല. നാം വരുത്തുന്ന പത്രം നമ്മുടെ ഉപയോഗത്തിനു് യാതൊരു പ്രതിബന്ധവും കൂടാതെ പാവപ്പെട്ട ഒരയൽവാസി വന്നു വായിക്കുന്നതുകൊണ്ടു യാതൊരു നഷ്ടവും നമുക്കുണ്ടാകുന്നില്ല. പക്ഷെ, നമ്മിൽ മിക്കവരും അത്ര ഇഷ്ടപ്പെടുന്ന ഒരു കാര്യമല്ലാ, അതു്. പ്രയത്നിക്കാൻ കഴിവില്ലാത്ത നിരാശ്രയരെ ആരോഗ്യമുള്ള തൊഴിലാളികൾക്കു്, സ്വന്തം ജോലിക്കു വിഘ്നം കൂടാതെ, ശരീരംകൊണ്ടു സഹായിക്കാവുന്ന സന്ദർഭങ്ങൾ നിരവധിയാണു്. ഇങ്ങനെ ഉദാഹരണങ്ങൾ വളരെയുണ്ടു്. സ്വന്തമാവശ്യങ്ങൾക്കു അശേഷം കോട്ടംതട്ടാതെ പരോപകാരപ്രദമായ എന്തെങ്കിലും പ്രവൃത്തിചെയ്യുന്നതിനു് നമുക്കു് ഓരോരുത്തർക്കുമുള്ള കഴിവുകൾ നാം മുഴുവൻ പ്രയോഗിച്ചിരുന്നെങ്കിൽ നമ്മുടെ ചുററും ഇത്രയും അജ്ഞതയും ദാരിദ്ര്യവും രോഗവും ഉണ്ടാവുകയില്ലായിരുന്നു. ബുദ്ധിപരവും മാനസികവും ശാരീരികവുമായ എന്തുമാത്രം കഴിവുകളാണു്, ലോകത്തിൽ പാഴായി പൊയ്ക്കൊണ്ടിരിക്കുന്നതു്. ഈ കഴിവുകൾ സംഘടിപ്പിച്ചു് മനുഷ്യോദ്ധാരണത്തിനുവേണ്ടി വിനിയോഗിക്കുന്നതു് എത്രയോ മഹത്തായ സേവനമാണു്.

പണംകൊണ്ടും സ്വത്തുകൊണ്ടും സഹായിക്കാൻ എല്ലാവർക്കും സാധിച്ചു എന്നു വരികയില്ല. ആർക്കും സാധിക്കുന്ന സേവനമാണു് വാക്കുകൊണ്ടുള്ളതു്. പണമല്ല, അനുഭാവമാണു് പലയിടത്തുമാവശ്യം. അനുഭാവം നൽകുന്ന സംതൃപ്തി പണം നൽകുകയില്ല. അവജ്ഞാപൂർവ്വകമോ ഉദാസീനമോ ആയ ധനസഹായത്തെക്കാൾ അനുഭാവത്തോടുകൂടിയ വാക്കാണു് സന്തോഷകരം. സഹതപിക്കുവാനാളുകളുണ്ടെന്നു കാണുന്നതിൽപരമൊരാശ്വാസം ദുഃഖിതനില്ല. അന്യൻ തന്നെനോക്കി ചിരിക്കുന്നതാണു്, കരയുന്നവനു ഏററം വേദനാജനകം. സഹാനുഭൂതിയാണു സേവനത്തിന്റെ ചേതന. പണക്കാരനു പററാത്ത സേവനം പാവപ്പെട്ടവനു കഴിഞ്ഞു എന്നുവരാം. സ്വത്തിന്റെ വലുപ്പമല്ല, ഹൃദയത്തിന്റെ വിശാലതയാണു സേവനത്തിനാവശ്യം.

മൗലികമായ ചില വസ്തുതകൾ അവസാനമായി വ്യക്തമാക്കിക്കൊള്ളട്ടെ. ത്യാഗം സ്നേഹത്തിൽനിന്നാണു ജനിക്കുന്നതെങ്കിൽ സ്നേഹം സാഹോദര്യത്തിൽനിന്നാണു്. സാഹോദര്യമാകട്ടെ, പൊതുപിതൃത്വത്തിലധിഷ്ഠിതമായിരിക്കുന്നു. സൃഷ്ടികളുടെ പൊതുപിതാവാണു് ദൈവം. സാഹോദര്യവും സ്നേഹവും ത്യാഗവും ഒരു ശൃംഖലയുടെ കണ്ണികളാണു്. ആ ശൃംഖല പൊതുപിതാവായ ദൈവത്തിൽ കൊളുത്തപ്പെട്ടിരിക്കുന്നു. മനുഷ്യനെ സ്നേഹിക്കാത്തവൻ ദൈവത്തെ ദ്വേഷിക്കുന്നു. മനുഷ്യനെ സേവിക്കുന്നവൻ ദൈവത്തെയാണു സേവിക്കുന്നതു്. മനുഷ്യസേവനം ചെയ്യുന്നവൻ മനുഷ്യജന്മത്തിന്റെ പരമോന്നതമായ ധർമ്മമാണു നിർവ്വഹിക്കുന്നതു്. യഥാർത്ഥമായ ഈശ്വരബോധത്തിൽനിന്നു മാത്രമേ, സാഹോദര്യവും സ്നേഹവും ത്യാഗവും പുറപ്പെടുകയുള്ളു. അസൂയയും അഹങ്കാരവും വിദ്വേഷവും സ്വാർത്ഥതയും ഇന്നു തഴച്ചുവരുന്നുണ്ടു്. ഭൗതികത്വമാണിതിനു വളമിടുന്നതു്. സാഹോദര്യവും സ്നേഹവും സേവനവും വളരണമെങ്കിൽ ഭൗതികചിന്താഗതികളെ നശിപ്പിച്ചേ മതിയാവൂ.

—o—




## ചെറുകഥ

# എന്നിട്ടും കരയാത്തവർ

(പി. വി. ജോസ്, പട്ടണക്കാട്)

(തുടർച്ച)

കാലങ്ങൾ ഇരുണ്ടും വെളുത്തും പതിവുപോലെ നീങ്ങിക്കൊണ്ടിരുന്നു. അന്നത്തെ നവദമ്പതികൾ, അവർ ക്ഷണിക്കാതേയും ക്ഷണിക്കപ്പെടാതേയും അടുത്തു. ഹൃദയങ്ങളിലെ പൊൻകിനാവുകൾ പങ്കുവച്ചു. അനന്യസാധാരണമായ ആ അടുപ്പത്തിന്റെ നടുക്കു് ഒരു വിടവു് ആർക്കുണ്ടാക്കുവാൻ സാധിക്കും?

ചാക്കോച്ചൻ കിടക്കുന്ന കട്ടിലിന്റെ കാലുകൾ ഇളകിത്തുടങ്ങി. ഹൃദയം ഒരു തുലാസിന്റെ പ്രതീതി. ശ്വാസംവലിക്കുമ്പോൾ അതു താഴുകയും പൊങ്ങുകയും ചെയ്യുന്നു. തൂക്കവ്യത്യാസങ്ങൾ.

പ്രായത്തിന്റെ മരിച്ച ഭാരവും ചുമന്നുകൊണ്ടു് ജീവിതത്തോടു അന്ത്യയാത്രയും ചൊല്ലി കിടക്കുന്ന ആ തടിക്കാരൻ നെഞ്ചത്തു കൈവച്ചമർത്തിക്കൊണ്ടു് മകളെ വിളിച്ചു: "ത്രേസ്യാമ്മേ..."

അവൾ ഓടിവന്നു. "അവൻ എവിടെ,...?"

"ആരാപ്പച്ചാ?"

"അവൻ....മത്തച്ചൻ ... ...?"

"അപ്പുറത്തുണ്ടു്."

"ഇങ്ങോട്ടൊന്നു വിളിച്ചേ."

അവൾ അപ്പുറത്തേക്കു ചെന്നു. "ദേ, ഇങ്ങോട്ടൊന്നു വരുന്നേ. അപ്പച്ചൻ വിളിക്കുന്നു."

"ഓ, എന്തിനാ, മരിക്കാൻ പോണ മനുഷ്യന്റെ വർത്തമാനം കേൾക്കാൻ......"

മരണം!—മരണം അവനൊരു നിസ്സാരമാണു്. ഭീകരമരണം; കൂട്ടമരണം; വിറകൊള്ളിക്കുന്ന മുദ്രാവാക്യം; പടകൾ മുന്നേറുന്നു; നിയമം പരക്കുന്നു; എന്നിട്ടും മുന്നോട്ടു്. കമിഴ്ന്നുവീഴുന്നവർ മരിച്ചില്ലെന്നു്. മാലപ്പടക്കം! അതൊക്കെ കേൾക്കും, വിപ്ലവമല്ലേ ഹൃദയത്തിൽ! അങ്ങനെ അങ്ങനെ നൂറുനൂറു മരണസംഭവങ്ങൾ അവൻ കണ്ടിട്ടുണ്ടു്. നിണംനാറുന്ന അന്തരീക്ഷത്തിൽ അവൻ ഒററയ്ക്കുകിടന്നുറങ്ങിയിട്ടുണ്ടു്. നിണം... ചുടുനിണം....മണം... ചുടുള്ളമണം. എത്രയെത്ര. "ഓ, ആ മനുഷ്യൻ മരിക്കുകയാണു്."

ത്രേസ്യാമ്മയുടെ കണ്ണുകൾ നിറഞ്ഞു. തന്റെ പിതാവു് ആറടി മണ്ണിന്റെ കുഴിയിലേക്കു കാലും നീട്ടി യാത്രയുംചൊല്ലി കിടക്കുന്നു. ദയവില്ലാത്ത ഹൃദയം. ഓ, ഇതൊന്നും ആ കലാകാരന്റെ—സാഹിത്യകാരന്റെ—ഹൃദയത്തെ അലിയിപ്പിക്കുകയില്ല. ഇതിലും വലുതു കണ്ടിട്ടുള്ള കണ്ണുകളല്ലേ അതു "മടലൻകണ്ണട"യ്ക്കടിയിലെ കുഴിഞ്ഞ കണ്ണുകൾ!

എങ്കിലും അവൾ കണ്ണീരോടുകൂടി അവനെ വിളിച്ചു: "അതെ അദ്ദേഹം പോവുകയാണു്. നിങ്ങളെ കാണണമെന്നു പറഞ്ഞു. അവസാനവാക്കുകൾ എന്തായിരിക്കാം. വരൂ. ഒരു കലാഹൃദയം കാംക്ഷിക്കുന്ന സൗന്ദര്യം ഹൃദയത്തിന്റേതെങ്കിൽ ആ ഹൃദയത്തോടെ ഞാൻ അങ്ങയെ ക്ഷണിക്കുന്നു. വരൂ."

യാന്ത്രികമായി അയാൾ ആ കട്ടിലിനരികിൽ ചെന്നു. അധികതാമസമില്ല. ആ വരണ്ട ചുണ്ടുകൾ ത്രേസ്യാമ്മ നനച്ചു.

"മാത്ത...ച്ചാ...എന്റെ ഓമന ...മകൾ...ത്രേ..." ആ വാക്കുകൾ മുഴമിച്ചില്ല. കണ്ണുകൾ കവിഞ്ഞൊഴുകി. മലമുകളിൽനിന്നു് ഊററംകൊള്ളുന്ന രണ്ടു ചെറുനദികൾ!!




ആ ഓമനത്തമുള്ള വാക്കുകൾ ത്രേസ്യാമ്മയുടെ ഹൃദയത്തിൽ ചില ചിററോളങ്ങൾതന്നെ നിർമ്മിച്ചു, സ്മരണകൾ. അതിന്റെ മണിമന്ദിരത്തിൽ. ആ മണിനാദം അതിന്റെ രാഗവീചിമാലമായ തരംഗങ്ങൾ കടലിനു ചുററും ചിതറിച്ചിതറി ധ്വനിക്കുന്നു, മുഴങ്ങുന്നു.

വേദനിക്കരുതെന്നു ആശിച്ചെങ്കിലും പലപ്പോഴും മനം നോവുകയാണു്. മനഃപൂർവ്വമല്ലായിരുന്നു. എങ്ങനേയോ വേദനിച്ചുപോയി. അടക്കിയൊതുക്കിയാലും കെട്ടിനില്ക്കുവാൻ വയ്യാത്തവിധം കണ്ണിൽ "മലവെള്ളം" പെരുകിയപ്പോൾ തനിയേ പൊട്ടിപ്പോയി. അതൊഴുകി. അവൾ കരയുവാൻ കൊതിച്ചില്ല. പക്ഷേ...

"....മാത്തച്ചാ..." ആ കൈകൾ പൊങ്ങി. മാത്യൂ കട്ടിലിൽ ഇരുന്നു.

ചുററും വേണ്ടപ്പെട്ടവർ ഒക്കെയുണ്ടു്. "...ത്രേസ്യാമ്മേ..നിങ്ങൾ...സമാധാന...മായി..." ആ ചുണ്ടുകൾ, വരണ്ട നാക്കുനീട്ടി നനച്ചു. ത്രേസ്യാമ്മ അല്പം വെള്ളം ഒഴിച്ചുകൊടുത്തു.

അടുത്തിരുന്ന കുരിശുരൂപത്തെ ആ കുഴിഞ്ഞ കണ്ണുകൾ തിരിഞ്ഞൊന്നുനോക്കി. ആ നോട്ടം മാത്യൂ മനസ്സിലാക്കി. അയാൾ കൈനീട്ടി മേശപ്പുറത്തുനിന്നും അതെടുത്തു. ആ മരവിച്ച കൈകൾ അതുവാങ്ങി. സ്നേഹത്തിന്റെ

(ശേഷം 11-ാംപേജിൽ)

# ഒരദ്ധ്യായം കഴിഞ്ഞു

(വറുഗീസ് എബ്രാഹം)

"പുനരൈക്യചരിത്രത്തിലെ ഒരദ്ധ്യായം അവസാനിച്ചു; പുതിയൊരദ്ധ്യായം ആരംഭിച്ചിരിക്കുന്നു, ഇത്ര മഹത്തായ ഈ പ്രസ്ഥാനത്തിന്റെ അത്ഭുതകരമായ വളർച്ചയ്ക്കു് അനുകൂലമായ—അർഹമായ—ഒരുവില അവശ്യമായിരുന്നു. നി. വ. ദി. ശ്രീ മാർ തെയോഫിലോസ് തിരുമേനി നിരന്തരവും സുദീർഘവുമായ ഇരുപതിൽപ്പരം വർഷത്തെ ക്ലേശാനുഭവങ്ങളാൽ ആ വില ദൈവസമക്ഷം കൊടുത്തുതീർത്തു."

നിർഭാഗ്യകരമായ പിളർപ്പിനു ശേഷം നിരവധി മക്കൾ — ഭക്താഭിമാനികൾ — അശ്രാന്തം പരിശ്രമിച്ചു കേരളസഭയുടെ ഐക്യത്തിനായി. അനുസ്യൂതം മൂന്നൂറുവർഷങ്ങളോളം പലരും ശ്രമിച്ചതായി ചരിത്രം സാക്ഷ്യം നൽകുന്നു. വലിയ മാർ ദീവന്നാസിയോസു് തിരുമേനിയുടെ കാലത്തു് തത്തംപള്ളി പടിയോല പ്രകാരം മാത്തുത്തരകന്റെ പരിശ്രമം ഫലപ്രദമായി എന്നു് എല്ലാവരും ഓർത്തുപോയി. കണ്ടനാട്ടു് തിരുമേനിമാരുടെ ശ്രമം വിസ്മരിക്കാവതല്ല. വട്ടശ്ശേരിൽ തിരുമേനിയും ഇപ്പോഴത്തെ കാതോലിക്കാതിരുമേനിയും പ്രകാരാന്തരേണ പരിശ്രമിച്ചു. പക്ഷെ പുനരൈക്യത്തെ ഒരു ചരിത്രവസ്തുതയാക്കാൻ ഭാഗ്യംലഭിച്ചതു് മാർ ഈവാനിയോസു് തിരുമേനിക്കായിരുന്നു. അദ്ദേഹത്തോടൊപ്പം മാർ തിയോഫിലോസു് തിരുമേനിക്കും. തന്ത്രഹീനവും സ്വാർത്ഥരഹിതവുമായ അവരുടെ പരിശ്രമം ഫലമണിഞ്ഞു. നിഷ്കളങ്കമായ അവരുടെ പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകാര്യമായി. മട്ടാഞ്ചേരിയിൽ കുരുക്കവിണ്ണു കൊല്ലത്തുവച്ചു അഴിച്ചുമാററി ഇരുപത്തയ്യായിരംപേരു ചേർന്നു കെട്ടിയതു് അഞ്ചുപേരുചേർന്നു അഴിച്ചുകററി. സുമോഹനമായ താരും തളിരുമണിഞ്ഞു് ഫലലേസങ്കുലമായി പുനരൈക്യതരു കേരളകേദാരത്തിൽ പരിലസിക്കുന്നതു് ആർക്കുതന്നെ അറിഞ്ഞുകൂടാ. ആ വിലപ്പെട്ട വൃക്ഷം നട്ടുനനച്ചു വളർത്തിയ വീരപുരുഷർ എല്ലാവരും തന്നെ തിരശ്ശീലയ്ക്കപ്പുറത്തായി. അവിടെനിന്നു കേരളത്തിലങ്ങോളമിങ്ങോളം പടർന്നുപന്തലിച്ചു പൂവിട്ടു് പൂമണം പരത്തുന്ന ഈ ദിവ്യശാഖിയെ അവർ ഉററു വീക്ഷിക്കുന്നുണ്ടാവണം.

കാലംചെയ്യുന്നതിനു കുറച്ചുദിവസങ്ങൾക്കുമുമ്പു് മാർ ഈവാനിയോസ് തിരുമേനി തന്റെ അനന്തരഗാമിയെ അരികിൽവിളിച്ചു് ഇങ്ങനെ അരുളി: "എന്റെ സ്വർഗ്ഗവാസം കേരളത്തിലെ അകത്തോലിക്കരുടെ മാനസാന്തരത്തിനായി ഞാൻ വിനിയോഗിക്കും. അടുത്ത ഭാവിയിൽ പുനരൈക്യം അതിന്റെ പ്രത്യാശയെ പ്രത്യക്ഷമാക്കും. കേരളത്തിൽ വിഭിന്നചേരികളിൽ അണിനിരന്നിരിക്കുന്നവർ ഏകഇടയന്റെ കീഴിലാകയും ഭിന്നതയും കക്ഷിമത്സരവും അവസാനിക്കയുംചെയ്യും." ഇന്നു് അക്ഷരംപ്രതി തിരുമനസ്സിലെ വാക്കുകൾ നിറവേറുകയാണു്. കഴിഞ്ഞ ഒരു വർഷത്തിനകം അൻപതിൽപ്പരം പുതിയ മിഷനുകൾ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ഉൽഘാടനംചെയ്തു എന്നറിയുമ്പോഴാണു് മാർ ഈവാനിയോസു് തിരുമനസ്സിലെ പ്രവചനത്തിന്റെ മാററു നാം അറിയുന്നതു്.

അത്ഭുതകരമായ മീൻപിടുത്തം എന്നാണു് മാർ ഗ്രിഗോറിയോസു് തിരുമേനിപറയുന്നതു്. നല്ല വല ദൈവകരമില്ല—പണവും വൈദികരും ആവശ്യത്തിനു തികയുന്നില്ല—ഉണ്ടായിരുന്നെങ്കിൽ ആസന്നഭാവിയിൽ കേരളം മുഴുവനും കത്തോലിക്കമായേനെ.

ഒരു പുരുഷായുസ്സിൽ ചെയ്തുതീർക്കാൻപാടില്ലാത്ത അനേകം കാര്യങ്ങൾ ഭംഗിയായിചെയ്തു് നിറഞ്ഞ ചാരിതാർത്ഥ്യത്തോടെയാണു് മാർ ഈവാനിയോസു് തിരുമേനി കടന്നുപോയതു്.



മാർ ഈവാനിയോസ് തിരുമേനിയുടെ ചരമത്തിന്റെ മൂന്നാം വാർഷികം (ജൂലൈ 15)

യാക്കോബായസഭയുടെ ആധുനികചരിത്രത്തിൽ മായാത്ത പല രേഖകളും അവിടുന്നു വിഴ്ത്തി. വട്ടിപ്പണക്കേസുകൾ, സമരിക്കേസ്, അപ്പീൽക്കേസുകൾ, കാതോലിക്കാസ്ഥാപനം, ബഥനിയുടെ പ്രാരംഭം തുടങ്ങി അനേകകാര്യങ്ങളെല്ലാം ചെയ്തിട്ടും അവിടെയൊരു പ്രയോജനം കാണാനില്ല. 1919-ൽ അവിടുന്നു ബഥനി പെരുനാട്ടിൽ സ്ഥാപിച്ചു. 1925-ൽ അതിന്റെ മെത്രാനായി. 1929 ലെ ഓർത്തഡോക്സ് മെത്രാന്മാരുടെ സുനഹദോസു് നിശ്ചയമനുസരിച്ചു് പുനരൈക്യശ്രമത്തിനു മുമ്പോട്ടുവന്നു. 1930-ൽ പുനരൈക്യം യാഥാർത്ഥ്യമായി. 1932-ൽ ഹൈരാർക്കി സ്ഥാപിക്കപ്പെട്ടു. അതേവർഷം അവിടുന്നു റോമിലേക്കുപോയി പതിനൊന്നാം പീയൂസ് തിരുമേനിയിൽനിന്നു പാലിയംസ്വീകരിച്ചു. 1948-ൽ അമേരിക്കയിലേക്കുപോയി. ഒട്ടാവ ദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിച്ചു. ആലോകപര്യടനം പൂർത്തിയാക്കി. സാൻഫ്രാൻസിസ്കോയിലെ കാലിഫോർണിയാ സർവ്വകലാശാല എൽ. എൽ. ഡി. ബിരുദം നൽകി അവിടുത്തെ ബഹുമാനിച്ചു 8640 മൈൽദൂരം 50 മണിക്കൂർകൊണ്ടു് ആകാശത്തുകൂടെ പറന്നു, തിരുവനന്തപുരത്തുനിന്നു അമേരിക്കയിലേക്കു്. അഹോ, മഹാ ധീരത! 1953-ൽ അനന്തരഗാമിയെ വാഴിച്ചു അതേവർഷം ജൂലൈ 15-ാംനു നിത്യസമ്മാനത്തിനായി യാത്രതിരിച്ചു. സംഭവബഹുലമായിരുന്നു അവിടുത്തെ ജീവിതം. ആരുടേയും ശ്രദ്ധയെ ആകർഷിക്കാൻ പോരുന്നതായിരുന്നു അവിടുത്തെ ജീവിതം. ചരിത്രത്തിന്റെ ഗതി മാററിമറിച്ചതായിരുന്നു ആ ജീവിതം. ഈ ജൂലൈമാസം 15-ാം തിയതി അവിടുത്തെ ദേഹവിയോഗത്തിന്റെ മൂന്നാംവാർഷികമാണു്. ആർക്കാണു് ആ ദിനം മറക്കാൻ കഴിയുക!!

ക്നാനായ യാക്കോബായസഭയുടെ ഏകമെത്രാപ്പോലീത്താ ആയിരുന്ന ദിവ്യശ്രീ തോമസ് മാർ ദീയസ്കോറോസ് 1943 ഫെബ്രുവരിയിലും, തിരുവല്ലാരൂപതയുടെ മെത്രാനായിരുന്ന മാർ സേവേറിയോസ് തിരുമേനി 1955 ജനുവരിയിലും, തിരുവല്ലായുടെ സ്ഥാനമൊഴിഞ്ഞ പ്രഥമമെത്രാൻ മാർ തിയോഫിലോസ് തിരുമേനി 1956 ജൂൺ 27-ാം തിയതിയും കാലംചെയ്തതോടെ പുനരൈക്യപ്രസ്ഥാനചരിത്രത്തിലെ അതിപ്രധാനമായ അദ്ധ്യായം സമാപിച്ചിരിക്കുകയാണു്. മഹാനായ മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ സമാരംഭിക്കപ്പെട്ട ഈ പുനരൈക്യചരിത്രം ഭാസുരമായ നിരവധി അദ്ധ്യായങ്ങൾ എഴുതിച്ചേർത്തു് കേരളസഭയുടെ ഐക്യത്തെ പരിപൂർണ്ണമാക്കട്ടെ എന്നു നമുക്കു ദൈവത്തെ പ്രാർത്ഥിക്കാം.

# തിരുഹൃദയഭക്തിയെപ്പററിയുള്ള മാർപ്പാപ്പാ തിരുമനസ്സിലെ ചാക്രികലേഖനം

(പരിഭാഷകൻ:- ഫാദർ സീലാസ് സി. ഡി., തേവര)

(തുടർച്ച)

## സഭാപിതാക്കന്മാരുടെ സിദ്ധാന്തം

വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾക്കു സാക്ഷ്യം നൽകുന്ന വിശുദ്ധ പിതാക്കന്മാരും വി. പൗലോസിനെ പിൻതാങ്ങുന്നുണ്ടു്. മനുഷ്യാവതാരവും രക്ഷാകർമ്മവും ദൈവസ്നേഹത്തിൽനിന്നു് ഉയിരെടുക്കുകയും അതിന്റെ പാരമ്യത്തിലെത്തുകയും ചെയ്യുന്നുവെന്നു അവരും ഏററുപറയുന്നു. ഈശോ സമഗ്രമായ മനുഷ്യസ്വഭാവവും സഹനവിധേയമായ ശരീരവും സ്വീകരിക്കുകയുണ്ടായതു് നമ്മുടെ നിത്യരക്ഷ സാധിക്കുന്നതിനും തന്റെ അനന്തവും അതേസമയം മാനുഷികവുമായ സ്നേഹം പ്രസ്പഷ്ടമാക്കുന്നതിനും വേണ്ടിയാണെന്നു അവർ ഉന്നിപ്പറയുന്നുണ്ടു്.

## പൗരസ്ത്യ സഭാപിതാക്കന്മാർ

വി. പൗലോസിന്റെ പ്രതിദ്ധ്വനിയെന്നോണം വി. ജസ്റ്റിൻ ഇങ്ങനെ എഴുതിയിരിക്കുന്നു: "അവാച്യനായ ദൈവപിതാവിൽനിന്നു് ജനിക്കുന്ന വചനത്തെ നമുക്കു സ്നേഹിച്ചാരാധിക്കാം. അവിടുന്നു മനുഷ്യനായിത്തീർന്നതു് നമ്മുടെ മാനുഷികവികാരങ്ങൾ വഴിയായിത്തന്നെ അവയ്ക്കു പരിഹാരം കണ്ടുപിടിക്കുന്നതിനു വേണ്ടിയാണു്." (Apol 2, 13) കപ്പദോഷിയൻ പിതാക്കന്മാരിൽ പ്രഥമനായ വി. ബെയ്സിലും മിശിഹായുടെ വികാരങ്ങൾ യഥാർത്ഥവും അതേസമയം വിശുദ്ധവുമാണെന്നു പറയുന്നുണ്ടു്. "സാങ്കല്പികമല്ലാത്തതും യഥാർത്ഥവുമായ മനുഷ്യാവതാരത്തിനു തെളിവായി കർത്താവിനു് മനുഷ്യസഹജമായ വികാരങ്ങളും ഉണ്ടായിരുന്നു. എന്നാൽ നമ്മുടെ ജീവിതവിശുദ്ധിയെ കെടുത്തിക്കളയുന്ന ദുർവികാരങ്ങൾ ദൈവികമാഹാത്മ്യത്തിനയോഗ്യമായതുകൊണ്ടു അവിടുന്നു സ്വീകരിച്ചില്ല." (Ep. 261, 3.) ഇപ്രകാരംതന്നെ അന്ത്യോഖ്യാസഭയുടെ ദീപമായ വി. ജോൺ ക്രിസോസ്റ്റോമും നമ്മുടെ ദിവ്യരക്ഷകന്റെ വികാരങ്ങളുടെ പ്രവർത്തനം അവിടുത്തെ മനുഷ്യസ്വഭാവത്തിന്റെ യാഥാർത്ഥ്യത്തിനു തെളിവു നൽകുന്നുവെന്നു സമർത്ഥിക്കുന്നു. തിരുസഭ മഹാമല്പാന്മാരായി വണങ്ങുന്ന പാശ്ചാത്യസഭയിലെ പിതാക്കന്മാരുടെ പഠനവും നമുക്കു പരിശോധിച്ചുനോക്കാം.

## ലത്തീൻ സഭാപിതാക്കന്മാർ

അവതരിച്ച ദൈവവചനത്തിനുണ്ടായിരുന്ന മാനുഷികവികാരങ്ങൾ അവിടുത്തെ സന്താപികയോ ജ്യതയിൽനിന്നു സ്വയം പുറപ്പെട്ടുന്നവയെന്നു വി. അമ്പ്രോസ് സാക്ഷ്യം വഹിക്കുന്നു. "അവിടുത്തേക്കു മനുഷ്യാത്മാവുള്ളതുകൊണ്ടു് ആത്മാവിന്റെ വികാരങ്ങളും അങ്ങിൽ സ്ഥിതിചെയ്യുന്നു. ദൈവത്തിനു ദൈവമെന്നനിലയിൽ സഹിക്കുവാനും മരിക്കുവാനും സാദ്ധ്യമല്ലല്ലോ." (De fide ad Gratianum II, 7. 56) മിശിഹായ്ക്കു മാനുഷികവികാരങ്ങളുണ്ടായിരുന്നതുകൊണ്ടു അവിടുന്നു സാക്ഷാൽ മനുഷ്യനായിരുന്നുവെന്നാണു് വി. ജെറോം വാദിക്കുന്നതു്. നമ്മുടെ കർത്താവു് തന്റെ മനുഷ്യസ്വഭാവത്തിന്റെ യാഥാർത്ഥ്യം വെളിപ്പെടുത്തുവാൻവേണ്ടി വാസ്തവത്തിൽ ദുഃഖിച്ചു. (cf. Super Math. 26, 37) അവതരിച്ച വചനത്തിന്റെ വികാരങ്ങൾക്കും മനുഷ്യരക്ഷയുടെ ലക്ഷ്യത്തിനും തമ്മിലുള്ള ബന്ധവിശേഷങ്ങളെപ്പററി വി. അഗസ്റ്റിൻ പ്രത്യേകമായി പഠനം നടത്തുന്നു. അദ്ദേഹം പറയുകയാണു്: "മാനുഷികമായ നമ്മുടെ ദുർബല വികാരങ്ങളെ, ദുർബലമായ ശരീരത്തോടും അതിനു സഹജമായ മരണത്തോടുംകൂടി ഈശോനാഥൻ സ്വീകരിച്ചതു് നിർബന്ധംകൊണ്ടല്ല, പ്രത്യുത ദയാമസൃണമായ അവിടുത്തെ സ്നേഹം ഒന്നുകൊണ്ടുമാത്രമായിരുന്നു. അങ്ങനെ ശിരസ്സായ അവിടുന്നു് സഭയാകുന്ന ശരീരത്തിനു രൂപം നൽകുവാൻ നിശ്ചയിച്ചു. വിശുദ്ധരേയും വിശ്വാസികളേയും തന്റെ മൗതികശരീരത്തിന്റെ അവയവങ്ങളാക്കിത്തീർക്കുവാൻ അവിടുന്നു ആഗ്രഹിച്ചു. അവരിലാരെങ്കിലും മനുഷ്യസഹജമായ വൈഷമ്യങ്ങളാൽ പീഡിപ്പിക്കപ്പെടുകയാണെങ്കിൽ, തന്റെ ശിരസ്സായ മിശിഹായും സഹനത്തിനു വിധേയനായി എന്നോർക്കുവാൻവേണ്ടിയാണു അവിടുന്നു ഇപ്രകാരംചെയ്തതു്. അവ പാപങ്ങളല്ല, പ്രത്യുത മാനുഷികബലഹീനതയുടെ ഒരു ലക്ഷണം മാത്രമാണെന്നു്, ഗായകസംഘം പാട്ടു പേർത്തുപാടുന്നതുപോലെ, സമശരീരം ശിരസ്സിൽനിന്നു പഠിക്കണം." (Eu-arr. in Ps. 87. 3.) വി. ജോൺ ഡമഷേനും ഈ സത്യത്തെതന്നെ സംഗ്രഹിച്ചു ഇങ്ങനെ പ്രസ്താവിക്കുന്നു: "പൂർണ്ണനായ അവിടുന്നു എന്നെ (മനുഷ്യസ്വഭാവത്തെ) പൂർണ്ണമായി സ്വീകരിച്ചു. പൂർണ്ണനായ അവിടുന്നു അങ്ങനെ മനുഷ്യരാശിക്കാസകലം രക്ഷ പ്രദാനം ചെയ്തു. അപൂർണ്ണതയെ അവിടുന്നു ഏറെറടുത്തില്ലായിരുന്നുവെങ്കിൽ അതു സുഖപ്പെടുത്തുവാനും അവിടുത്തേക്കു സാദ്ധ്യമാകുമായിരുന്നില്ല." (De Fide Ortho. 3 6.) (നമ്മുടെ സ്വഭാവം) "മുഴുവനും വിശുദ്ധീകരിക്കുവാൻ മുഴുവനും അവിടുന്നു സ്വീകരിച്ചു." (ibi. 3.20)

## ദൈവശാസ്ത്രം വിശദീകരിക്കുന്നു

വി. ഗ്രന്ഥവും പിതാക്കന്മാരും മേലുദ്ധരിച്ചപോലെ—ഇനിയും നിരവധി വാക്യങ്ങൾ ഉദ്ധരിക്കുവാൻസാധിക്കുന്നതാണു്—ഈശോമിശിഹായ്ക്കു മാനുഷികമായ വികാരങ്ങളുണ്ടായിരുന്നെന്നും അവിടുന്നു മനുഷ്യനായതു നമ്മെ രക്ഷിക്കുന്നതിനാണെന്നും സ്പഷ്ടമായി സാക്ഷ്യം വഹിക്കുന്നുണ്ടെങ്കിലും അവിടുത്തെ മാനസികവികാരങ്ങളെ തന്റെ മാംസളമായ ഹൃദയത്തോടു ബന്ധിച്ചു പ്രതിപാദിക്കുന്നതായോ അതു അവിടുത്തെ അനന്തസ്നേഹത്തിന്റെ പ്രതീകമായി പ്രത്യക്ഷത്തിൽ വ്യവഹരിക്കുന്നതായോ നമുക്കു കാണാൻ സാധിക്കയില്ല. സുവിശേഷകന്മാരും മററു പുതിയ നിയമഗ്രന്ഥകാരന്മാരും ദിവ്യരക്ഷകന്റെ സജീവവും വികാരതരളിതവുമായ ഹൃദയം വിവിധവികാരങ്ങളുടെയും മനോഭാവങ്ങളുടെയും ദിവ്യവും മാനുഷികവുമായ സ്നേഹത്തിന്റെയും പ്രതിരൂപമായി തുടിക്കുകയും ജ്വലിക്കുകയും ചെയ്യുന്നുവെന്നു് പ്രത്യക്ഷത്തിൽ പറയുന്നില്ല. എന്നിരുന്നാലും അവിടുത്തെ ദിവ്യസ്നേഹത്തെപ്പററിയും തൽഫലമായുണ്ടാകുന്ന ഹൃദയവികാരങ്ങളെപ്പററിയും പലപ്പോഴും പ്രസ്താവിച്ചുകാണുന്നുണ്ടു്. അങ്ങനെ ആഗ്രഹം, സന്തോഷം, മനോവേദന, ഭയം, നീരസം എന്നി വികാരങ്ങൾ ഈശോയുടെ സംസാരത്തിലും പ്രവൃത്തിയിലും പ്രത്യക്ഷപ്പെടുന്നു. സമാരാധ്യനായ നമ്മുടെ രക്ഷകന്റെ മുഖം തന്റെ ഹൃദയത്തെ പലവിധത്തിൽ സ്പർശിച്ചു വിവിധമനോഭാവങ്ങളുടെ സജീവമായ ഒരു കണ്ണാടിയായിരുന്നു. ഈ വികാരങ്ങൾ കര ഞ്ഞുടിച്ചു തിരികെപ്പോകുന്ന തിരമാലകളെന്നപോലെ അവിടുത്തെ പരിശുദ്ധഹൃദയത്തിൽ വീണ്ടും അലതല്ലുകയും ചെയ്തിരുന്നു. അനുഭവങ്ങൾ കൺമുമ്പാകെ വെച്ചുകൊണ്ടു് മനുഷ്യസ്വഭാവത്തെപ്പററി വി. തോമസ് അക്വിനാസു് പ്രസ്താവിച്ചിരിക്കുന്നതു് ഇവിടെ സ്മരണീയമാണു് "നിരസമനോഭാവം പലപ്പോഴും ബാഹ്യമായ അവയവങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ടു്. നമ്മുടെ ഹൃദയവുമായി ബന്ധപ്പെട്ട ചില അവയവങ്ങളിൽ ഉദാഹരണമായി കണ്ണുകളിലും മുഖത്തും നാവിലും അതു പ്രത്യേകം കാണുവാൻ കഴിയും." (Sum. Theol. I-II. 48-4)

## ഈശോയുടെ ത്രിവിധ സ്നേഹം

മേല്പറഞ്ഞ കാരണങ്ങളാൽ അവതരിച്ച ദിവ്യവചനത്തിന്റെ ഹൃദയത്തെ മൂന്നുതരം സ്നേഹങ്ങളുടെ പ്രതിച്ഛായയായി നമുക്കു ന്യായപൂർവ്വം കരുതാം. ത്രിവിധ സ്നേഹങ്ങളുമാണല്ലോ ദിവ്യരക്ഷകൻ നിത്യപിതാവിനോടും സർവ്വമനുഷ്യരോടും നിരന്തരമായി പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ഒന്നാമതായി പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഒരുമിച്ചു അവിടുന്നു നമ്മോടു പ്രദർശിപ്പിക്കുന്ന ദിവ്യസ്നേഹത്തിന്റെ ചിഹ്നമാണു അവിടുത്തെ ഹൃദയം. ഈ സ്നേഹം മനുഷ്യനായ നിത്യവചനം സ്വീകരിച്ച മാംസളവും മാനുഷികവുമായ ശരീരംമുഖേന നാം അനുഭവിച്ചറിയുന്നു. "ദൈവസ്വഭാവത്തിന്റെ സർവ്വപൂർണ്ണതയും അവിടുത്തെ ശരീരത്തിൽ അധിവസിക്കുന്നു." Col. 2 9. രണ്ടാമതായി അവിടുത്തെ മനുഷ്യമനസ്സിൽ കുടികൊള്ളുന്ന ഉജ്ജ്വലത്തായ സ്നേഹത്തിന്റെ പ്രതിരൂപമാണു് അവിടുത്തെ ഹൃദയം. ദൈവദർശനത്തിൽ

സെൻറ് ആൻറണിയുടെ മദ്ധ്യസ്ഥതയാലും ബ: അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദേശിച്ചകാര്യം സാധിച്ചതിനു കൃതജ്ഞത.

മിസ്സിസ്സു് തോമസ്,
എറണാകുളം

നിന്നും ദൈവപ്രസരണത്തിൽ നിന്നും മുളയെടുക്കുന്ന രണ്ടുവിധ ജ്ഞാനത്താൽ (beatified infused knowledge) നിയന്ത്രിക്കപ്പെടുകയും ഉജ്ജ്വലിക്കപ്പെടുകയും ചെയ്യുന്ന ഈ സ്നേഹം. (cf Summa Theol· III· 9· 1-3·) രണ്ടാമതായി അവിടുത്തെ ഹൃദയം വികാരമുള്ളതായ സ്നേഹത്തിനുവേണ്ടി നേരിട്ടനിലകൊള്ളുന്നു. മററു മനുഷ്യരുടെ ശരീരങ്ങളെ അതിശയിക്കുന്ന വികാരമുള്ളതയാണ് കന്യകമറിയത്തിന്റെ ഉദരത്തിൽ പരിശുദ്ധാത്മാവിയിൽനിന്നു ജന്മമെടുത്ത അവിടുത്തെ ശരീരത്തിൽ നാം ദർശിക്കുന്നതു്.

ആകയാൽ വി. ഗ്രന്ഥവും തിരുസഭയുടെ ഔദ്യോഗികപഠനവും അനുസരിച്ച് ദിവ്യരക്ഷകന്റെ ആത്മാവിൽ ഏററവും പരിപൂർണ്ണമായ ഐക്യവും ഏകാഗ്രതയുമാണ് നമുക്ക കാണുവാൻകഴിയുക. അവിടുത്തെ ദിവ്യാത്മാവ് മുൻപറഞ്ഞ ത്രിവിധസ്നേഹത്തെയും നമ്മുടെ രക്ഷാകർമ്മം സാധിക്കുവാൻ തിരിച്ചുവിട്ടു. അതിനാൽ നമ്മുടെ ദിവ്യരക്ഷകന്റെ ഹൃദയത്തെ അവിടുത്തെ സ്നേഹത്തിന്റെ ഇരിപ്പിടമായും നമ്മുടെ രക്ഷയുടെ ഉറവിടമായും സന്യായം സംവിക്ഷിക്കയും വണങ്ങുകയുംചെയ്യാം. അങ്ങനെ "നമ്മുടെ രക്ഷകനായ ദൈവത്തിന്റെ" (Tit 3, 4) ആശ്ലേഷത്തിനായി നമുക്കണയുക. അവിടുത്തെ വാക്കുകളും, പ്രവൃത്തികളും, കല്പനകളും, അത്ഭുതങ്ങളും പ്രത്യേകമായി അവിടുത്തേക്ക നമ്മോടുള്ള സ്നേഹം പ്രസ്പഷ്ടമാക്കുന്ന പ്രവൃത്തികൾ—ഉദാ: പരി. കർബാന സ്ഥാപിച്ചതു്, ദാരുണമായ പീഡകളും കുരിശുമരണവും സഹിച്ചതു്, പരിശുദ്ധയായ സ്വമാതാവിനെത്തന്നെ നമുക്ക നൽകിയതു്, നമുക്കവേണ്ടി തിരുസഭയെ സ്ഥാപിച്ചതു്, ശ്ലീഹന്മാരിലും നമ്മിലും പരിശുദ്ധാത്മാവിയെ വർഷിച്ചതു്—ഇവയെല്ലാം അവിടുത്തെ ത്രിവിധസ്നേഹത്തിന്റെ ലക്ഷ്യമായിവേണം നാം വീക്ഷിക്കുവാൻ. തന്റെ ജനനംമുതൽ സുവിശേഷവാക്യമനുസരിച്ച് "വലിയ സ്വരത്തിൽ "സർവ്വവും പരിപൂർത്തിയായി" എന്നു കരഞ്ഞു പ്രാർത്ഥിച്ച് തലചായിച്ചു ആത്മാവിനെ ദൈവത്തിനേല്പിച്ചു ഇ"വരെ (Math. 27, 50. John 19, 30) നമുക്കവേണ്ടി അവിടുത്തെ ഹൃദയം സ്പന്ദിച്ചുകൊണ്ടിരുന്ന വസ്തുതയും നമുക്ക പ്രാർത്ഥനാപൂർവ്വം ചിന്തിക്കാം. അതുകഴിഞ്ഞു് അവിടുത്തെ ഹൃദയസ്പന്ദനം മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേററതുവരെ നിന്നുപോയി. ഉത്ഥാനത്തിലാകട്ടെ, മഹത്വം പ്രാപിച്ച അവിടുത്തെ ശരീരം മൃത്യുഞ്ജയനായ ദിവ്യരക്ഷകന്റെ ആത്മാവുമായി യോജിക്കയും ഇനിയൊരിക്കലും നില്ക്കാത്തവിധം പ്രശാന്തഗംഭീരമായി വീണ്ടും സ്പന്ദിക്കുവാൻ ആരംഭിക്കയുംചെയ്തു. ദൈവകുമാരനെ സ്വപിതാവിനോടും താൻ ആരുടെ മതികശിരസ്സായി നിലകൊള്ളുന്നുവോ ആ സഭയുടെ അംഗങ്ങളോടും സംയോജിപ്പിക്കുന്ന ത്രിവിധസ്നേഹങ്ങളെ ആ ഹൃദയം എന്നെന്നും സൂചിപ്പിക്കുന്നു.

### മനുഷ്യവർഗ്ഗത്തോടുള്ള തിരുഹൃദയത്തിന്റെ മുട്ടലസ്നേഹം

ഈ പരിചിന്തനത്തിൽനിന്നു രക്ഷാകരവും സമൃദ്ധവുമായ ഫലങ്ങൾ ലഭിക്കുവാൻവേണ്ടി നമ്മുടെ ദിവ്യരക്ഷകനായ ഈശോമിശിഹായുടെ ദിവ്യവും മാനുഷികവുമായ സ്നേഹത്തെപ്പററി നമുക്കെല്ലാം ധ്യാനപൂർവ്വം ചിന്തിച്ചുനോക്കാം. ജീവിതകാലത്തു് അവിടുത്തെ ഹൃദയം സജീവമായി പങ്കെടുത്തതും ഇപ്പോൾ പങ്കെടുക്കുന്നതും ഇനി പങ്കെടുക്കുവാനിരിക്കുന്നതുമായ ആ സ്നേഹം നമ്മുടെ ധ്യാനവിഷയമാക്കാം. സുവിശേഷത്തിന്റെ പക്ഷങ്ങളിൽനിന്നു പ്രസരിക്കുന്ന ദിവ്യപ്രകാശത്തിന്റെ വെളിച്ചത്താൽ ഉദ്ദീപ്തരായി അതിൽനിന്നു ചൈതന്യം പകർന്നെടുത്തുകൊണ്ടു് ഈ ദിവ്യഹൃദയത്തിനകത്തേക്ക നാം പ്രവേശിക്കണം. അങ്ങനെ ചെയ്താൽ വി. ശ്ലീഹായോടുകൂടെ "മിശിഹാവഴിയായി നമുക്ക കൈവന്നിരിക്കുന്ന അനുഗ്രഹസമൃദ്ധിയെ" (Ehp. 2, 7) പ്പററി ആഹ്ലാദംകൊള്ളുന്നതിനുനമുക്കുഇടയാകും.

കന്യകാമറിയം "സംഭവിക്കട്ടെ" എന്നു പറഞ്ഞമാത്രയിൽ രൂപമെടുത്ത ഈശോയുടെ ആരാധ്യമായ ഹൃദയം ദൈവസ്നേഹത്താലും മനുഷ്യസ്നേഹത്താലും സ്പന്ദനംചെയ്യുവാൻ തുടങ്ങി. വി. പൗലോസ് പറയുന്നതുപോലെ, "ഭൂമിയിലേക്ക ഇറങ്ങിവന്നുകൊണ്ടു് അവിടുന്നു പറയുകയാണ്: അങ്ങു ബലികളിലും കാഴ്ചദ്രവ്യങ്ങളിലും പ്രസാദിക്കാതെ, എനിക്കവേണ്ടി ഒരു ശരീരം ഒരുക്കിതന്നു. പാപത്തിനുവേണ്ടിയുള്ള ഹോമബലി അങ്ങേക്കിഷ്ടമായില്ല. ഇതാ, എഴുതപ്പെട്ടിരിക്കുന്നപോലെ, അങ്ങേ ഇഷ്ടം നിർവ്വഹിക്കുവാൻ ഞാൻ വരുന്നുവെന്നു ഞാൻ പറഞ്ഞു...ഒരിക്കൽമാത്രം സംഭവിച്ച മിശിഹായുടെ ശരീരാർപ്പണം വഴിയായി ദൈവേഷ്ടമനുസരിച്ച് നാം വിശുദ്ധി പ്രാപിച്ചിരിക്കുന്നു." (Heb. 10, 5—7 10)

(തുടരും)

വിമർശനപംക്തി

# അന്ധവിശ്വാസികൾ

(തുടർച്ച)

12. ലൂർദ്ദിലെ രോഗശാന്തികൾ "ചികിത്സക്കൂടാതെ താനേ ഭേദമാവുന്ന 90 ശതമാനം" കൂട്ടിയതാണെന്നും "ഏററവും വിദഗ്ദ്ധനായ വൈദ്യശാസ്ത്രജ്ഞനുപോലും അജ്ഞാതമായ ശാരീരികകാരണങ്ങളാൽ സുഖം പ്രാപിക്കുന്ന ഇനത്തിൽപെട്ടതാണെ"ന്നും യുക്തിവാദി സമർത്ഥിക്കുന്നതു് അതിന്റെ അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും മററൊരു തെളിവായിരിക്കുന്നു. ഈ അന്ധവിശ്വാസത്തെ സാധൂകരിക്കുന്നതിനു "പ്രഗത്ഭനായ ഒരു പാശ്ചാത്യഭിഷക്കി"ന്റെ അഭിപ്രായം യുക്തിവാദി ഉദ്ധരിക്കുന്നുണ്ടു്. "ഒരു ആസ്പത്രിയിലോ ഡോക്ടരുടെ അടുക്കലോ ചികിത്സയ്ക്കുചെല്ലുന്ന 90 ശതമാനം രോഗികളുടെയും രോഗങ്ങൾ യാതൊരു ചികിത്സയുംകൂടാതെ താനേതന്നെ ഭേദപ്പെടുന്ന തരമാണെ"ന്നും, "ബാക്കിയുള്ള 10 ശതമാനത്തിൽ പകുതി 5 ശതമാനം രോഗികളെ ആരെല്ലാം എങ്ങനെയെല്ലാം ചികിത്സിച്ചാലും അവർ മരിക്കുന്ന തരം അപായകരമായ രോഗമാണവരുടേതെ"ന്നും, "ശേഷിക്കുന്ന 5 ശതമാനം രോഗികളുടെ രോഗം ഗൗരവതരമാണെങ്കിലും വിദഗ്ദ്ധവും പര്യാപ്തവുമായ ചികിത്സകൊണ്ടു രക്ഷപ്പെടാവുന്നതും അല്ലാത്തപക്ഷം അപായകരമായിത്തീരാവുന്നതുമാണെ"ന്നുമാണ് ആ ഭിഷക്കിന്റെ അഭിപ്രായം.

ലൂർദ്ദിലേക്ക തീർത്ഥയാത്രചെയ്യുന്ന രോഗികൾ, ചികിത്സകൂടാതെ താനേ ഭേദമാവുന്ന 90 ശതമാനത്തിൽപെട്ടതാണെന്നുള്ള യുക്തിവാദിയുടെ നിഗമനം വസ്തുതകൾക്കും യുക്തിക്കും എതിരായ ഒരു അന്ധവിശ്വാസമായിരിക്കുന്നു. ഏററവും വേഗം, കുറഞ്ഞചെലവിൽ, രോഗം ഭേദമായിക്കിട്ടുവാനാണ് ഒരു രോഗി എപ്പോഴും ആഗ്രഹിക്കുന്നതു്. തന്മൂലം രോഗി എപ്പോഴും ഏററവും അടുത്തുള്ള ഡോക്ടരെ ശരണം പ്രാപിക്കുന്നു. ആ ഡോക്ടരെക്കൊണ്ടു മതിയാവില്ല എന്നു ബോദ്ധ്യമായാലേ അകലെയുള്ള ഡോക്ടരുടെ അടുക്കലേക്ക പോകുകയുള്ളു. ചികിത്സ കൂടാതെ താനേതന്നെ ഭേദമാവുന്നതരത്തിൽ പെട്ടതാണെങ്കിൽ, വിദഗ്ദ്ധവും പര്യാപ്തവുമായ ചികിത്സകൊണ്ടു ഭേദമാകുന്നതരത്തിൽപെട്ടതാണെങ്കിൽ, ഏതെങ്കിലും രോഗി ദുർവ്വഹമായ യാത്രാക്ലേശങ്ങളും പണച്ചെലവുകളും സഹിച്ച് ലൂർദ്ദിലേക്ക പോകുമോ? ലൂർദ്ദിന്റെ പ്രാന്തപ്രദേശങ്ങളിലുള്ളവർ മാത്രമല്ല, ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ആളുകൾ ലൂർദ്ദിലേക്ക തീർത്ഥയാത്രചെയ്യുന്നുണ്ടു്. ഇതിലേക്ക വേണ്ടിവരുന്ന വമ്പിച്ച യാത്രച്ചെലവുകളും ക്ലേശങ്ങളും വൈദ്യസഹായം കൂടാതെതന്നെ ഭേദമാകാവുന്ന ഒരു രോഗത്തിനുവേണ്ടി ആരെങ്കിലും സഹിക്കുമോ?

ഇനി വസ്തുതകളുടെ വെളിച്ചത്തിലും യുക്തിവാദിയുടെ നിഗമനം അബദ്ധസമ്പൂർണ്ണമാണെന്നു കാണാം. ലൂർദ്ദിൽ സംഭവിക്കുന്ന രോഗശാന്തികളെല്ലാം അത്ഭുതങ്ങളായി അവിടെ രേഖപ്പെടുത്തുന്നില്ല. അനേകായിരങ്ങൾ വന്നു ലൂർദ്ദിലെ നീരുറവയിൽ കുളിക്കുന്നു; രോഗശാന്തി പ്രാപിക്കുന്നു; പോകുന്നു. എത്രപേർക്ക രോഗശാന്തി ലഭിച്ചിട്ടുണ്ടെന്നു പറയുക സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ അസാധാരണങ്ങളായ രോഗശാന്തികൾ മാത്രമേ അവിടെ രേഖപ്പെടുത്താറുള്ളു. മാനുഷികമായ ചികിത്സകൾകൊണ്ടൊന്നും ഭേദമാവുകയില്ലായെന്നു രോഗിയെ ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടരുടെ സർട്ടിഫിക്കേററു ഹാജരാക്കുന്ന രോഗികളുടെ കേസുകളാണ് അവിടെ റജിസ്റ്റർ ചെയ്യുന്നതു്. ഇതാണു വസ്തുത. ഇതിൽനിന്നു ലൂർദ്ദിലെ അത്ഭുതരോഗശാന്തികൾ താനേതന്നെ ഭേദമാവുന്ന 90 ശതമാനത്തിലോ ചികിത്സിച്ചാൽ ഭേദമാവുന്ന 5ശതമാനത്തിലോ പെട്ടതല്ലെന്നും പ്രത്യുത "ആരെല്ലാം എങ്ങനെയെല്ലാം ചികിത്സിച്ചാലും, മരിക്കുന്നതരം അപായകരമായ രോഗമുള്ള" 5 ശതമാനത്തിൽപെട്ടതാണെന്നും സ്പഷ്ടമാണല്ലോ. പക്ഷെ വസ്തുതകളുടെ മുൻപിൽ കണ്ണടച്ചുകൊണ്ടു യുക്തിവാദി സഹജമായ അന്ധവിശ്വാസത്തിൽതന്നെ കഴിഞ്ഞുകൂടുന്നു.

13. ആരെല്ലാം എങ്ങനെയായല്ലാം ചികിത്സിച്ചാലും മരിക്കുന്ന തരം അപായകരമായ രോഗമുള്ള ചിലർ സുഖംപ്രാപിക്കുന്നുണ്ടല്ലോ അതിനു യുക്തിവാദിക്കു് ഒരു സമാധാനമുണ്ടു്. "മനുഷ്യശരീരത്തിൽ അജ്ഞാതമായി നടക്കുന്ന ചില വ്യാപാരങ്ങളെപ്പററി ഇന്നത്തെ വൈദ്യശാസ്ത്രത്തിനുപോലും പൂർണ്ണവിവരമില്ലാത്തതുമൂലമാണ"ത്രെ ആ രോഗശാന്തികൾ അത്ഭുതകരമായി തോന്നുന്നതു്. "ശരീരവ്യാപാരത്തിന്റെ നിഗൂഢതയിൽ പ്രസ്തുത രോഗശാന്തിയുടെ കാര്യകാരണബന്ധം വൈദഗ്ദ്ധ്യമുള്ള ഇന്നത്തെ വൈദ്യലോകത്തിനുപോലും അജ്ഞാതമായിരിക്കുന്നു" വെന്നാണ് യുക്തിവാദി പറയുന്നതു്. അതുകൊണ്ടു് ലൂർദ്ദിൽനടക്കുന്ന അത്ഭുതരോഗശാന്തികൾ "അജ്ഞാതമായ ശാരീരികകാരണങ്ങളാൽ സുഖംപ്രാപിക്കുന്ന ഇനത്തിൽ പെട്ടതാണ്" എന്നു അനുമാനിക്കുകയും ചെയ്യുന്നു. ഇതു് യുക്തിക്കും സുബോധത്തിനും ചേരാത്ത ഒരു അനുമാനമായിരിക്കുന്നു. കാരണം അജ്ഞാതമായ ശാരീരികകാരണങ്ങളാലാണ് രോഗശാന്തി ഉണ്ടാകുന്നതെങ്കിൽ അതു് എവിടെവച്ചും സംഭവിക്കണമല്ലോ. അതിനു ലൂർദ്ദുമായി ബന്ധപ്പെടേണ്ട ആവശ്യമില്ല. ലൂർദ്ദിലെ അന്തരീക്ഷത്തിനോ, കാലാവസ്ഥയ്ക്കോ, വെള്ളത്തിനോ വൈദ്യപരമായി യാതൊരു പ്രത്യേകതയുമില്ലെന്നു ശാസ്ത്രജ്ഞന്മാർ തെളിയിച്ചുകഴിഞ്ഞിട്ടുള്ളതാണ്.


ദൈവത്തിലും ദൈവത്തിന്റെ അനന്തമായ ശക്തിയിലും വിശ്വാസമില്ലാത്ത യുക്തിവാദികൾക്കു്, ആർക്കും ഇതുവരെ മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലെങ്കിലും, ശരീരത്തിൽ അജ്ഞാതമായ ചില വ്യാപാരങ്ങൾ നടക്കുന്നുണ്ടെന്നു് വിശ്വസിക്കുവാൻ വിഷമമില്ല. ശാസ്ത്രീയമായി തെളിയിക്കപ്പെടാത്തതൊന്നും വിശ്വസിക്കാത്തവരാണ് തങ്ങളെന്നാണ് അവർ പറയാറുള്ളതു്. ഇതു് ശാസ്ത്രീയമായി തെളിയിച്ചിട്ടില്ലെങ്കിലും, ഇങ്ങനെയൊന്നുണ്ടോയെന്നുതന്നെ നിശ്ചയമില്ലെങ്കിലും, അവർ കണ്ണടച്ചുവിശ്വസിക്കുകയാണ്. എന്തിനു്? ദൈവത്തിലും ദൈവത്തിന്റെ ശക്തികളിലും അവിശ്വസിക്കുന്നതിനു്.

14 "കഴിഞ്ഞ 95 വർഷങ്ങളിൽക്കൂടി ദിവ്യങ്ങളായ രോഗശാന്തികൾ ലൂർദ്ദിലുണ്ടായതു് 51 മാത്രമാണെന്നു മാതൃഭൂമിയിലെ ലേഖനത്തിൽ പറയുന്ന"തായി യുക്തിവാദി സമർത്ഥിക്കുന്നു. മാതൃഭൂമിയിലെ വാക്യം ഇങ്ങനെയാണു്: "ലൂർദ്ദിൽ ഇതേവരെയായി 51 ദിവ്യാത്ഭുതങ്ങൾ നടന്നതായി പള്ളി രേഖപ്പെടുത്തിയിട്ടുണ്ടു്." മാതൃഭൂമിലേഖകന്റെ ഒരു വാക്യം ഉദ്ധരിക്കുന്നതിൽപോലും യുക്തിവാദി എന്തുമാത്രം കൃത്രിമം കാണിച്ചിരിക്കുന്നുവെന്നു നോക്കുക. 51 കഴിഞ്ഞുള്ള ആ "മാത്രം" മാതൃഭൂമിലേഖകൻ പറയാത്തതാണെന്നു മാത്രമല്ല, മാതൃഭൂമിലേഖകന്റെ ആശയത്തെ മനഃപൂർവ്വം തെററിദ്ധരിപ്പിക്കുന്നതിനു കരുതിക്കൂട്ടി ഉപയോഗിച്ചിട്ടുള്ളതുമാണ്. മാതൃഭൂമിലേഖകന്റെ ആശയം താഴെ ഉദ്ധരിക്കുന്ന ഭാഗത്തിൽനിന്നു വ്യക്തമാണ്.

"എല്ലാം തീർത്ഥാടകസംഘങ്ങളുടേയുംകൂടെ ഒന്നോ രണ്ടോ ഡോക്ടർമാരുണ്ടായിരിക്കും. അതതു കുടുംബവൈദ്യന്റെ സർട്ടിഫിക്കേററു് കൂടാതെ ഒരു രോഗിയേയും ലൂർദ്ദിലേക്ക കൊണ്ടുപോകുന്നതല്ല. രോഗനിലയെപ്പററി ആ സർട്ടിഫിക്കേററിൽ വിശദമായി പ്രസ്താവിച്ചിരിക്കണം. രോഗത്തിനു കുറഞ്ഞശമനം കാണുമ്പോഴേക്കും തീർത്ഥാടകസംഘത്തോടൊപ്പമുള്ള ഡോക്ടർ വിവരം വൈദ്യശാസ്ത്രഗവേഷണാലയത്തെ അറിയിക്കുന്നു. അതിനുശേഷം വൈദ്യശാസ്ത്രഗവേഷണാലയത്തിലെ ഡോക്ടർമാർ രോഗിയെ പരിശോധിക്കുകയും, രോഗത്തെപ്പററി ചർച്ചനടത്തുകയും ചെയ്യുന്നു. രോഗം ശരിക്കുണ്ടായിരുന്നോ? ശമനം കൈവന്നിട്ടുണ്ടോ? മാനസികമായ രോഗങ്ങൾ അവർ തീരെ വിട്ടുകളയുന്നു. ശാരീരികമായി പ്രത്യക്ഷഫലം കാണിക്കാത്ത രോഗശമനത്തെ അവരംഗീകരിക്കുന്നില്ല തന്നെ. ഒരു തീർപ്പിലെത്തിച്ചേരുവാൻ വയ്യാത്ത കേസുകൾ അവർ ഉപേക്ഷിക്കുന്നു. സുഖംവന്ന രോഗിയെ തദ്ദേശവൈദ്യൻ ഏകദേശം ഒരു കൊല്ലത്തോളം പരിശോധിക്കുന്നു. എക്സ്‌റേ റിപ്പോർട്ടു്, ലബോറട്ടറി റിപ്പോർട്ടു തുടങ്ങി വ്യക്തമായ തെളിവുകളെടുക്കുകയും ചെയ്യുന്നു. അതിനുശേഷം രോഗിയെ ലൂർദ്ദിലേക്കുതന്നെ മടക്കി കൊണ്ടുവന്നു വീണ്ടും പരിശോധിക്കുന്നു. ലൂർദ്ദിൽ ഇതേവരെയായി 51 ദിവ്യാത്ഭുതങ്ങൾ നടന്നതായി പള്ളി രേഖപ്പെടുത്തിയിട്ടുണ്ടു്. അപൂർണ്ണമായ തെളിവുകൾ ഹേതുവായി വൈദ്യശാസ്ത്രഗവേഷണാലയം തള്ളിക്കളഞ്ഞ അനവധി സംഭവങ്ങൾ വേറെയുമുണ്ടു്."

ഇതിൽനിന്നു യുക്തിവാദി ഈ 51 ദിവ്യശാന്തികൾ അജ്ഞാതമായ ശാരീരികകാരണങ്ങളാൽ സുഖംപ്രാപിക്കുന്ന ഇനത്തിൽ പെട്ടതാണെ"ന്നു അന്ധമായി വിശ്വസിക്കുന്നു. യുക്തിവാദിയുടെ വിശ്വാസമല്ലാതെ അതിനു വേറെ തെളിവൊന്നുമില്ല. "1909 വരെയുള്ള ആദ്യത്തെ 50 വർഷങ്ങളിൽക്കൂടി ആകെ ലൂർദ്ദിലുണ്ടായ രോഗശാന്തികൾ 4000 ആണ്" എന്നു് ഏതോ "അധികൃതചരിത്രത്തിൽ" പറഞ്ഞിട്ടുണ്ടു്. അതു് "ചികിത്സക്കൂടാതെ താനേ ഭേദമാവുന്ന 90 ശതമാന"ത്തിൽ പെട്ടതാണെന്നും വിധിക്കുന്നു. അതിനുള്ള തെളിവോ? അതിനും യുക്തിവാദിയുടെ സ്വാന്തമായ അന്ധവിശ്വാസംമാത്രമാണ് തെളിവു്.

എന്നാൽ ലൂർദ്ദിൽ യഥാർത്ഥത്തിൽ നടക്കുന്നതെന്തു്? അവിടെ നടക്കുന്ന എല്ലാ രോഗശാന്തികളേയും വൈദ്യശാസ്ത്രഗവേഷണാലയം രേഖപ്പെടുത്താറില്ലെന്നു മുൻപേ പറഞ്ഞുവല്ലോ. മാനുഷികോപാധികളാൽ രോഗശാന്തി സാദ്ധ്യമല്ലായെന്നു ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള രോഗങ്ങളെ മാത്രമേ വൈദ്യശാസ്ത്രഗവേഷണാലയം രേഖപ്പെടുത്താറുള്ളു. അങ്ങനെയുള്ള രോഗങ്ങൾ ലൂർദ്ദിൽ വച്ചു പൊടുന്നനവെ ഭേദമായാൽ വൈദ്യശാസ്ത്രഗവേഷണാലയം അതു നോട്ടംചെയ്യുകയും, ഒരു കൊല്ലത്തോളം ആ രോഗിയെ പരിക്ഷണവിധേയനാക്കുകയും, മാനുഷികമായ എന്തെങ്കിലും കാരണത്താലാണോ രോഗശാന്തിയെന്നു പഠിക്കുകയും ചെയ്യുന്നു. രോഗശമനം യഥാർത്ഥത്തിലുണ്ടായിട്ടുണ്ടെന്നും അതു മാനുഷികമായ ഉപാധികളാലല്ലെന്നും തെളിഞ്ഞാലുടനെ അതൊരു അത്ഭുതരോഗശമനമായി വൈദ്യശാസ്ത്രഗവേഷണാലയം പ്രഖ്യാപിക്കുന്നു. പക്ഷെ ഇങ്ങനെ വൈദ്യശാസ്ത്രഗവേഷണാലയം പ്രഖ്യാപിക്കുന്ന എല്ലാ രോഗശാന്തികളേയും "അത്ഭുത"ങ്ങളായി സഭ അംഗീകരിക്കുന്നില്ല. സഭ ഓരോന്നിനെപ്പററിയും അതിനു സ്വാന്തമായ രീതിയിൽ നിഷ്കൃഷ്ടാന്വേഷണം നടത്തുകയും, അത്ഭുതമെന്നു അസന്നിഗ്ദ്ധമായി തെളിയുകയും ചെയ്യുന്നതിനെ മാത്രമേ അത്ഭുതമായി പ്രഖ്യാപിക്കാറുള്ളു. ആവശ്യവും സന്ദർഭവും അനുസരിച്ചേ സഭ ഇങ്ങനെ ചെയ്യാറുള്ളു. അതുകൊണ്ടു് സഭ പ്രഖ്യാപിക്കാത്തവയൊന്നും അത്ഭുതരോഗശാന്തികളല്ലെന്നു അർത്ഥമില്ല.



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.
പി. ജെ. വർക്കി, വടക്കന്തല തോട്ടുങ്ങൽ, ആലുവാ.

ലൂർദ്ദിലെ വൈദ്യശാസ്ത്രഗവേഷണാലയത്തിൽ സേവനംചെയ്യുന്ന ഡോക്ടർമാർ കത്തോലിക്കർ മാത്രമല്ല. ഏതൊരു ഡോക്ടർക്കും ശാസ്ത്രജ്ഞനും അവിടെപ്പോയി ഈ പരീക്ഷണങ്ങളിൽ സംബന്ധിക്കാവുന്നതാണ്. അനേകം അവിശ്വാസികളും യുക്തിവാദികളും അങ്ങനെ ചെയ്തിട്ടുമുണ്ട്. സത്യസന്ധതും, മനസ്സാക്ഷിയെ ബലികഴിച്ചിട്ടില്ലാത്തവരും തങ്ങൾ കണ്ട പരമാർത്ഥങ്ങൾ ഏറ്റുപറഞ്ഞിട്ടുമുണ്ട്. നോബൽസമ്മാനാർഹനായ അലക്സിസ് കാറൽ എന്ന ഡോക്ടറുടെ അനുഭവം മാതൃഭൂമിലേഖനത്തിൽതന്നെ പ്രതിപാദിച്ചിട്ടുണ്ടല്ലോ.

## ഇടവകവാർത്തകൾ

**വളമംഗലം:** മാർത്തോമ്മാശ്ലീഹായുടെ തിരുനാളാഘോഷം സംബന്ധിച്ചുകൂടിയ പൊതുസമ്മേളനത്തിൽ റവ ഫാദർ ക്രിസ്റ്റിൻ സി ഡി അവർകൾ ആദ്ധ്യക്ഷംവഹിച്ചു. ശ്രീമതി മേരിക്കുട്ടി ഇല്ലിക്കനഴത്ത്, ശ്രീ ആന്റണി മാടംമാനത്ത് എന്നിവരുടെ പ്രസംഗങ്ങളുമുണ്ടായിരുന്നു. ബാലികമാർ "വി. കൊച്ചുത്രേസ്യായും ഉണ്ണീയിശോയും", "അവരുടെ വേർപാട്", "ജോണിയുടെ രക്താന്ത" എന്നീ പ്രഹസനങ്ങളും, ആൺകുട്ടികൾ "ഞാനും വരുന്നു" എന്ന നാടകവും തന്മയത്വത്തോടെ അഭിനയിച്ചു. തിരുനാളാഘോഷത്തോടനുബന്ധിച്ച് പരേതനായ മുൻവികാരി പറമ്പി ബ. യൗസേപ്പച്ചന്റെ ഛായാപടവും ഇടവകക്കാർ അനാച്ഛാദനം ചെയ്കയുണ്ടായി എന്നുള്ളതും പ്രസ്താവ്യമാണ്.

**കിഴക്കമ്പലം:** സെന്റ് തോമസ്ദിനം പ്രമാണിച്ച് കിഴക്കമ്പലം സെന്റ് ആന്റണീസ് സ്കൂൾഹാളിൽവച്ച് റവ ഫാദർ പോൾ ഒജ കാക്കനാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗംകൂടി. പി സി ജോണി ബി എ പ്രസംഗിച്ചു. കുട്ടികളുടെ വിനോദപ്രകടനങ്ങളുമുണ്ടായിരുന്നു.

**അരുവിത്തുറ:** രാവിലെ തിരുക്കർമ്മങ്ങൾക്കുശേഷം റാലിയും തുടർന്നു പൊതുയോഗവും നടത്തപ്പെട്ടു. റവ ഫാദർ എബ്രാഹം വലിയപറമ്പിൽ ബി എ എൽ ടി ആദ്ധ്യക്ഷംവഹിച്ചു. മെ: മത്തച്ചൻ എംകരുവിനാക്കുന്നേൽ, എ കെ മാത്യു ബി എ എന്നിവർ പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് സെന്തോമസ് മിഷൻലീഗ് അംഗങ്ങൾക്കായി ഒരു സോഷ്യലുമുണ്ടായിരുന്നു.

**കാരൂർ:** മാർത്തോമ്മാദിനം പ്രമാണിച്ച് ജൂലൈ 3-ാംനു ഉച്ചതിരിഞ്ഞ് 3 മണിക്ക് പള്ളിസ്കൂൾഹാളിൽ റവ ഫാദർ ജോർജ് ചിറമ്മൽ അവർകളുടെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. ശ്രീ ജോസഫ് മുള്ളൂംപറമ്പിൽ, മിസ് ട്രീസ്സാ കടമ്പാട്ടുപറമ്പിൽ, മിസ് മേരി പാറയ്ക്കൽ, മിസ ആഗ്നസ് തോട്ടംപ്പിള്ളി എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ കലാപരിപാടികളുമുണ്ടായിരുന്നു.

**പുന്നവേലി:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സൊഡാലിറ്റി, മിഷൻലീഗ് എന്നീ ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാൾ സംബന്ധിച്ച് ഇടവകവികാരി റവ ഫാദർ മാത്യു ചെമ്മങ്ങാളത്തിന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗംകൂടി. ജോൺ കെ തോമസ്, ഇ എ ജോൺ, എ ജെ ഏലിക്കുട്ടി, സി ടി തോമസ് എന്നിവർ പ്രസംഗിച്ചു. ബാലികാബാലന്മാരുടെ വിവിധ വിനോദപ്രകടനങ്ങളും കുട്ടികൾക്ക മധുരപലഹാരവിതരണവും നടന്നു.

**ചെങ്കൽപള്ളി:** സ്ഥലത്തെ ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ മാർത്തോമ്മാദിനം സാഘോഷം കൊണ്ടാടി. ഉച്ചകഴിഞ്ഞു കൂടിയ പൊതുസമ്മേളനത്തിൽ മി എം ടി ജോസഫ് ബി എ ബികോം, ബി എൽ ആദ്ധ്യക്ഷംവഹിച്ചു ബ്രദർ ജോസഫ് തോമസ്, മി എം കെ ജോസഫ് എന്നിവരുടെ പ്രസംഗങ്ങളും കുട്ടികളുടെ ഡാൻസുകളും നടന്നു. മിഷൻലീഗംഗങ്ങൾ ബ്രദർ എബ്രാഹം ചെരുവിൽ രചിച്ച "അപ്പച്ചും, ഞാനുമുണ്ട്" എന്ന പ്രഹസനം തന്മയത്വമായി അഭിനയിച്ചു.

**വ. പറവൂർ:** കോട്ടക്കാവു പള്ളിയിൽ സ്ഥാപിതമായിട്ടുള്ള ലീജിയൻ ഓഫ് മേരി സംഘടനയുടേയും കാച്ചരിപ്പടി, ഇരുത്തിപ്പറം എന്നീ പള്ളികളിലെ പ്രസിഡിയങ്ങളുടേയും അച്ചീയസ് സമ്മേളനം ജൂൺ 30-ാംനു നടന്നു. സമ്മേളനാനന്തരം "കപിൻ ഓഫ് വേർജിൻസ്" എന്ന പേരിൽ ഒരു ജൂനിയർ പ്രസിഡിയം ആരംഭിച്ച് പ്രവർത്തനം തുടങ്ങിയിരിക്കുന്നു. പുതിയ പ്രസിഡിയത്തിൽ 20 അംഗങ്ങളുണ്ട്.

**ചങ്ങനാശേരി:** സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന അദ്ധ്യയനമണ്ഡലം വനിതാവിഭാഗത്തിന്റെ ഉദ്ഘാടനം മൊൺ റവ ഡോക്ടർ മാത്യു കാവുകാട്ട് തിരുമേനി ജൂലൈ 1-ാംനു ഉച്ചകഴിഞ്ഞ് നാലുമണിക്ക നിർവ്വഹിച്ചു. ഉദ്ഘാടനയോഗത്തിൽ ശ്രീ മാത്യു കാവാലം ബി എ എൽ ടി പ്രസംഗിച്ചു.

അദ്ധ്യയനമണ്ഡലം വനിതാവിഭാഗം ഏതാണ്ടിലും ഒരു കന്യാകാലയത്തിന്റെ ആഭിമുഖ്യത്തിൽ നടത്തണമെന്നും ഒരിടവകയിൽ പുരുഷന്മാർക്കായിട്ടുള്ള അദ്ധ്യയനമണ്ഡലം ആരംഭിച്ചതിനുശേഷമേ വനിതാവിഭാഗം തുടങ്ങാവൂ എന്നും വനിതാവിഭാഗം സംബന്ധിച്ച് ചില പ്രത്യേകനിയമങ്ങളുണ്ട്.

**തലയോലപ്പറമ്പ്:** കാലംചെയ്ത എറണാകുളം അതിരൂപതാദ്ധ്യക്ഷൻ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ നാമധേയത്തിൽ ആരംഭിക്കുന്ന "മാർ അഗസ്റ്റിൻ മെമ്മോറിയൽ വായനശാല"യുടെ ഉൽഘാടനകർമ്മം ജൂലൈ 3-ാംനു മാർത്തോമ്മാശ്ലീഹായുടെ തിരുനാൾദിവസം രാവിലെ 8 മണിക്ക് ശ്രീ എ ജെ ജോൺ അവർകൾ നിർവ്വഹിക്കയുണ്ടായി. അനന്തരംകഴിഞ്ഞ് മൂന്നുമണിക്ക് വി. കുർബാനയുടെ വാഴ്വിനുശേഷം സ്ഥലം പാരിഷ് ഹാളിൽവച്ച് വെരി റവ ഫാദർ ആന്റണി കണ്ടത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ പബ്ലിക്ക് മീറ്റിംഗ് നടത്തുകയും ജാതിയദിനത്തിന്റെ മാഹാത്മ്യത്തെ പരാമർശിച്ച് മി പി എം കുര്യാക്കോസ് ബി എ ബി എൽ ഒരു പ്രസംഗം ചെയ്യുകയുംചെയ്തു.



കാരയ്ക്കാട്ട്
പൈലി തൊമ്മി
ആലുവാ
1956 ജൂലൈ 3-ാംതിയതി
75-ാമത്തെ വയസ്സിൽ
കർത്താവിൽ നിദ്രപ്രാപിച്ചു.
R. I. P.

## ചരമവാർത്തകൾ

**കുറവൂർ:** കൊരട്ടക്കാട്ടിടവക കുറവൂർ കൊല്ലന്നൂർ ഔസേപ്പ് അന്തോണി ജൂലൈ 3-ാംനു രാത്രി പന്ത്രണ്ടുമണിക്ക് കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം പിറ്റേദിവസം യഥാവിധി കൊരട്ടക്കാട്ടുപള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.

**ആരക്കുഴ:** ആരക്കുഴ ഇടവക ശ്രീ മണിയാട്ട് ഉലഹന്നാൻ അവർകൾ ജൂൺ 28-ാംനു 4 മണിക്ക് നിര്യാതനായി. ശവസംസ്കാരം പരേതന്റെ സഹോദരീപുത്രൻ മൊൺ റവ മോൺ: മാത്യു പോത്തനാമൂഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ അനേകം വൈദികരുടേയും ഒരു വലിയ ജനാവലിയുടേയും സാന്നിദ്ധ്യത്തിൽ 29-ാംനു ഉച്ചകഴിഞ്ഞു നടത്തപ്പെട്ടു. റവ ഫാദർ വർഗ്ഗീസ് മണിയാട്ട് അവർകൾ പരേതന്റെ പുത്രനും റവ സിസ്റ്റർ എയ്മേർഡ്, സി ലിയോ, സി അഗസ്റ്റ, ഇ യു ഏലിക്കുട്ടി ബി എ ബി ടി, എം ജെ കുര്യാക്കോസ് ബി എ, എച്ച് ഡി സി എന്നിവർ പരേതന്റെ പൗത്രന്മാരുമാണ്.

**തച്ചപ്പുഴ:** കല്ലറയ്ക്കൽ പരേതനായ ശ്രീ മത്തായി അവർകളുടെ സഹധർമ്മിണി ശ്രീമതി കത്രീനാ ജൂൺ 28-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം പിറ്റേദിവസം പരേതയുടെ സഹോദരീപുത്രൻ ഫാദർ ഫീലിപ്പ് കുന്നപ്പള്ളി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ഇളങ്ങുളം സെന്റ് മേരീസ് ദേവാലയസിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു. പരേതയ്ക്കു 85 വയസ്സ് പ്രായമുണ്ട്.

R. I. P.

## ഇൻഡ്യാ വാർത്തകൾ

—പാർലമെന്റ് പാസാക്കിയ ഹിന്ദുപിന്തുടർച്ചാവകാശബില്ലിനു പ്രസിഡന്റിന്റെ അനുമതി ലഭിക്കുകയാൽ അതു നിയമമായിരിക്കുന്നു.

—"ദി വെസ്റ്റേൺ ഷിപ്പിങ്ങ് കോർപ്പൊറേഷൻ" എന്ന പേരിൽ, 10 കോടി ക. മൂലധനത്തോടുകൂടി, ഗവർമ്മെന്റുടമയിലുള്ള ഒരു കപ്പൽക്കമ്പനി ബോംബെയിൽ രജിസ്റ്റർചെയ്തിരിക്കുന്നു.

—സ്റ്റേറ്റ് ബാങ്ക് ചെയർമൻ ഡോക്ടർ ജോൺമത്തായി, ബാങ്ക്നയം സംബന്ധിച്ച് ഗവർമ്മെന്റുമായുള്ള അഭിപ്രായവ്യത്യാസംമൂലം ചെയർമൻസ്ഥാനം രാജിവച്ചിരിക്കുന്നു.

—ബോംബെ മദ്രാസ്, കൽക്കട്ടാ ഈ സർവ്വകലാശാലകൾക്ക് വികസനപരിപാടികൾക്കായി മൂന്നു കോടി രൂപാ ഗ്രാന്റു നൽകുന്നതിനു യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ തീരുമാനിച്ചിരിക്കുന്നു.

—1958 ആദ്യം മുതൽ അളവിലും തൂക്കത്തിലും മെട്രിക്ക് സമ്പ്രദായം നടപ്പാക്കുവാൻ ഇന്ത്യാഗവമ്മെന്റു തീരുമാനിച്ചിരിക്കുന്നു.

—രാമായണത്തിന്റെ ഉറുദുഭാഷയിലുള്ള ആദ്യത്തെ വിവർത്തനം അടുത്തുതന്നെ വേദപ്രചാരസംഘത്തിൽനിന്നും പ്രസിദ്ധപ്പെടുത്തുന്നതാണ്.



For favours received
Excuse delay
A Firm believer, Aloor

—അമേരിക്കയിലെ കാത്തലിക് സൊസൈറ്റി ഇന്ത്യാഗവമ്മെന്റിന്റെ ബോംബെയിലേയും മദ്രാസിലേയും റീജനൽ ഫുഡ് കമ്മീഷണർമാരുടെ പേർക്കയച്ചിരിക്കുന്ന 3000 ടൺ പാൽപ്പൊടിയും ബട്ടർഓയിലും ബോംബെയിൽ എത്തിച്ചേർന്നിരിക്കുന്നു. ദാരിദ്ര്യപീഡിതപ്രദേശങ്ങളിൽസൗജന്യമായി വിതരണം ചെയ്യുന്നതിലേക്കാണ് ഈ സംഭാവന.

—ഐക്യരാഷ്ട്രഭക്ഷ്യകൃഷിസംഘടനയുടെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയിട്ടുള്ള അന്താരാഷ്ട്രീയ റൈസ് കമ്മീഷന്റെ 5-ാമത്തെ സമ്മേളനം നവമ്പർ 12 മുതൽ 17 വരെ തീയതികളിൽ കൽക്കട്ടായിൽവച്ചു കൂടുന്നതാണ്.

—ബോംബെ-മദ്രാസ് റൂട്ടിൽ ഇടനാഴിയോടുകൂടിയ പുതിയ എക്സ്പ്രസ്തീവണ്ടി സർവ്വീസ് ആരംഭിച്ചിരിക്കുന്നു. ഈ വണ്ടിയിൽ മൂന്നാംക്ലാസ് മാത്രമേയുള്ളു. യാത്രക്കാരുടെ സുഖസൗകര്യങ്ങളുടെ മേൽനോട്ടം വഹിക്കുവാൻ ഒരു കണ്ടക്ടർ ഉണ്ടായിരിക്കും.

—സംസ്ഥാനപുനസ്സംഘടനബില്ലിന്റെ സിലക്റ്റുകമ്മിറ്റി റിപ്പോർട്ട് ജൂലൈ 3-ാംവാരത്തിൽ പാർലമെന്റിൽ സമർപ്പിക്കുന്നതാണ്.

## തിരുകൊച്ചിവാർത്തകൾ

അഡ്വൈസർ മി. പി എസ് റാവു ജൂലൈ 13-ാംനു തൃശൂർ സന്ദർശിക്കുന്നതാണ്.

—എലക്ഷൻകമ്മീഷണർ മി. സുകുമാർസെൻ ജൂലൈ 18-ാംനു തിരുവനന്തപുരത്തെത്തുന്നതും, പൊതുതിരഞ്ഞെടുപ്പുസംബന്ധിച്ച ക്രമീകരണങ്ങളെപ്പറ്റി സംസ്ഥാനോദ്യോഗസ്ഥന്മാരുമായി ചർച്ചനടത്തിയശേഷം 20-ാംനു ബാംഗളൂർക്ക പോകുന്നതുമാണ്.

—തിരുകൊച്ചിയിലെ ഇലക്ടറൽ റോൾസിന്റെ ഡ്രാഫ്റ്റ് ജൂൺ 30-ാംനു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. എന്തെങ്കിലും ആക്ഷേപമുള്ളവർ ജൂലൈ 21-ാംനുക്ക മുൻപു റിവൈസിംഗ് അതോറിട്ടിയെ ധരിപ്പിക്കേണ്ടതാണ്.

—എറണാകുളം-കൊല്ലം റെയിൽവേയിൽ എറണാകുളത്തുനിന്നു കോട്ടയത്തേക്കും കൊല്ലത്തുനിന്നു മാവേലിക്കരയ്ക്കുമുള്ള ഭാഗങ്ങളുടെ ഉൽഘാടനം ഒക്ടോബർ 2-ാം തിയതി റെയിൽവേവകുപ്പുമന്ത്രി മി. ലാൽബഹദൂർശാസ്ത്രി നിർവ്വഹിക്കുന്നതാണ്.

—തേവര സേക്രഡ്ഹാർട്ട് കോളെജിൽ ഇക്കൊല്ലംമുതൽ ബി എ ക്കു മലയാളം ഐച്ഛികവിഷയമായിട്ടുള്ള കോഴ്സ് ഏർപ്പെടുത്തിയിരിക്കുന്നു. ആകെ 20 സീറ്റാണ് അനുവദിച്ചിരിക്കുന്നത്.

—തിരുകൊച്ചി പി സി സി പിരിച്ചുവിട്ട് ഒരു അഡ്ഹോക്ക കമ്മിറ്റി രൂപീകരിക്കുക സാദ്ധ്യമല്ലെന്നു കോൺഗ്രസ് ജനറൽ സിക്രട്ടറി മി. കെ പി മാധവൻനായർ പ്രസ്താവിച്ചിരിക്കുന്നു.

—എറണാകുളം സി വൈ എം എ യുടെ 32-ാമത്തെ വാർഷികം അഡ്വക്കേറ്റ് ജനറൽ മി. മാത്യു മുരിക്കന്റെ അദ്ധ്യക്ഷതയിൽകൊണ്ടാടിയിരിക്കുന്നു. ശ്രീ ആന്റണി ജോസഫ് ഇലഞ്ഞിക്കൽ ബി എസ്സി. തദവസരത്തിൽ ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

—നിലവിലുള്ള പഞ്ചായത്തുമെമ്പർമാരുടെ ഉദ്യോഗകാലാവധി 1957 ജൂലൈ 5-ാംനു വരെ നീട്ടിയിരിക്കുന്നു.

—അളകപ്പനഗർ പോളി ടെക്നിക് കോളേജ് ആരംഭിക്കുവാൻ ഇന്ത്യാഗവമ്മെന്റ് അനുവാദം നൽകിയിരിക്കുന്നു. ജൂലൈ 13-ാംനു ഇതിന്റെ ഉൽഘാടനം നടക്കുന്നതാണ്.

—o—



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || JULY 11, ERNAKULAM || No 45


# ദൂഷിച്ച സാഹിത്യം നിരോധിക്കണം

സാഹിത്യത്തിനു മനുഷ്യമനസ്സിന്മേലുള്ള പ്രേരണാശക്തിയെപ്പററി, പൊതുജനങ്ങൾ അത്യധികം പ്രബുദ്ധതയിൽ പുരോഗമിച്ചുകഴിഞ്ഞിട്ടുള്ള ഇക്കാലത്തു് ആരെയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഇന്ത്യയിലാണെങ്കിൽ സാക്ഷരതയ്ക്കുവേണ്ടിയുള്ള ഒരു സംഘടിതശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നതു്. കേരളം സാക്ഷരതയിൽ മുന്നണിയിൽനില്ക്കുന്ന ഒരു രാജ്യവിഭാഗവുമാണ്. ഈ മാതിരി സാഹചര്യങ്ങളിൽ നമ്മുടെ ബുദ്ധിക്കു പ്രകാശവും മനസ്സിനു ഉദാത്തയും പ്രദാനം ചെയ്തു നമ്മെ ആദർശസമ്പന്നരാക്കുന്നതിനുള്ള ശക്തിയേറിയ ഒരു ഉപാധിയാണ് സാഹിത്യമെന്നുള്ളതു ശരിതന്നെയല്ലോ. സാഹിത്യത്തിന്റെ ഇന്നത്തെ വളർച്ചയും അത്ഭുതാവഹമാണ്. അനുദിനമെന്നവണ്ണം എത്രയെത്ര ഗ്രന്ഥങ്ങളും പത്രമാസികകളുമാണ് അടിനവമായി സൂര്യപ്രകാശം കണ്ടുന്നതു്! അവയെല്ലാം ലക്ഷക്കണക്കിനു പ്രചരിച്ചു് ജനങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും ഭേദിച്ചുകൊണ്ടിരിക്കുകയുമാണ്, വിജ്ഞാനത്തിൽ മുന്നേറുവാൻ. ഇതൊരു സാഹിത്യയുഗമാണെന്നു പറഞ്ഞാൽ അതിൽ വലിയ അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല.

സാഹിത്യത്തിനു ധാർമ്മികവീക്ഷണത്തിൽ രണ്ടു വിഭാഗങ്ങളുണ്ടു്: സൽസാഹിത്യം, ദൂഷിച്ചസാഹിത്യം. സാഹിത്യം മനുഷ്യമനസ്സിനെ സദ്‌വിചാരങ്ങളിൽ വ്യാപരിപ്പിക്കുന്നതിനും നന്മയിൽ പ്രേരിപ്പിക്കുന്നതിനും സാധിക്കുമെങ്കിൽ അതിനെ സൽസാഹിത്യമെന്നു പറയാം. നേരെമറിച്ചു് അതു മനുഷ്യനിലുള്ള അധമപ്രവണതകൾക്കു വളംവച്ചുന്നതായാൽ—ബുദ്ധിയെ വ്യഭിചരിപ്പിക്കുകയും മനസ്സിനെ അധഃപതിപ്പിക്കുകയും ചെയ്യുന്നതായാൽ—അതു ദൂഷിച്ച സാഹിത്യമാകുന്നു. നന്മതിന്മയെ സംബന്ധിച്ചും, ധർമ്മാധർമ്മങ്ങളെസംബന്ധിച്ചും പ്രകൃത്യാ അവബോധമുള്ള മനുഷ്യൻ ഇവിടെയാണ് ഗുരുതരമായ ഒരു പരീക്ഷണത്തിനു വിധേയനാകുന്നതു്. അവൻ മററു വിഷയങ്ങളിലെന്നപോലെ തന്നെ ഇതിലും ഒരു ശരിയായ വിവേചനം സാധിക്കുമെങ്കിൽ ദൂഷിച്ചവയെ പുറംതള്ളുന്നതിനും നല്ലവയെമാത്രം ആശ്ലേഷിക്കുന്നതിനും സന്നദ്ധനാകും. പക്ഷെ പാപലബ്ധിയിലുള്ള ദൗർബല്യങ്ങൾക്കും ദൂഷിച്ച പ്രവണതകൾക്കും അവൻ വിധേയനായിരിക്കുന്നതുകൊണ്ടു് മനുഷ്യരാശിയിൽ ഗണ്യമായ ഒരു വിഭാഗത്തിനു് സ്വയം ഈ വിവേചനം ചെയ്യുക ക്ഷിപ്രസാദ്ധ്യമല്ല. സാധാരണഗതിയിൽ ഓരോ വ്യാമോഹങ്ങൾക്കു അടിപ്പെട്ടു് ആപല്ക്കരമായ ദൂഷിച്ച സാഹിത്യസേവനത്തിനാണ് അവർ പ്രലോഭിപ്പിക്കപ്പെടുന്നതു്. അധഃപതനോന്മുഖമായ ഈ പ്രവണത നിയന്ത്രിക്കപ്പെടാത്തതുകൊണ്ടു് ഇന്നു മാനവസമുദായം എത്രമാത്രം അധഃപതിച്ചുവരുന്നുണ്ടെന്നു പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. ഇന്നത്തെ അധഃപതനത്തിന്റെ പ്രധാനമായ ഒരു ഹേതു ഇതാണെന്നു പറഞ്ഞാൽ ഒരു കൂട്ടർ കയർത്തേക്കാമെങ്കിലും വസ്തുത അതാണ്.

അതിനുള്ള പ്രതിവിധികളാണു് അടിയന്തിരമായി തേടേണ്ടതു്; എല്ലാവരും ഒത്തൊരുമിച്ചു നടപ്പാക്കേണ്ടതു്. എഴുത്തുകാർ അധഃപതിച്ച സാഹിത്യവ്യവസായത്തിൽനിന്നു അവരുടെ തൂലികയെ പ്രതിനിവർത്തിപ്പിക്കണം; മുദ്രണജോലിക്കാർ ദൂഷിച്ചവയെ അച്ചടിക്കാതെ ബഹിഷ്കരിക്കണം; പുസ്തകവ്യാപാരികളും സാഹിത്യപ്രചാരകന്മാരും ദൂഷിച്ചവയുടെ പ്രചാരണത്തെ കൈവെടിയണം, കഴിയുന്നിടത്തോളം തടയണം; പൊതുജനങ്ങൾ അവയെ കൈയിലെടുക്കുകയില്ലെന്നു ശപഥം ചെയ്യണം. ഈ പ്രകാരം സംഘടിതമായ ഒരു ശ്രമം ചെയ്യുന്നതിനു പൊതുജനങ്ങൾ മുന്നോട്ടുവരികയാണെങ്കിൽ വിനാശകരമായ ദൂഷിച്ചസാഹിത്യം സമുദായമദ്ധ്യത്തിൽനിന്നു തിരോഭവിക്കുമെന്നുള്ളതു തീർച്ചയാണ്.

പക്ഷെ അതു പ്രായോഗികമാണോ എന്നുള്ളതാണ് പ്രശ്നം. മനുഷ്യപ്രകൃതിയേയും ആധുനികമനുഷ്യന്റെ തകർച്ചപററിയ ധാർമ്മികനിലവാരത്തേയുംവച്ചു നോക്കുമ്പോൾ അതത്ര എളുപ്പം നടപ്പിൽ വരുമെന്നു പ്രത്യാശിക്കാൻ കാര്യം കാണുന്നില്ല. അതുകൊണ്ടു് മുകളിൽനിന്നുള്ള ആശാസ്യമായ നിർബന്ധം ചെലുത്തുക എന്നതാണ് സ്വീകാര്യവും പ്രായോഗികവുമായ ഒരു പ്രതിവിധി. ഗവർമ്മെൻറുകളും നേതൃസ്ഥാപനങ്ങളും അതിൽ മുൻകൈയെടുത്തു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വിഷദ്രവ്യങ്ങൾ വില്ക്കുന്ന കാര്യത്തിൽ എന്തെല്ലാം നിയമങ്ങളും നിയന്ത്രണങ്ങളുമാണ് ഓരോ ഗവർമ്മെൻറുകളും ഏർപ്പെടുത്തിയിട്ടുള്ളതു്! ലഹരിസാധനങ്ങളുടെ ഉല്പാദനത്തിലും വില്പനയിലും എന്തെല്ലാം നിയന്ത്രണങ്ങളുണ്ടു്? അവയെക്കാളെല്ലാം വിനാശകരമായ ഇക്കാര്യത്തിൽ ആശാസ്യമായ നിയന്ത്രണങ്ങൾ സ്വീകാര്യമല്ലെന്നുവരുമോ? അതിനെതിരായി മുറവിളികൂട്ടാൻ ഒരുകൂട്ടരുണ്ടാകും. അതു സഹജമാണ്. അതുകൊണ്ടു് ഈ നടപടി ഉപേക്ഷിക്കാൻവയ്യ. നിഷ്കർഷമായ നിയന്ത്രണങ്ങൾ ഇനിയെങ്കിലും ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതു അത്യാവശ്യമത്രെ.

ഈയിടെ ഫ്ളോറൻസിൽവച്ചു നടത്തപ്പെട്ട സാർവ്വദേശീയ പ്രസാധകയൂണിയൻ കോൺഗ്രസ്സിന്റെ സമ്മേളനത്തിൽ സംബന്ധിച്ച വിവിധരാജ്യ പ്രതിനിധികൾ പരിശുദ്ധ മാർപ്പാപ്പയെ സന്ദർശിച്ച അവസരത്തിൽ തിരുമേനി അവരെ ഉൽബോധിപ്പിച്ചതു്, ദൂഷിച്ചസാഹിത്യത്തെ ഉച്ചാടനം ചെയ്യുന്നതിനുള്ള അതിഗൗരവാവഹമായ ഒരു കർത്തവ്യം അവർക്കുണ്ടെന്നായിരുന്നു. മാത്രമല്ല ഓരോ മനുഷ്യനും തിന്മയിലേക്കു സ്വാഭാവികമായ ഒരു ചായ്‌വുള്ളതുകൊണ്ടാണ് എന്നു തിരുമേനി പ്രസ്താവിച്ചു. ഒരു ഗ്രന്ഥകാരനെ വായനക്കാരന്റെ മേൽ നിഗൂഢമായ ഒരു പ്രേരണാശക്തി സ്വാധീനത്തിലുണ്ടു്. അതു പലപ്പോഴും വായനക്കാരന്റെ മനസ്സിലാകെയെന്നും വരികയില്ല. തന്മൂലം ഗ്രന്ഥകാരനെ അയാളുടെമേൽ അമിതമായ ആധിപത്യമാണു കൈവരുന്നതു്. അതുകൊണ്ടു പരിശുദ്ധ പിതാവു പറഞ്ഞു: "മാദകപാനീയങ്ങളുടെ വില്പനയെ സംബന്ധിച്ചു് വളരെ കഠിനമായ ശിക്ഷകൾ ന്യായപൂർവ്വം നിബന്ധിക്കുന്ന നിയമമുള്ള ഇപ്പോഴത്തെ ചില ഭരണകൂടങ്ങൾ സാഹിത്യങ്ങളെ സംബന്ധിച്ചും ഉണ്ടാക്കേണ്ടതാവശ്യമാണ്. അത്തരം സാഹിത്യംമൂലം സംജാതമാക്കപ്പെടുന്ന വിനാശകരമായ വികാരവിജ്രംഭണങ്ങളും, അബദ്ധബോധങ്ങളും മനുഷ്യന്റെ ശ്രേഷ്ഠമായ ശക്തികളെ അന്ധകാരനിബിഡമാക്കുകയോ ചിലപ്പോൾ പരിപൂർണ്ണ പ്രവർത്തനരഹിതമാക്കുകയോ ചെയ്യും. ഇതുമൂലം സ്ഥായിയായ ഒരു മാനസികവികല്പം, വന്നുചേരുന്നു—ആവശ്യകാര്യ സ്വഭാവത്തോടുകൂടിയതും കൃത്രിമമായതുമായ ഒരു വ്യാമോഹമാണതു്; ചിലപ്പോൾ ഇതു ബുദ്ധിയുടെ വിഭ്രാന്തിക്കുപോലും വഴിതെളിച്ചേക്കാം." അതുകൊണ്ടു് വായനക്കാരനോടുള്ള ആദരവു മാത്രമല്ല, സത്യത്തോടും ധർമ്മത്തോടുമുള്ള ബഹുമാനം മൂലമായും നിന്നു പ്രസാധകരെ ഒരു ഗുരുതരമായ കർത്തവ്യം അനുസ്മരിപ്പിക്കുകയാണ്. ആത്മാവിൽ പ്രതിഫലിക്കുന്ന അന്ധകാരം പൊതുവേരിപ്പായത്തിനു ആധുനികമായിട്ടുള്ളതിലൂടെ സമർപ്പം ചെലുത്തുന്ന ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുമ്പോൾ ഇതു ഉത്തരവാദിത്വമതിനെപ്പററി അവർ അവശ്യം ചിന്തിക്കണം. മാർപ്പാപ്പാ തിരുമനസ്സിലെ ഈ ഉൽബോധനം സാഹിത്യമണ്ഡലത്തിലെ ആധുനികസാഹചര്യങ്ങൾ എത്രമാത്രം വസ്തുനിഷ്ഠമായ ഒരു പ്രശ്നമെന്നതാണ് നമ്മുടെ പരിചിന്തനത്തിനു സമർപ്പിക്കുന്നതെന്നു വിശദമാക്കുന്നുണ്ടല്ലോ. ചുരുക്കത്തിൽ മനയാമികമായ ഒരു നിരോധനംതന്നെ ദൂഷിച്ച സാഹിത്യകൃതികൾക്കെതിരായി ഉണ്ടാകേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്.

—ഠ—

## ജപാപ്പസ്തോലസഖ്യത്തിന്റെ ജൂലൈമാസത്തെ പൊതുനിയോഗം

"കായികമായ സംസ്കാരവും കളികളും ക്രൈസ്തവസിദ്ധാന്തങ്ങൾക്കനുസരിച്ചു നിയന്ത്രിക്കപ്പെടുന്നതിനു്."

## വേദപ്രചാരനിയോഗം

"ആഫ്രിക്കായിൽ നിരീശ്വരതാപരമായ ഭൗതികത്വത്തിന്റെ വിപത്തുകൾ ദൂരീകരിക്കപ്പെടുന്നതിനു്."

## പ്രസാധകക്കുറിപ്പുകൾ

# സമാധാന പ്രസ്ഥാനക്കാർ വായ് പൂട്ടുന്നു

അണുവായുധപരീക്ഷണത്തിനെതിരായ പ്രക്ഷോഭണമെന്ന പേരിൽ ലോകമാസകലം പ്രവർത്തിച്ചിരുന്ന കമ്മ്യൂണിസ്റ്റുകളുടെ സമാധാനപ്രസ്ഥാനത്തിന്റെ പുച്ചമെല്ലാ ഞെട്ടുകൊണ്ടു് ഇന്നതു ചെയ്യുരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. റഷ്യ സംഘടിപ്പിച്ചിട്ടുള്ള ലോകസമാധാനക്കോൺഗ്രസ്സ് പിരിച്ചുവിട്ടവെന്നാണ് റിപ്പോർട്ട്. അഖിലേന്ത്യാ സമാധാനകൗൺസിൽ പ്രസിഡണ്ടായ ഡോക്ടർ സയ്ഫുദ്ദീൻ കിച്ച്‌ലു ഇതേപ്പററി പ്രസ്താവിച്ചതായി പി ടി ഐ റിപ്പോർട്ടുചെയ്യുന്നതു്, സ്ഥാപകന്മാരുടെ വിമാതാമനോഭാവം കാരണം സമാധാനകൗൺസിലുകൾ പൊതുജനവിശ്വാസം നേടുന്ന കാര്യത്തിൽ ലോകമൊട്ടാകെ പരാജയപ്പെട്ടിരിക്കുന്നു എന്നാണെന്നു് തോന്നുന്നതു് എന്നത്രെ. അണുവായുധപരീക്ഷണം തുടരുന്നകാര്യത്തിൽ സമാധാനകൗൺസിലിന്റെ പ്രവർത്തനം ഒരു ഹിമാലയൻ പരാജയമായിരുന്നുവെന്നു കമ്മ്യൂണിസ്റ്റ് സഹയാത്രികന്മാർ മാത്രമല്ല, സമാധാനപ്രസ്ഥാനത്തിൽ ആത്മാർത്ഥമായി വിശ്വസിച്ചിരുന്ന ചില കമ്മ്യൂണിസ്റ്റുകാർപോലും മനസ്സിലാക്കിയിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. അണുപരീക്ഷണം നടത്തുന്ന അമേരിക്കയുടെ പൈശാചികത്വത്തേയും "യുദ്ധക്കൊതി"യേയുംപററി അത്യുഗ്രമായി പ്രതിഷേധിച്ചു നടന്നിരുന്ന സമാധാനപ്രസ്ഥാനക്കാർക്കു റഷ്യയുടെ അണുവായുധപരീക്ഷണത്തോടുകൂടി പ്രചരണം തുടരാൻ നിവൃത്തിയില്ലാതായിത്തീർന്നു. ഇക്കാലമത്രയും "കലിവ്" ശിഖരം വീശിയും, വെള്ളപ്രാക്കളെ പറപ്പിച്ചും, നീലാകാശ പാതിയും ലോകത്തിലെ സമാധാനകാംക്ഷികളെ മുഴുവനും അണുബോംബിനെതിരായി ചെകൊടിക്കു കീഴെ അണിനിരത്താൻ നടത്തിയിരുന്ന പ്രചരണക്കാരുടെ വായ് മൂടിക്കെട്ടേണ്ടി വന്നതു കഷ്ടംതന്നെ.

x x x

## ക്രെംലിന്റെ ഏകാധിപത്യം

# എതിർക്കപ്പെടുന്നു

സ്റ്റാലിൻ നടത്തിയതായി ആരോപിക്കപ്പെട്ടിരിക്കുന്ന കൊള്ളരുതായ്മകളിൽ ക്രെംലിനിലെ അധികാരികളെല്ലാം പങ്കുകാരാണെന്നു അമേരിക്കയിലെ കമ്മ്യൂണിസ്റ്റ്പാർട്ടി നിശിതമായ ആരോപണം ചെയ്തിരിക്കുന്നു. പാർട്ടിയുടെ ദേശീയകമ്മററി പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രസ്താവനയിൽ പറയുന്നതു്, സ്റ്റാലിന്റെ കാലത്തെ ഭീകരവാഴ്ചയെപ്പററി പാർട്ടിസിക്രട്ടറി ക്രൂഷ്ചേവ് വെളിപ്പെടുത്തിയ കാര്യങ്ങൾ കേട്ടു അവർ ഞെട്ടിപ്പോയി എന്നാണ്. "ഒരൊററ വ്യക്തി എന്തായാലും സ്വേച്ഛാധികാരം നടത്തുവാൻ ഉദ്ദേശിച്ചാലും, ഇത്ര ഗർഹണീയങ്ങളായ തെററുകൾ അയാളുടെമാത്രം നെറികേടിന്റേയും മാത്സര്യത്തിന്റേയും ഫലമാണെന്നുള്ള വ്യാഖ്യാനം സ്വീകാര്യമല്ല. 20 കൊല്ലക്കാലം സോഷ്യലിസ്റ്റ് ജനാധിപത്യവും, നീതിയും, സാർവ്വദേശീയത്വവും നിർബോധം ചവുട്ടിമെതിക്കപ്പെടുവാൻ ഇടയായതെങ്ങിനെയെന്നു സൂക്ഷ്മമായ ഒരു പഠനം ചെയ്യേണ്ടതാണ്" എന്നാണ് പ്രസ്തുത പ്രസ്താവനയിൽ യുക്തിയുക്തം ആവശ്യപ്പെട്ടിരിക്കുന്നതു്.

ഇററാലിയൻ സോഷ്യലിസ്റ്റ് പാർട്ടിനേതാവായ പീയെത്രോ നെന്നി റോമിലെ "മൊൺഡോ ഓപ്പെറായിയോ" പത്രത്തിലും, സോഷ്യലിസ്റ്റ്പാർട്ടി പത്രമായ "അവാന്തി"യിലും പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ലേഖനത്തിൽ ക്രെംലിന്റെ പ്രസ്തുത നടപടിയെ നിശിതമായി അപഹസിച്ചിട്ടുണ്ടു്. സ്റ്റാലിന്റെ പാതകങ്ങൾക്കു സമ്മതം മൂളുവാൻ സോവ്യററ്നേതാക്കൾ പ്രാണഭീതികൊണ്ടു നിർബന്ധിതരായിപ്പോയതാണെന്നുള്ള സമാധാനത്തെ ആ ലേഖനം യുക്തിയുക്തം ഖണ്ഡിച്ചിരിക്കുന്നു. "ക്രൂഷ്ചേവു വെളിപ്പെടുത്തുന്ന കുററങ്ങളുടെ ഉത്തരവാദിത്വം സ്റ്റാലിന്റേതുമാത്രമല്ല, നേതൃത്വം മുഴുവന്റേതുമാണെന്നു സ്പഷ്ടമാണ്" എന്നാണ് നെന്നി ആരോപിച്ചിട്ടുള്ളതു്.

ന്യൂയോർക്ക് ടൈംസ് പത്രം അമേരിക്കൻ കമ്മ്യൂണിസ്റ്റ്പാർട്ടി ദേശീയകമ്മററിയുടെ പ്രസ്താവനയെ വിമർശിച്ചു പറയുന്നതു്, അതിന്റെ പൊരുളവയേ സ്വരം ഇററാലിയൻ കമ്മ്യൂണിസ്റ്റ്പാർട്ടി സിക്രട്ടറി ജനറലായ പൽമിറോ തോഗ്ലിയാത്തിയും ഫ്രഞ്ചുകമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പോളിററ്ബ്യൂറോയും ചെയ്തിട്ടുള്ള പ്രഖ്യാപനങ്ങളോടുതുല്യമായതാണെന്നാണ്. "അതിൽ പ്രകടിതങ്ങളായ മനോഭാവങ്ങൾ, സോവ്യററ്യൂണിയനിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഒമ്പതാംകോൺഗ്രസ്സ് അവസാനിച്ച ഉടനെ, കഴിഞ്ഞ മാർച്ചിൽ പുറത്തുവന്ന "ഡെയിലി വർക്കർ" പത്രത്തിൽ പ്രകാശിപ്പിച്ചിരുന്നതിനു തുല്യമായിരുന്നു" എന്നാണ് ടൈംസ് പ്രസ്താവിച്ചിട്ടുള്ളതു്. ഡെയിലി വർക്കർ ലേഖനഭാഗം ഇങ്ങനെയാണ്: "ഇത്ര ഭീമമായ തെററുകൾ വെളിപ്പെടുത്തിയശേഷം, കോൺഗ്രസ്സിൽ ഒരു പ്രമേയം കൊണ്ടുവരികയോ, ഒരു പ്രസ്താവന ചെയ്കയോ ഉണ്ടായില്ലെന്നു മാത്രമല്ല, നേതൃത്വം അതിന്റെ തെററുകളെപ്പററി ചെറിയൊരു ആത്മവിമർശനംപോലും നടത്തിയില്ലെന്നുള്ളതു മനസ്സിലാക്കാൻ സാധിക്കുന്നില്ല."

സ്റ്റാലിനെതിരായുള്ള ഗുരുതരമായ ആരോപണങ്ങളും അതു സംബന്ധിച്ചുള്ള ഭയരഹമായ നടപടികളും കമ്മ്യൂണിസ്റ്റുകളുടെ ഇടയിൽതന്നെ എത്രവലിയ പ്രത്യാഘാതങ്ങളാണുളവാക്കിയിട്ടുള്ളതെന്നു ഈ അഭിപ്രായങ്ങൾ വിശദമാക്കുന്നുണ്ടു്. ലോകത്തിന്റെ വലിയൊരു ജനവിഭാഗത്തെ അടിമത്തനുകത്തിൻകീഴ് സ്വേച്ഛാധിപത്യത്തിൽ വളരെനാൾ കണ്ണുകെട്ടി നിർത്തുവാൻ സാദ്ധ്യമല്ലെന്നും വസ്തുതകൾ വെളിച്ചത്തു വരുമ്പോൾ അതു ചോദ്യം ചെയ്യുന്നതിനും അടിമത്തശൃംഖല പൊട്ടിച്ചെറിയുന്നതിനും സ്വാതന്ത്ര്യപ്രേമികളായ ജനങ്ങൾ തയ്യാറാകുമെന്നുമുള്ളതു് അനിഷേദ്ധ്യമായ ഒരു യാഥാർത്ഥ്യമാണ്. കമ്മ്യൂണിസത്തിന്റെ കൺകെട്ടുവിദ്യകൾ ഇങ്ങനെ ഓരോ രാജ്യത്തും പച്ചയായിത്തീരുന്നതിന്റെ ചില മാതൃകകൾ മാത്രമാണിവ. ലോകത്തെവിടെയുമുള്ള കമ്മ്യൂണിസ്റ്റ്കളും, അവരുടെ സഹയാത്രികരും അനുഭാവികളും കണ്ണുതുറന്നു വസ്തുതകളെ പരിശോധിക്കുന്നതിനും വ്യാമോഹങ്ങളുടേയും അന്ധതയുടേയും സുഷുപ്തിയിൽനിന്നും ഉണരുന്നതിനുമുള്ള ഒരാഹ്വാനമാണ് ഈ പരിവർത്തനങ്ങൾ പ്രദാനം ചെയ്യുന്നതു്.

x x x

## അമേരിക്കയിലെ ഇന്ത്യൻ വിദ്യാർത്ഥികൾക്കു

# മേത്തായുടെ ഉൽബോധനം

അമേരിക്കയിലെ ഇന്ത്യൻ സ്ഥാനപതിയായ ശ്രീ മേത്താ വിസ്കോൺസിനിൽവച്ചു നടത്തപ്പെട്ട ഇന്ത്യൻ വിദ്യാർത്ഥികൺവെൻഷന്റെ രണ്ടാംവാർഷികത്തിൽ പ്രസംഗിച്ചുകൊണ്ടു അവരെ ഇപ്രകാരം ഉൽബോധിപ്പിച്ചു: അമേരിക്കയിലെ കോളേജുകളിലും യൂണിവേഴ്സിററികളിലും പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്കു് ഈ രാജ്യത്തു ലഭ്യമാകുന്ന അസാധാരണമായ വിദ്യാസൗകര്യങ്ങളുപയോഗിച്ചു ജ്ഞാനം സമ്പാദിക്കുവാനും വീക്ഷണഗതിയെ വിപുലീകരിക്കുവാനും അതിവിശിഷ്ടമായ ഒരവസരമാണ് കൈവന്നിരിക്കുന്നതു്. പുതിയ പുതിയ കണ്ടുപിടിത്തങ്ങളുടേയും, വികസനസംരംഭങ്ങളുടേയും, ശാസ്ത്രീയവിശ്വാസത്തിന്റേയും അന്തരീക്ഷമാണ് അമേരിക്കയ്ക്കു ശക്തിയും ജീവനും നൽകുന്ന

ള്. ഉദാരമനോഭാവവും കർമ്മകുശലതയുമാണ് അമേരിക്കൻ രാഷ്ട്രത്തെ കെട്ടിപ്പടുത്തിരിക്കുന്നത്. അമേരിക്കൻപാരമ്പര്യത്തിന്റെ മുഖ്യഘടകങ്ങളായ വിജയോന്മുഖതയും, ഗവേഷണതൽപ്പരതയും പ്രത്യാശാമനോഭാവവും കുറെയെങ്കിലും സ്വായത്തമാക്കാൻ എല്ലാവരും ശ്രമിക്കണം. വാണിജ്യവ്യവസായങ്ങളിലും കൃഷിയിലും നിർമ്മാണോദ്യമങ്ങളിലുമുള്ള സന്നദ്ധസംഘടനകളുടെ കാര്യക്ഷമതയെ അദ്ദേഹം എടുത്തുകാണിച്ചു. ഇത്തരം സംഘടനകളാണ് വേണ്ടതിലധികം അധികാരം രാഷ്ട്രീയകക്ഷികളുടേയും ഉദ്യോഗസ്ഥമണ്ഡലത്തിന്റേയും വമ്പിച്ച കമ്പനികളുടേയും കൈയിലൊതുങ്ങാതെ സംരക്ഷിച്ചുപോരുന്നത്. ഇന്ത്യയുടെ സാമ്പത്തികവികസനത്തിനും സാങ്കേതികപുരോഗതിക്കും വിവിധമണ്ഡലങ്ങളിൽ സുശിക്ഷിതരായ വളരെ സ്ത്രീപുരുഷന്മാരെ ആവശ്യമുണ്ട്. ഇന്ത്യയുടെ രണ്ടാംപഞ്ചവത്സരപദ്ധതിയെ അദ്ദേഹം പരാമർശിക്കുകയും വിദ്യാർത്ഥികൾക്കു ലഭിക്കുന്ന പരിശീലനം ഇന്ത്യക്കു പ്രയോജനകരമാക്കാൻ കഴിയുമെന്നാശിക്കുകയും ചെയ്തു. മററു രാജ്യങ്ങളിലെ സ്ഥാപനങ്ങളേയും പ്രവർത്തനരീതികളേയും നിഷ്പക്ഷമായി പഠിക്കണമെന്നും, പാശ്ചാത്യരാജ്യങ്ങളുടെ സമ്പൽസമൃദ്ധിയേയോ സാങ്കേതികപുരോഗതിയേയോ കണ്ടു മനംമടുത്തു പോകരുതെന്നും അവരെ അനുസ്മരിപ്പിക്കുകയും അവയെ അതേ


വിശുദ്ധ പത്താം പീയൂസിന്റെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

Mr. & Mrs. John, Vaikom


പടി പകരുന്നതിനു ഇന്ത്യക്കു സാദ്ധ്യമല്ലെന്നു പ്രസ്താവിക്കുകയും ചെയ്തു. നാം നമ്മുടെ സ്വന്തം അടിസ്ഥാനത്തിന്മേലും സ്വന്തം പരിതസ്ഥിതികളനുസരിച്ചും അവയെ പടുത്തുയർത്തണം. സഹകരണമനോഭാവവും പരിത്യാഗസന്നദ്ധതയും എല്ലാവരും കൈവളർത്തണമെന്നും വിദേശങ്ങളിൽ പഠിക്കുന്നതിനും പണിയെടുക്കുന്നതിനും ലഭ്യമാകുന്ന അവസരങ്ങളെപ്പററി കടപ്പാടുള്ളവരായിരിക്കണമെന്നും അദ്ദേഹം ഉൽബോധിപ്പിച്ചു.

വിദേശങ്ങളെ സംബന്ധിച്ചും അവയുമായുള്ള ഇടപാടുകളെ സംബന്ധിച്ചും പല തെററിദ്ധാരണകളും ആശയക്കുഴപ്പങ്ങളും ഇന്ത്യയിൽ പ്രചരിച്ചിട്ടുണ്ട് എന്നുള്ളതു ഒരു വസ്തുതയാണ്. പുതുതായി രാഷ്ട്രീയസ്വാതന്ത്ര്യംനേടി ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനു ബദ്ധശ്രദ്ധമായിരിക്കുന്ന ഇക്കാലയളവിൽ നമ്മുടെ വിദേശീയബന്ധം ഏററവുമധികം സൗഹൃദമായ ഒന്നായിരിക്കേണ്ടതു അവശ്യാവശ്യമാണ്. അതിനുള്ള യത്നങ്ങളാണ് നമ്മുടെ പ്രധാനമന്ത്രി രാപകലില്ലാതെ ഇന്നും ചെയ്തുകൊണ്ടിരിക്കുന്നത്. പൗരാവലിയുടെ ഇടയിലും തദനുഗുണമായ ഒരു മനസ്ഥിതി സംജാതമാകുന്നില്ലെങ്കിൽ ആ പ്രയത്നങ്ങളെല്ലാം സഫലമാകുക വിഷമമാണ്. മി. മേത്താ അമേരിക്കയിൽ പഠനം നിർവ്വഹിക്കുന്ന വിദ്യാർത്ഥിലോകത്തോടുചെയ്യുന്ന സുചിന്തിതമായ ആഹ്വാനം യഥാതഥം എല്ലാവരും ശ്രദ്ധിക്കുന്നതു നമ്മുടെ രാജ്യാന്തരബന്ധങ്ങളെ ഉറപ്പിക്കുന്നതിനും, സ്വാതന്ത്ര്യവും ആത്മാഭിമാനപൂർവ്വകവുമായ നമ്മുടെ പ്രവർത്തനങ്ങളെ വിജയിപ്പിക്കുന്നതിനും സഹായിക്കുന്നതാണ്.

—o—

# ചോദിച്ചാൽ പറയാം

ചോ: നല്ലതു ദിവസത്തെ ദണ്ഡവിമോചനം, 100 ദിവസത്തെ ദണ്ഡവിമോചനം എന്നെല്ലാം പറയുന്നതിന്റെ അർത്ഥമെന്താണ്?

ഉ: മനസ്താപസഹിതമായ കുമ്പസാരത്താൽ പാപങ്ങൾ ക്ഷമിക്കപ്പെട്ടാലും അവയ്ക്കു കാലികമായ ഒരു ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും, ഈ കാലത്തിനടുത്ത ശിക്ഷയെമാത്രം ബാധിക്കുന്നതാണ് ദണ്ഡവിമോചനമെന്നും പറഞ്ഞുവല്ലോ. പഴയകാലങ്ങളിൽ പാപത്തെപ്പററി മനസ്താപപൂർവ്വം കുമ്പസാരിക്കുന്നവർക്ക്, കാലത്തിനടുത്ത ശിക്ഷയിൽനിന്നുള്ള മോചനത്തിനായി ചില പരിഹാരപ്രവൃത്തികൾ നിർദ്ദേശിച്ചുകൊടുത്തിരുന്നു. അവ ചിലപ്പോൾ നാല്പതുദിവസത്തേക്കോ, 100 ദിവസത്തേക്കോ, നീണ്ടുനില്ക്കുന്നതുമായിരുന്നു. അന്നു 40 ദിവസത്തേക്ക്, അല്ലെങ്കിൽ 100 ദിവസത്തേക്ക്, പരിഹാരപ്രവൃത്തികൾ ചെയ്താൽ കാലത്തിനടുത്ത ശിക്ഷയിൽനിന്നു എന്തു കുറവു ലഭിക്കുമായിരുന്നോ അത്രയും കുറവു 40 ദിവസത്തെ അല്ലെങ്കിൽ 100 ദിവസത്തെ ദണ്ഡവിമോചനംകൊണ്ടു പ്രാപിക്കാമെന്നേ ആ പ്രയോഗങ്ങൾക്കു അർത്ഥമുള്ളു.

സഭ തന്റെ മക്കൾക്കു, അനുവദിച്ചിരിക്കുന്ന ഒരു കാരുണ്യമാണിതു. ആദിമശതകങ്ങളിൽ 100 ദിവസത്തെ ഉപവാസംകൊണ്ടോ, തപസ്സുകൊണ്ടോ, മററു പ്രായശ്ചിത്തപ്രവൃത്തികൾകൊണ്ടോ ലഭിക്കുമായിരുന്ന ഫലം 100 ദിവസത്തെ ദണ്ഡവിമോചനമുള്ള ഒരു പ്രാർത്ഥന ചൊല്ലിയാൽ ലഭിക്കുമാറാക്കുകയെന്നതു വലിയ ഒരു അനുഗ്രഹംതന്നെയാണല്ലോ. നേരേ മറിച്ചു 100 ദിവസത്തെ ദണ്ഡവിമോചനം എന്ന പ്രയോഗത്തിനു, ശുദ്ധീകരണസ്ഥലത്തിലെ ദണ്ഡനത്തിൽനിന്നു 100 ദിവസം ഇളച്ചുകിട്ടുമെന്നു ആരെങ്കിലും ധരിക്കുന്നെങ്കിൽ അതു സർവ്വാബദ്ധമാണ്. സഭ ഒരിക്കലും അങ്ങനെ പഠിപ്പിക്കുന്നില്ല. മരണാനന്തരജീവിതത്തെ ദിവസങ്ങളും ആണ്ടുകളുമായി തിരിച്ചുപറയുക ആർക്കും സാദ്ധ്യമല്ലല്ലോ.

ചോ: കത്തോലിക്കാസഭയ്ക്കു പുറമെ രക്ഷയില്ലായെന്നു പഠിപ്പിക്കുന്നതിൽനിന്നു കത്തോലിക്കരല്ലാത്തവരെല്ലാം നരകത്തിൽ പോകുമെന്നാണോ സഭ അർത്ഥമാക്കുന്നതു?

ഉ: വ്യാപകമായ അർത്ഥത്തിൽ പറഞ്ഞാൽ കത്തോലിക്കാസഭയ്ക്കു പുറമെ രക്ഷയില്ല. മനുഷ്യരുടെ രക്ഷയ്ക്കായി ക്രിസ്തു സ്ഥാപിച്ചിട്ടുള്ള ഏക സ്ഥാപനമാണു കത്തോലിക്കാസഭയെന്നും, ആകയാൽ മനുഷ്യർ രക്ഷ പ്രാപിക്കുന്നതിനു അതിനോടു ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിരിക്കേണ്ടതു ആവശ്യമാണെന്നുമാണു വിശ്വസിക്കുന്നതു. "സഭ മാതാവായിരിക്കുന്നില്ലാത്ത യാതൊരുത്തനും ദൈവം പിതാവായിരിക്കുന്നില്ല" എന്നാണു സഭാപിതാവായ വിശുദ്ധ സിപ്രിയാനോസ് പഠിപ്പിക്കുന്നതു. എന്നാൽ ബാഹ്യമായി സഭാസമൂഹത്തിനു വെളിയിലായിരിക്കുന്ന പല ആത്മാക്കളും ദൈവത്തിന്റെ ദൃഷ്ടിയിൽ യഥാർത്ഥത്തിൽ അതിനുള്ളിലായിരിക്കുന്നു. വസ്തുതാപരമായി അവർ സഭയോടു ഐക്യപ്പെട്ടിട്ടില്ലെങ്കിലും, ആഗ്രഹത്താൽ അവർ സഭയോടു ഐക്യപ്പെട്ടിരിക്കുന്നു.

യാതൊരു മനുഷ്യനും, തന്റെ സ്വന്തം കുററത്താലല്ലാതെ, നശിച്ചുപോകുകയില്ലായെന്നാണു സഭയുടെ നിരന്തരമായ പഠനം. തന്റെ അപ്രതിഹതമായ അജ്ഞതമൂലം നിർവ്വഹിക്കുക സാദ്ധ്യമല്ലാത്ത ഒരു കർത്തവ്യത്തിനുവേണ്ടി യാതൊരുത്തനേയും ദൈവം ശിക്ഷിക്കുകയില്ല. കത്തോലിക്കാസഭയുടെ അസ്തിത്വംതന്നെ അറിഞ്ഞുകൂടാത്ത ഒരാളെ, ആ സഭയുടെ അംഗത്വം സ്വീകരിക്കാത്തതിനു ദൈവം എങ്ങനെയാണു ശിക്ഷിക്കുക? 1854 ഡിസംബർ 9-ാം തിയതിയിലെ പ്രഭാഷണത്തിൽ മഹത്സ്മരണാർഹനായ 9-ാം പീയൂസ് മാർപ്പാപ്പാ ഇതുസംബന്ധിച്ച സഭയുടെ പഠനത്തെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്:

"ദൈവത്തിന്റെ അപരിമേയമായ കാരുണ്യത്തിനു പരിധി നിർണ്ണയിക്കുവാനാകാതിരിക്കട്ടെ നമ്മുടെ യത്നം; മനുഷ്യബുദ്ധിക്കു കണ്ടുപിടിക്കുക സാദ്ധ്യമല്ലാത്ത, ദൈവത്തിന്റെ നിഗൂഢങ്ങളായ ആലോചനകളുടേയും തിരുമാനങ്ങളുടേയും ആഴങ്ങളെ പരിശോധിച്ചുകളയാമെന്നുള്ളതാകാതിരിക്കട്ടെ നമ്മുടെ ആഗ്രഹം.... അപ്പസ്തോലികമായ റോമൻസഭയ്ക്കു വെളിയിൽ രക്ഷയില്ലായെന്നതു നാം ഒരു വിശ്വാസസത്യമായി അംഗീകരിക്കണം. അവൾ മാത്രമാണു രക്ഷയുടെ കപ്പൽ. അതിൽ ഉൾപ്പെടാത്തവരെല്ലാം പ്രളയത്തിൽ നശിക്കുകയേയുള്ളു. അതേസമയംതന്നെ, അപ്രതിഹതമായ അജ്ഞതമൂലം സത്യമതത്തെപ്പററി അറിയാതിരിക്കുന്നവർ ദൈവത്തിന്റെ ദൃഷ്ടിയിൽ കുററക്കാരായിരിക്കുന്നില്ലായെന്നതും ഉറപ്പായി നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടേയും രാജ്യങ്ങളുടേയും മനസ്സുകളുടേയും മററും സ്വഭാവവും വൈവിദ്ധ്യവുമനുസരിച്ചു ഈ അജ്ഞതയുടെ പരിധി നിർണ്ണയിക്കുവാൻ ആർക്കാണു സാധിക്കുക."

1863 ആഗസ്റ്റ് 10-ാം തിയതി ഇററാലിയൻ മെത്രാന്മാർക്കെഴുതിയ ഒരു ചാക്രികലേഖനത്തിൽ തിരുമേനി വീണ്ടും ഈ വിഷയത്തെ ഇങ്ങനെ വിശദീകരിക്കുന്നു: "നമ്മുടെ ഏററം പരിശുദ്ധ മതത്തെക്കുറിച്ചു അപ്രതിഹതമായ അജ്ഞതയിൽ കഴിയുന്നവരും, എന്നാൽ സ്വാഭാവികനിയമത്തേയും, എല്ലാ മനുഷ്യരുടേയും ഹൃദയങ്ങളിൽ ദൈവം ഉല്ലേഖനംചെയ്തിട്ടുള്ള പ്രമാണങ്ങളേയും, ശ്രദ്ധാപൂർവ്വം പാലിക്കുന്നവരും, ദൈവത്തെ അനുസരിക്കുവാൻ സന്നദ്ധരായി സത്യസന്ധവും മര്യാദാപൂർവ്വവുമായ ഒരു ജീവിതം നയിക്കുന്നവരും, ദൈവവരപ്രസാദപ്രകാശത്തിന്റെ സഹായത്തോടുകൂടി നിത്യജീവൻ പ്രാപിക്കുമെന്നുള്ളതു നമുക്കും നിങ്ങൾക്കും അറിയാവുന്നതാണ്. എന്തെന്നാൽ ഓരോരുത്തരുടേയും ഹൃദയത്തേയും മനോഭാവത്തേയും ചിന്തകളേയും ഉദ്ദേശ്യങ്ങളേയും വ്യക്തമായി കാണുകയും പരിശോധിക്കുകയും അറിയുകയും ചെയ്യുന്ന പരമകാരുണികനും അനന്തനന്മയുമായ ദൈവം തന്റെ സ്വന്തം സ്വാതന്ത്ര്യമായ ഇച്ഛയാൽ പാപത്തിൽ പതിക്കാത്ത യാതൊരുത്തനേയും, നിത്യമായ ശിക്ഷ അനുഭവിക്കുവാൻ ഒരുവിധത്തിലും അനുവദിക്കുന്നതല്ല."

ചുരുക്കത്തിൽ, കത്തോലിക്കരല്ലാത്ത എല്ലാവരും നിത്യമായി ശിക്ഷിക്കപ്പെടുമെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ രക്ഷയ്ക്കായിട്ടാണല്ലോ ക്രിസ്തു പാടുപെട്ടു മരിച്ചതു. തന്മൂലം, വസ്തുതാപരമായി കത്തോലിക്കാസഭയിലെ അംഗമല്ലെങ്കിലും ഒരുവൻ ദൈവത്തിലും ദൈവപരിപാലനയിലും വിശ്വസിക്കുകയും, ദൈവപ്രേരകമെന്നു ഉത്തമബോദ്ധ്യത്തോടെ അവൻ വിശ്വസിക്കുന്ന പ്രമാണങ്ങൾ അനുസരിക്കുകയും ചെയ്യുന്നുവെങ്കിൽ ദൈവം അവനെ കൈവെടിയുകയില്ലെന്നു നമുക്കു ന്യായമായി വിശ്വസിക്കാവുന്നതാകുന്നു.



വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ മദ്ധ്യസ്ഥതയാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

മിസ്സിസ് മേരി ബേബി
മണവാളൻ

## അടുത്തയാഴ്ചയിൽ

ജൂലൈ
12 വ്യാ: വി. നാബോറും ഫെലിക്സും
13 വെ: വി. അനാക്ലെത്തോസ്
14 ശ: വി. ബൊനവഞ്ചൂര
15 ഞാ: പന്തക്കുസ്താ 8-ാം ഞായർ
16 തി: കർമ്മലമാതാവ്
17 ചൊ: വി. അലക്സീസ്
18 ബു: വി. കമീലോസ്

# വിവിധവൃത്താന്തങ്ങൾ

## പേപ്പൽ പ്രഭാഷണങ്ങൾ

മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അടുത്തകാലത്തു വിദ്യാഭ്യാസം, ശാസ്ത്രങ്ങൾ, സാമൂഹ്യജീവിതം, സാംസ്കാരികജീവിതം, പത്രപ്രവർത്തനം, സിനിമ മുതലായ അനേക വിഷയങ്ങളെക്കുറിച്ചു തന്നെ സന്ദർശിച്ചവരോടായി പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ടല്ലോ. ഇവയെല്ലാം സമാഹരിച്ചു ഒരു ഗ്രന്ഥമായി പ്രസിദ്ധം ചെയ്യുന്നതിനു പാരിസിലെ ഇന്റർനാഷനൽ കാത്തലിക് ബ്യൂറോ തീരുമാനിച്ചിരിക്കുന്നു. ഐക്യരാഷ്ട്രസംഘടനയുടെ വിദ്യാഭ്യാസ-ശാസ്ത്രീയ-സാംസ്കാരികസംഘടനയുടെ അടുത്ത പൊതുസമ്മേളനം വരുന്ന നവംബർമാസത്തിൽ ന്യൂഡൽഹിയിൽ കൂടുന്നതിനുമുമ്പു അതിലെ അംഗങ്ങൾക്കും സിക്രട്ടറിയേററുദ്യോഗസ്ഥന്മാർക്കും ഈ ഗ്രന്ഥത്തിന്റെ ഓരോ പ്രതി നൽകപ്പെടുന്നതാണ്.




For favours received
Excuse for delay.
Mr. & Mrs. A. M. A.
Anthraper, Shertallai


## 700 നാമങ്ങൾ

1950-ൽ പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു പരിശുദ്ധകന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യുന്നതു സംബന്ധിച്ചു നടത്തപ്പെട്ട ചടങ്ങിൽ സംബന്ധിച്ചിരുന്ന കർദ്ദിനാളന്മാരും മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ 700 വൈദികാദ്ധ്യക്ഷന്മാരുടെ നാമങ്ങൾ വിശുദ്ധ പത്രോസിന്റെ ബസ്ലിക്കായിലെ തൂണുകളിൽ ഉല്ലേഖനം ചെയ്തിരിക്കുന്നു. 1854-ൽ മാതാവിന്റെ അമലോത്ഭവവിശ്വാസസത്യപ്രഖ്യാപനവേളയിൽ സന്നിഹിതരായിരുന്ന കർദ്ദിനാളന്മാരുടേയും മെത്രാന്മാരുടേയും പേരുകൾ ഉല്ലേഖനം ചെയ്തിട്ടുള്ള തൂണുകൾക്കു എതിരേയുള്ള തൂണുകളാണു ഇതിലേക്കു തിരഞ്ഞെടുത്തിരിക്കുന്നതു. "സമ്പിത്രിനി" എന്നറിയപ്പെടുന്ന സെന്റു പീറേറഴ്സിലെ ശില്പികളാണു ഈ ജോലി നിർവ്വഹിച്ചിരിക്കുന്നതു. 1854-ലെ ശില്പികളുടെ പ്രപൗത്രന്മാരോ, അവരുടെ പുത്രന്മാരോ ആണു ഇന്നത്തെ പണിക്കാർ. പാരമ്പര്യവഴിക്കു അവർ ഈ ജോലി വഹിച്ചുപോരുന്നു. സെന്റു പീറേറഴ്സ് ബസ്ലിക്കായുടെ കേടുപാടുകൾ നിരന്തരം പരിശോധിച്ചുകൊണ്ടിരിക്കുക, പ്രത്യേകാവസരങ്ങളിലേക്കു വേണ്ടി ബസ്ലിക്കാ അലങ്കരിക്കുക മുതലായവയും അവരുടെ ജോലികളിൽ പെടുന്നു.

## കൊളംബസ് മാടമ്പികൾ

അമേരിക്കയിലെ ഒരു കത്തോലിക്കാ പ്രവർത്തനസംഘടനയായ നൈററ്സ് ഓഫ് കൊളംബസിനു ഇപ്പോൾ പത്തുലക്ഷത്തിലധികം അംഗങ്ങളും, അമേരിക്കാ, ക്യൂബാ, കാനഡാ, മെക്സിക്കോ, ഫിലിപ്പൈൻസ്, പനാമ, പ്യൂർട്ടോറിക്കോ എന്നീ രാജ്യങ്ങളിലായി അതിനു 3700 ലധികം കൗൺസിലുകളുമുണ്ട്. അവർ ആരംഭിച്ച പദ്ധതികളിലൊന്നു കത്തോലിക്കാ മതകാര്യങ്ങൾ പത്രങ്ങളിൽ പരസ്യങ്ങളായി പ്രസിദ്ധപ്പെടുത്തുകയെന്നതാണ്. ഇതുമൂലം 22,47,900 പേർ മതകാര്യങ്ങളെപ്പററി അവരുമായി കത്തിടപാടുകൾ നടത്തുകയും, അവരിൽ 225 941 പേർ, കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെടുന്നതിനായി മതകാര്യങ്ങൾ പഠിച്ചുതുടങ്ങുകയും ചെയ്തിരിക്കുന്നു. കൊളംബസ് മാടമ്പികൾ സമാരംഭിച്ചിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയിൽനിന്നു വിധവകൾക്കും അനാഥർക്കുമായി 5500 ലക്ഷംരൂപാ ഇതിനകം നൽകിക്കഴിഞ്ഞിരിക്കുന്നു. ഇൻഷ്വറൻസ് ഫണ്ടുതന്നെ 270 കോടി രൂപായിലധികംവരും.

## കുടുംബജപമാല

കുടുംബജപമാലപ്രസ്ഥാനത്തിന്റെ പ്രേഷിതനായ ഫാദർ പാട്രിക് പേയറൺ ലോകംമുഴുവൻ ചുററിസഞ്ചരിച്ചശേഷം തന്റെ ഇടവകയായ കാനഡായി

ൽ ഒൻറാരിയോവിലെ ലണ്ടൻ ഡയോസിസിൽ തിരിച്ചെത്തിയിരിക്കുന്നു. ഈ ലോകപര്യടനംമൂലം 100 ലക്ഷംപേരെ തൻെറ കുടുംബജപമാലാപ്രസ്ഥാനത്തിൽ ഉൾപ്പെടുത്തുന്നതിനു് അദ്ദേഹത്തിനു സാധിച്ചിരിക്കുന്നു. എട്ടുകൊല്ലം ദീർഘിച്ച ഈ ലോകസഞ്ചാരത്തിനിടയിൽ 5 ലക്ഷം മൈൽ അദ്ദേഹം യാത്രചെയ്യുകയുണ്ടായി. വിമാനവും പഴയ കാളവണ്ടികളും ഒട്ടകങ്ങളുമെല്ലാം അദ്ദേഹത്തിൻെറ യാത്രയ്ക്കുപകരിച്ചു. 20 രാജ്യങ്ങളിലെ 235 രൂപതകളിലായി ആയിരത്തിലധികം റാലികളിൽ ഫാദർ പേറൺ പ്രസംഗിച്ചിട്ടുണ്ടു്. പോർട്ടുഗലിൽനിന്നും വിമാനമാർഗ്ഗം അദ്ദേഹം കാനഡയിലെത്തി. വീണ്ടും അദ്ദേഹം ഒരു ലോകപര്യടനത്തിനു പുറപ്പെടുകയാണു്. ഇത്തവണ ഇംഗ്ലണ്ടു്, ഗ്രീസ്, ഈജിപ്തു്, ആസ്ട്രിയാ, പശ്ചിമാഫ്രിക്കാ ഈ സ്ഥലങ്ങളായിരിക്കും അദ്ദേഹം ആദ്യം സന്ദർശിക്കുക.

## ഇടവകയിൽ ധ്യാനം

സ്പെയിനിൽ ബാർസിലോനായിലെ രൂപതാധ്യാനപ്രസ്ഥാനത്തിലെ അംഗങ്ങളടങ്ങിയ ഒരു നിവേദകസംഘം ഈയിടെ മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുകയുണ്ടായി. തദവസരത്തിൽ തിരുമേനി അവരോടു ചെയ്ത പ്രഭാഷണത്തിൽ വിശുദ്ധ ഇഗ്നേഷ്യസ് ലയോളാ നിഷ്കർഷിച്ചിരിക്കുന്നതരത്തിലുള്ള ആധ്യാത്മികധ്യാനസമ്പ്രദായം എല്ലാ ഇടവകകളിലും പ്രായോഗികമായിക്കാണുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. "വിശ്വാസികളുടെ ക്രിസ്തീയജീവിതം നിലനിർത്തുന്നതിനും വർദ്ധമാനമാക്കുന്നതിനും, അതു മന്ദീഭവിച്ചിരിക്കുന്നിടങ്ങളിൽ ഉത്തേജിപ്പിക്കുന്നതിനും ക്രിസ്തീയലോകത്തിലെ എല്ലാ കത്തോലിക്കാ ഇടവകകളിലും" ധ്യാനപ്രസ്ഥാനം വികസിച്ചുകാണുവാനാണു തിരുമേനി അഭിലഷിക്കുന്നതു്. ധ്യാനം ഏതോ പ്രത്യേകതരത്തിലുള്ള ആളുകൾക്കു വേണ്ടിയുള്ളതാണെന്ന ധാരണ തെറ്റാണെന്നു് അവിടുന്നു ചൂണ്ടിക്കാണിച്ചു. "എല്ലാവർക്കും ധ്യാനത്തിൽനിന്നു മഹത്തായ പ്രയോജനങ്ങൾ ലഭിക്കുന്നതാണെ"ന്നു തിരുമേനി തുടർന്നു പറഞ്ഞു.

## കത്തോലിക്ക വനിതാലീഗ്

50 കൊല്ലം മുമ്പു് 14 കത്തോലിക്കാ വനിതകൾ ലണ്ടനിലെ ഹോളി ചൈൽഡ് കോൺവൻറു ഹാളിൽ, മാർഗ്ഗററു് ഫ്ളച്ചർ എന്ന വനിതയുടെ അദ്ധ്യക്ഷതയിൽ കൂടി "കത്തോലിക്കാ വനിതാലീഗ്" എന്നൊരു സംഘടന രൂപവൽക്കരിക്കുകയുണ്ടായി. ഈയിടെ സുവർണ്ണജൂബിലി ആഘോഷിച്ച ആ സംഘടനയ്ക്കു ഇപ്പോൾ ഇംഗ്ലണ്ടിലും വെയിൽസിലും കൂടി 400 കേന്ദ്രങ്ങളിലായി 23000ത്തിലധികം അംഗങ്ങളുണ്ടു്. കഴിഞ്ഞ 50 കൊല്ലത്തിനുള്ളിൽ, സ്ത്രീകൾക്കു സ്വീകരിക്കാവുന്ന എല്ലാത്തരം പരോപകാരപ്രവർത്തനങ്ങളിലും ആ സംഘടന വ്യാപൃതമായിരുന്നിട്ടുണ്ടു്. ഈ ജൂബിലിവത്സരത്തിൽ ഇംഗ്ലണ്ടിലെ കർദ്ദിനാൾ ഗ്രിഫിൻ അവർക്കു നൽകിയ ഉദ്ബോധനത്തിൽ, ജൂബിലി ആഘോഷിക്കുന്നതിനുള്ള ഏററവും ഉത്തമമായ മാർഗ്ഗം സംഘടനയുടെ കൂടുതൽ ശാഖകൾ ഉണ്ടാക്കുകയാണെന്നു പ്രസ്താവിക്കുകയുണ്ടായി. ഇതിൽനിന്നു് ആ സംഘടനയുടെ സേവനങ്ങളിൽ ഹയരാർക്കിക്കുള്ള മതിപ്പ് അനുമേയമാണല്ലോ. കഴിഞ്ഞ രണ്ടു ലോകമഹായുദ്ധകാലത്തും ഈ സംഘടന മഹത്തായ സേവനങ്ങൾ ചെയ്തിരുന്നു. മുറിവേററവരെയും അഭയാർത്ഥികളെയും ശുശ്രൂഷിക്കുക, ദരിദ്രനിവാരണശ്രമങ്ങൾ നടത്തുക, കുട്ടികളെ പഠിപ്പിക്കുക, വൃദ്ധന്മാരെയും അനാഥരെയും സംരക്ഷിക്കുക, മതബോധനം നൽകുക മുതലായവ അവരുടെ ജോലികളിൽ പെടുന്നു.

## തുറന്ന വാതിൽ

ആംസ്റ്റർഡാമിൽ ഹെല്ലിഗ് വെഗ്ഗ് എന്ന സ്ഥലത്തെ ഒരു ഷോപ്പിൽ, കത്തോലിക്കാസഭയെപ്പററി കൂടുതൽ വിവരങ്ങൾ അറിയണമെന്നു് ആഗ്രഹിക്കുന്നവരെ ക്ഷണിക്കുന്ന ആകർഷകമായ ഒരു പരസ്യം തൂക്കിയിട്ടുണ്ടു്. 1943-ൽ ആരംഭിച്ച ഈ ഷോപ്പിൽ പ്രതിവർഷം 2000 പേർ വീതം കയറി സംശയനിവാരണം വരുത്തിക്കൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ 12 കൊല്ലത്തിനുള്ളിൽ, ഈ അന്വേഷണഫലമായി, 2500 പേർ കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെട്ടിട്ടുണ്ടു്. ഇങ്ങനെ ചേർന്നവരിൽ രണ്ടുപേർ കന്യാസ്ത്രീകളായി; രണ്ടു പേർ വൈദികവിദ്യാഭ്യാസം ചെയ്തുവരുന്നു. സ്വകാര്യമായി മതപഠനം നൽകുന്നതിനു പുറമേ അകത്തോലിക്കർക്കുവേണ്ടി കോൺഫറൻസുകളും നടത്തുന്നുണ്ടു്. ഹെല്ലിഗ്‌വെഗ്ഗിൽ ഈ കേന്ദ്രം തുറന്നതിനു ശേഷം, ആംസ്റ്റർഡാമിൽത്തന്നെ വേറെ മൂന്നു കേന്ദ്രങ്ങളും മററു ഡച്ചുനഗരങ്ങളിൽ അഞ്ചു കേന്ദ്രങ്ങളും തുറന്നിട്ടുണ്ടു്. തിരുക്കുടുംബത്തിൻെറ നാമത്തിലുള്ള ഡച്ചുമിഷ്യനറിമാരുടെ ചുമതലയിലാണു ഈ കേന്ദ്രങ്ങൾ നടത്തപ്പെടുന്നതു്. യുദ്ധകാലത്തു് വിദേശങ്ങളിൽ മിഷ്യനറിവേലയ്ക്കു പോകുവാൻ അനുവാദം കിട്ടാതായപ്പോൾ സ്വദേശത്തുതന്നെ ഈ ജോലി അവർ ഏറെറടുക്കുകയാണു ചെയ്തതു്.



ഞങ്ങളുടെ ഉദ്ദിഷ്ടകാര്യം ബ. സിസ്റ്റർ അൽഫോൻസായുടെ മദ്ധ്യസ്ഥതയാൽ സാധിച്ചതിനു് ഉപകാരസ്മരണ. വൈകിയതിനു് ക്ഷമാപണം.

Mr. & Mrs. K. P. Joseph
Kanhirathingal House
P.O. Enamakkal

## അഭിനന്ദനീയമായ ധീരത

ചെക്കോസ്ലോവാക്കിയായിലെ വിക്ക്മനോവു തടങ്കൽപ്പാളയത്തിൽ നടന്ന ഒരു സംഭവം ദൃക്സാക്ഷിയായിരുന്ന ജോസഫ് മേജ് എന്ന ഒരു പ്രൊട്ടസ്റ്റൻറു വൈദികൻ വിവരിച്ചിരിക്കുന്നു. യുറേനിയം ധാതുക്കൾ കൈകാര്യംചെയ്തിരുന്ന, "മരണഗോപുരം" എന്നു വിളിക്കപ്പെടുന്ന ഒരു മുറിയിൽ ജോലിചെയ്യുവാൻ ഏതാനും തടവുകാർ നിർബന്ധിതരായി. വായുസഞ്ചാരം ഇല്ലാതിരുന്നതും റേഡിയം അക്ടിവ് പൂളികൾ ധാരാളം ഉണ്ടായിരുന്നതുമായ ആ അറയിൽ ജോലിചെയ്യുന്നവർക്കു ആരോഗ്യഹാനിയും പലപ്പോഴും മരണവും അനിവാര്യമായിരുന്നതിനാൽ അവിടെ ജോലിചെയ്യുവാൻ തടവുകാർതന്നെ ഭയപ്പെട്ടിരുന്നു. അങ്ങനെയിരിക്കെ, കുടുംബനാഥന്മാരായ തടവുകാർക്കുപകരം തങ്ങൾ ആ ജോലി ചെയ്തുകൊള്ളാമെന്നു സ്ലോവാക്കിയാക്കാരായ മൂന്നു കത്തോലിക്കാ വൈദികവിദ്യാർത്ഥികൾ ഏററു. "വിപത്തിനെ നേരിടുവാനുള്ള ശക്തി ദൈവം ഞങ്ങൾക്കു തരും" എന്നവർ പറഞ്ഞു. കുടുംബനാഥന്മാർക്കു വിപത്തു പിണഞ്ഞാൽ, അവരുടെ കുടുംബങ്ങൾ അനാഥങ്ങളാകുമല്ലോ. ആ വൈദികവിദ്യാർത്ഥികളുടെ ധീരത ഇതരതടവുകാരിൽ മാത്രമല്ല, പോലീസുകാരിലും കമ്യൂണിസ്റ്റുഗാർഡുകളിലുംപോലും കണ്ണിൽ വെള്ളംനിറയ്ക്കുകയുണ്ടായി.

## ശാസ്ത്രജ്ഞന്മാർ ദൈവത്തിങ്കലേക്കു

സ്പെയിനിലെ ആറ്റമിക് എനർജി ബോർഡു് പ്രസിഡൻറായ ഡോക്ടർ ജോസ് മറിയാ ഒട്ടെറോ ഈയിടെ പ്രസ്താവിക്കുകയുണ്ടായി, ശാസ്ത്രകാരന്മാരുടെ ഇടയിൽ ഒരു മതനവോത്ഥാനം ആരംഭിച്ചിരിക്കുന്നുവെന്നു്. അദ്ദേഹം പറയുകയാണു്: "പ്രകൃതിപ്രതിഭാസത്തിൻെറ സത്തയെ വിശദീകരിക്കുവാൻ പ്രകൃതിശാസ്ത്രത്തിനു സാധിക്കാതെ വന്നിരിക്കുന്നതിൽനിന്നുള്ള ഒരു വിനയബോധത്തിൽനിന്നാണു പ്രധാനമായും ഈ നവോത്ഥാനം സംജാതമായിരിക്കുന്നതു്. ഇന്നത്തെ പണ്ഡിതന്മാർക്കു്, ഒരു നൂറു കൊല്ലംമുൻപുള്ള അവരുടെ പൂർവ്വഗാമികളെക്കാൾ, കൂടുതൽ കാര്യജ്ഞാനമുണ്ടു്. 19-ാം ശതകത്തിലെ മതവിരുദ്ധയുഗത്തെത്തുടർന്നു്, മതമൂല്യങ്ങൾക്കു യഥാർത്ഥമായ പ്രാധാന്യം നൽകുന്ന പുരോഗതിയോടുകൂടിയ 20-ാം 21-ാം ശതകങ്ങളായിരിക്കും. ഇതേവരെ മതവും ശാസ്ത്രവും തമ്മിൽ യോജിക്കാത്ത കൃത്രിമമായ ഒരന്തരീക്ഷമാണുണ്ടായിരുന്നതു്. എന്നാൽ ഇന്നാകട്ടെ യഥാർത്ഥ പണ്ഡിതന്മാർക്കു മതത്തെപ്പററി ആത്മാർത്ഥമായ ആദരവാണുള്ളതു്."

## വിശേഷവാർത്തകൾ

മദ്ധ്യാഹ്നത്തു് കുരിശുമണി അടിക്കുന്ന പതിവു് ആരംഭിച്ചിട്ടു് ഈ ജൂൺ 29-ാംതിയതി 500 കൊല്ലം തികഞ്ഞിരിക്കുന്നു. 1456-ൽ, ബെൽഗ്രേഡിൽ വെച്ചു് ഹംഗറിയിലെ സെൻറു ജോൺ കാപ്പിസ്ട്രാനോയുടെ നേതൃത്വത്തിൽ തുർക്കികളെ പരാജയപ്പെടുത്തിയ വേളയിൽ, സന്തോഷസൂചകമായിട്ടാണു് ഇങ്ങനെ മണി അടിക്കാൻ ആരംഭിച്ചതു്.

—മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ജൂൺ 30-ാംനു- അവിടുത്തെ വേനൽക്കാലവസതിയായ കാസ്റ്റൽ ഗൊണ്ടോൾഫോയിലേക്കു് എഴുന്നള്ളിയിരിക്കുന്നു. അവിടെ ചെന്നശേഷമുള്ള ആദ്യത്തെ പരസ്യചടങ്ങുകളിലൊന്നു് പശ്ചിമജർമ്മൻ ചാൻസലർ ഡോക്ടർ അഡനോവർക്കു് ഒരു സന്ദർശനം അനുവദിച്ചതായിരുന്നു.

—9-ാം ഇന്നസെൻറു മാർപ്പാപ്പായെ അനുഗൃഹീതനെന്നു നാമകരണം ചെയ്യുന്നതു സംബന്ധിച്ചുള്ള ഡിക്രിയിൽ അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥതാൽ സംഭവിച്ചിട്ടുള്ള 100 അത്ഭുതങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ടു്. നാമകരണം മിക്കവാറും അടുത്ത ഒക്ടോബർമാസത്തിൽ നടക്കുന്നതാണു്.

## അമേരിക്കയിലെ കത്തോലിക്കാസഭ

ഈയിടെ പ്രസിദ്ധീകരിക്കപ്പെട്ട ഔദ്യോഗികഡയറക്ടറി അനുസരിച്ചു് അമേരിക്കൻ ഐക്യനാടുകളിലെ കത്തോലിക്കാ സഭയുടെ സ്ഥിതിവിവരം താഴെക്കാണുന്നതുപോലെയാണു്:

| | |
|---|---|
| കത്തോലിക്കർ | 335,74,017 |
| കർദ്ദിനാളന്മാർ | 4 |
| മെത്രാപ്പോലീത്താമാർ | 39 |
| മെത്രാന്മാർ | 173 |
| ഇടവകവൈദികർ | 29,734 |
| സന്യാസവൈദികർ | 18,615 |
| സന്യാസസഹോദരർ | 8,868 |
| കന്യാസ്ത്രീകൾ | 159,454 |
| കോളേജുകളും സർവ്വകലാശാലകളും | 254 |
| രൂപതാഹൈസ്കൂളുകൾ | 1546 |
| പ്രൈവററുഹൈസ്കൂളുകൾ | 837 |
| ഇടവക എലിമെ: സ്കൂൾ | 9051 |
| പ്രൈവററു എലിമെ: സ്കൂൾ | 517 |
| കോളേജ് വിദ്യാർത്ഥികൾ | 241,709 |
| ഹൈസ്കൂൾ വിദ്യാർത്ഥികൾ | 413,780 |
| എലിമെൻററി വിദ്യാർത്ഥികൾ | 34,51,785 |
| ആസ്പത്രികൾ | 795 |
| ചികിത്സിച്ച രോഗികൾ | 98,93,164 |
| കഴിഞ്ഞകൊല്ലം മാനസാന്തരപ്പെട്ടവർ | 139 333 |

—ഒന്നാംലോകമഹായുദ്ധത്തിൽ, ഫ്രാൻസിൽ വെർഡൂം എന്ന സ്ഥലത്തുവെച്ചുണ്ടായ വിജയത്തിൻെറ 4-ാം വാർഷികദിനത്തിൽ, ആ യുദ്ധഭൂമിയിൽ വെച്ചുതന്നെ വെർഡൂം മെത്രാൻ ദിവ്യപൂജ സമർപ്പിക്കുകയുണ്ടായി. ഫ്രഞ്ചു പ്രസിഡൻറും 20,000 ഭടന്മാരും ഇതിൽ സംബന്ധിച്ചിരുന്നു.

—പ്രൊപ്പഗാന്താ മിഷൻസംഘത്തിനു 1955-56-ൽ ഇന്ത്യയിൽനിന്നുള്ള സംഭാവന ക. 224,091-15-2 ആയിരുന്നു. കൊളംബിയാ, ഇററലി, ആസ്ത്രേലിയാ മുതലായ രാജ്യങ്ങളിൽനിന്നുണ്ടായിരുന്നതിനെക്കാൾ കൂടുതലായിരുന്നു ഇൻഡ്യയുടെ സംഭാവന.

—ഓക്സ്ഫോർഡു് സർവ്വകലാശാലയിൽനിന്നു കവിതാനിർമ്മാണത്തിനു നൽകപ്പെട്ട ന്യൂഡിഗേററു പ്രൈസ് ഇക്കൊല്ലം ബാലിയോൾ കോളേജിലെ ഒരു അമേരിക്കൻ കത്തോലിക്കാ വിദ്യാർത്ഥിയായ ഡേവിഡ് പേസ്റ്റനാക്കാണു ലഭിച്ചിരിക്കുന്നതു്. "പരിത്യക്തമായ അൾത്താര"യെപ്പററിയായിരുന്നു അദ്ദേഹത്തിൻെറ കവിത.

—ന്യൂയോർക്കിലെ അന്താരാഷ്ട്രീയ വിമാനത്താവളത്തിലെ കത്തോലിക്കാ ചാപ്പലിൽ 18 അടി ഉയരമുള്ള, അലൂമിനിയംകൊണ്ടുള്ള മാതാവിൻെറ ഒരു സ്വരൂപം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഒരു വിമാനത്തിൻെറ പ്രൊപ്പെല്ലറിൽ കന്യകാമാതാവു നിൽക്കുന്നതായിട്ടാണു് ഈ സ്വരൂപം സംവിധാനം ചെയ്തിരിക്കുന്നതു്.

—ഈയിടെ 4000 വിമാനസേനാംഗങ്ങൾ ലൂർദ്ദിലേക്കു് ഒരു തീർത്ഥയാത്രനടത്തുകയുണ്ടായി. ഫ്രാൻസ്, ജർമ്മനി, ഇററലി, സ്പെയിൻ, ബെൽജിയം, സ്വിററ്സർലൻഡു് ഈ രാജ്യങ്ങളിൽപെട്ടവരായ ഈ സൈനികർ കഴിഞ്ഞ യുദ്ധവേളയിൽ പരസ്പരസമരത്തിലേർപ്പെട്ടവരായിരുന്നു.

—ജർമ്മനിയിൽ കൊളോൺ എന്ന നഗരത്തിൽ "ബിൽഡിങ്ങു് ബ്രദേഴ്സ്" എന്ന നാമത്തിൽ ഒരു അൽമായസംഘടന രൂപവത്കൃതമായിരിക്കുന്നു. ജർമ്മനിയിലെ കമ്മ്യൂണിസ്റ്റുമേഖലയിൽനിന്നുള്ള അഭയാർത്ഥികൾക്കു വേണ്ടി 500 വീടുകൾ പണിയുന്ന ഒരു സംരംഭത്തിലേർപ്പെട്ടിരിക്കുകയാണവർ. ദാരിദ്ര്യം, ചാരിത്രശുദ്ധി, അനുസരണം, സമാസേവനം എന്നിവയാണു ഈ സംഘടനയുടെ മുദ്രാവാക്യങ്ങൾ.

—പശ്ചിമജർമ്മനിയുടെ ഒരു ഘടകമായ ലോവർ സാക്സണിയിലെ തദ്ദേശഗവണ്മെൻറു കത്തോലിക്കാവിദ്യാലയങ്ങൾക്കുള്ള ധനസഹായം നിർത്തലാക്കി. 1933-ലെ കൺകോർഡാറ്റുടമ്പടിയനുസരിച്ചു കത്തോലിക്കാസ്കൂളുകളുടെ സംരക്ഷണം ഗവർമെൻറു വഹിക്കേണ്ടതാണു്. ഹിററ്ലറുമായുണ്ടായ ആ ഉടമ്പടി കാലഹരണപ്പെട്ടുപോയി എന്നാണു പ്രൊട്ടസ്റ്റൻറു ഭൂരിപക്ഷമുള്ള സാക്സണിയുടെ വാദം. കേന്ദ്രഗവർമെൻറു് ഇപ്പോൾ സാക്സണിയെ പ്രതിചേർത്തു് സുപ്രീംകോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിരിക്കുന്നു.

—റോമയിലെ കത്തോലിക്കാപ്രവർത്തനസംഘം ഡയറക്ടർ സിഞ്ഞോർ ഇഗിനോ ജിയോർഡാനി പ്രസിദ്ധംചെയ്തിട്ടുള്ള ഒരു ഗ്രന്ഥത്തിൽ, 1944 ജനുവരിമാസത്തിൽ മാർപ്പാപ്പാ തിരുമേനിയെ ജർമ്മനിയിൽ വുർസ്ബെർഗ്ഗിലേക്കു മാററുവാൻ ഹിററ്ലർ ശ്രമിക്കുകയുണ്ടായെന്നും, മാർപ്പാപ്പാ അതിനെ ശക്തിയായി പ്രതിഷേധിച്ചുവെന്നും, മാർപ്പാപ്പായുടെ നേരേ ബലപ്രയോഗം നടത്തിയാൽ തൻെറ നാട്ടിലെ കത്തോലിക്കർ തന്നെ തനിക്കെതിരായേക്കുമോ എന്നു ഭയപ്പെട്ടാണു് ഹിററ്ലർ അതിനു മുതിരാതിരുന്നതെന്നും പ്രസ്താവിച്ചിരിക്കുന്നു. "മരണാനന്തരജീവിതം" എന്നാണു പുസ്തകത്തിൻെറ പേർ.

—ഈയിടെ ദക്ഷിണകൊറിയായുടെ വൈസ്പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ജോൺ ചാങ്ങ് ഒരു കത്തോലിക്കനാണു്. ഇൻഡൊനേഷ്യയിലെ കൃഷികാര്യമന്ത്രി സോഹാർഡിയും, തൊഴിൽമന്ത്രി ഡി റൊസാരിയും, വിയററ്നാം പ്രസിഡണ്ടു ഡീമും കത്തോലിക്കരാണു്. ഫിലിപ്പൈൻസിലെ പ്രസിഡൻറും മന്ത്രിസഭാംഗങ്ങളും കത്തോലിക്കരാണു്. പാക്കിസ്ഥാൻ നാഷനൽ അസംബ്ലി വൈസ്പ്രസിഡൻറും ഒരു കത്തോലിക്കനാണു്.

—കത്തോലിക്കാ സ്കൂളുകൾക്കു സഹായധനം നൽകുകയില്ലെന്നു തീരുമാനിച്ചതിനെത്തുടർന്നു ലബനനിലെ കത്തോലിക്കാവിദ്യാലയങ്ങളിലുണ്ടായിരുന്ന 60,000 കുട്ടികളെ അവിടെനിന്നും പിൻവലിക്കുകയും എല്ലാ കത്തോലിക്കാ സ്കൂളുകളും അടയ്ക്കുകയും ചെയ്യുകയുണ്ടായി. 10 ദിവസം കഴിഞ്ഞപ്പോൾ പഴയപടി സഹായധനം നൽകാമെന്നു ഗവണ്മെൻറു തിരിച്ചുത്തരവായിരിക്കുന്നു.

—കൊറിയായിലെ ഭവനരഹിതരായ വിധവകൾക്കും വൃദ്ധന്മാർക്കുംവേണ്ടി 500 വീടുകൾ പണിതുകൊടുക്കുന്നതിനു അമേരിക്കയിലെ നാഷനൽ കാത്തലിക് വെൽഫയർ കോൺഫറൻസ് തീരുമാനിച്ചിരിക്കുന്നു.

—കഴിഞ്ഞ മഹായുദ്ധകാലത്തു് കാസ്റ്റൽ ഗൊണ്ടോൾഫോയിൽ അമേരിക്കൻബോംബു വീണുണ്ടായ നഷ്ടത്തിനു പരിഹാരമായി 345,000 പവൻ വത്തിക്കാനു കൊടുക്കുന്നതിനുള്ള ഒരു ബില്ല് അമേരിക്കൻ പ്രതിനിധിസഭ പാസാക്കിയിരിക്കുന്നു. വത്തിക്കാൻ ആവശ്യപ്പെട്ട നഷ്ടപരിഹാരം 540,000 പവനായിരുന്നു.

—ഫ്രാൻസിലെ സ്കൂൾപ്രശ്നം സംബന്ധിച്ചു വത്തിക്കാനുമായി കൂടിയാലോചന നടത്തുവാൻ ഗവർമെൻറിനോടു് ആവശ്യപ്പെടുന്ന ഒരു പ്രമേയം ഇടതുപക്ഷകക്ഷിയിൽപെട്ട എം. ലക്കോവർ എന്ന ഫ്രഞ്ചു പാർലമെൻറംഗം ചേംബറിൽ അവതരിപ്പിച്ചിരിക്കുന്നു.

(12-ാംപേജ് തുടർച്ച)

ത്യക്ഷപ്പെട്ടുതുടങ്ങി. ചില സമ്മേളനങ്ങളിൽ പ്രാസംഗികസ്ഥാനവും കൈവരിച്ചു. സഖാക്കളുടെ ഹസ്തതാഡനങ്ങളിലും സിന്ദാബാദ് വിളികളിലും അവന്റെ അഭിമാനം തലപൊക്കി. കമ്മ്യൂണിസ്റ്റ് ജാഥകളിൽ അവൻ നേതൃത്വം നൽകി. പാവപ്പെട്ട തൊഴിലാളികളുടെ ഹൃദയങ്ങളിൽ അവന്റെ ദുരുപദേശംനിമിത്തം വമ്പിച്ച കോളിളക്കമുണ്ടാക്കിത്തീർത്തു. അവൻ ഒരു ചെറിയ നേതാവായി!

മാത്തപ്പന്റേയും മറിയാമ്മയുടേയും ഹൃദയവ്യഥ ആർക്കളക്കുവാൻ സാധിക്കും? അവരുടെ അശ്രുകണങ്ങൾ ആ ഭവനത്തിൽ ഒരു ചെറിയ ചുടുനീർപ്രവാഹം നിർമ്മിച്ചു. ആ മാതാപിതാക്കൾക്ക് ഊണും ഉറക്കവുമില്ലാതായി. ദുഃഖിതയായ ആ മാതാവ് രോഗശയ്യയെ അഭയംപ്രാപിച്ചിരിക്കുകയാണിന്ന്. മേരിക്കുട്ടി മാതാപിതാക്കളെ ആശ്വസിപ്പിക്കുവാൻ ശ്രമിക്കും, "അമ്മച്ചി, വ്യസനിക്കാതിരിക്കൂ. ജ്യേഷ്ഠൻ യാതൊരാപത്തും കൂടാതെ തിരിച്ചുവരും. മാതാവ് ജ്യേഷ്ഠനെ കൈവിടത്തില്ല. നമുക്കപേക്ഷിക്കാം" എന്ന്. മരിയഭക്തിയിൽ അത്ര വിശ്വാസമാണവൾക്ക്. അവരുടെ ശരണം മുഴുവൻ അവർ പരിശുദ്ധ കന്യകയിൽ നിക്ഷേപിച്ചു.

x x x

അടുത്തൊരു ശനിയാഴ്ചയായിരുന്നു. മേരിക്കുട്ടി പതിവുപോലെ ഒരു പുഷ്പമാല്യവുമായി പള്ളിയിലെത്തി. മാതൃസ്വരൂപത്തിൽ ആ മാല അണിയിച്ചു. അവൾ പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. ജപമാല ചൊല്ലി. ദിവ്യകാരുണ്യം സ്വീകരിച്ചു. അതെല്ലാം തന്റെ സഹോദരന്റെ മനസ്സുതിരിവിനു വേണ്ടി അവൾ കാഴ്ചവച്ചു. പിന്നീട് അവൾ ധ്യാനനിമഗ്നയായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആരോ അവളുടെ അരികെനിന്നു ചെവിയിൽ മന്ത്രിക്കുന്നതുപോലെ അവൾക്കുതോന്നി, "മകളേ, നീ വ്യസനിക്കേണ്ട. നിന്റെ പ്രാർത്ഥന സ്വീകരിച്ചിരിക്കുന്നു. ഇന്ന് അസ്തമിക്കുന്നതിനൊപ്പം നിന്റെ സഹോദരൻ തിരിച്ചുവരും." മേരിക്കുട്ടി നാലുപാടും നോക്കി. അവൾ ആരേയും കണ്ടില്ല. വേഗത്തിൽ വീട്ടിലേക്കു തിരിച്ചു. അഴലിന്റെ ആധിക്യത്താൽ അവശരായിരുന്ന ആ മാതാപിതാക്കളോട് അവൾ പള്ളിയിലുണ്ടായ സംഭവത്തെപ്പററി പറഞ്ഞുകേൾപ്പിച്ചു.

സ്നേഹിതന്മാരൊത്തു ധൂർത്തടിക്കുന്ന ജയിംസിനു ഇതിനിടയിൽ ചില മാനസികവ്യതിയാനങ്ങൾ അനുഭവപ്പെട്ടിരുന്നു. തന്റെ സഹപാഠിയായിരുന്ന ജോണിൽനിന്ന് ആൻഡ്രൂസ്മിത്തിന്റെ "വിപ്ലവത്തിന്റെ വെന്നിക്കൊടി" എന്ന മഹൽഗ്രന്ഥം ലഭിക്കാനിടയായി. വെറുപ്പോടെയാണെങ്കിലും അവൻ അത് ആദ്യന്തം ഒരാവർത്തി വായിച്ചു. വീണ്ടും വീണ്ടും വായിക്കുന്നതിനു അവനെവിടെനിന്നോ ഒരു പ്രചോദനം ലഭിച്ചു. ആകപ്പാടെ ഒരസമാധാനം. അവന്റെ മനഃപരിവർത്തനത്തിനു സമയമായി. അവനിൽ കുടികൊണ്ടിരുന്ന കമ്മ്യൂണിസ്റ്റന്ധകാരം ഓടിമറഞ്ഞു. വസ്തുതകൾ തനിനിറത്തിൽ നിരന്നുതുടങ്ങി. അവൻ എന്നന്നേക്കുമായി കമ്മ്യൂണിസം ഉപേക്ഷിച്ചു. തന്റെ മാതാപിതാക്കളെ അഭയംപ്രാപിക്കുക എന്നുറച്ചു. സ്വഗൃഹത്തിലേക്കു അവൻ തിരിച്ചുകഴിഞ്ഞു.

മേരിക്കുട്ടി തന്റെ മാതാപിതാക്കളിൽ കൊളുത്തിവച്ച "ആശാദീപം" കൂടുതൽ ഉദ്ദീപ്തമായി. സന്ധ്യയുടെ അന്ധകാരം ദിനപ്രകാശത്തെ കീഴടക്കി. നിശയുടെ നർത്തനാരംഭമായി. മാത്തപ്പനും കുടുംബാംഗങ്ങളും ഉമ്മറത്തിണ്ണയിൽ ഇരിക്കുകയായിരുന്നു. അങ്ങകലെ ഒരു നിഴൽ നീങ്ങുന്നതുകണ്ടു. അത് വീടിനെ സമീപിച്ചപ്പോൾ ഒരാളാണെന്നു മനസ്സിലായി. ആഗതന്റെ കാൽവെപ്പുകൾക്കു വേഗത കൂടിവന്നു. ഒമ്പതുമാസകാലംമുമ്പു കുടുംബംവിട്ടിറങ്ങിപ്പോയ ജയിംസായിരുന്നു അത്. ഈ പ്രത്യാഗമനത്തിൽ ആ മാതാപിതാക്കൾക്കുണ്ടായ സന്തോഷം എത്രമാത്രമായിരുന്നുവെന്ന് വർണ്ണിക്കാവതല്ല. അവരുടെ നയനദ്വയങ്ങളിൽനിന്ന്, അണകെട്ടി നിർത്തിയിരുന്ന പുഴയിലെ വെള്ളം പൊട്ടിപ്പോകുംപോലെ അശ്രുബിന്ദുക്കൾ ധാരമുറിയാതെ ഒഴുകിത്തുടങ്ങി. ജയിംസ് തന്റെ വാത്സല്യമാതാപിതാക്കന്മാരുടെ പാദങ്ങളിൽ വീണു മാപ്പപേക്ഷിച്ചു. അവൻ അവരുടെ പാദങ്ങൾ പശ്ചാത്താപത്തിന്റെ ചുടുബാഷ്പംകൊണ്ടു കഴുകി.

വികാരങ്ങൾ ശാന്തമായപ്പോൾ അവൻ പറഞ്ഞു: "അന്നൊരു രാത്രി ഞാൻ കിടന്നുറങ്ങുമ്പോൾ




ആരോ എന്നെ വിളിക്കുന്നതായും ജയിംസേ നീ സൂക്ഷിച്ചുകൊള്ളുക എന്നു പറയുന്നതായും എനിക്കു തോന്നി. മന്യാതിരേകത്താൽ എനിക്കു അതേത്തുടർന്നു വായിക്കുവാൻ സന്ദർഭംലഭിച്ച ആ മഹൽഗ്രന്ഥം വായിച്ചുകഴിഞ്ഞപ്പോൾ എന്നിൽ വേരൂന്നിയിരുന്ന കമ്മ്യൂണിസ്റ്റാദർശങ്ങൾ പാടെ തകിടംമറിഞ്ഞു. ഞാൻ എന്നന്നേക്കുമായി ആ സഖാക്കളുടെ കൂട്ടുകെട്ടിൽനിന്നും ഒഴിഞ്ഞുമാറി. അപ്പച്ചാ ക്ഷമിക്കണം." ആ വാത്സല്യപിതാവ് തന്റെ ഓമനമകനെ സാന്ത്വനവാക്കുകളാൽ സമാശ്വസിപ്പിച്ചു.

ഇതെല്ലാം നോക്കിക്കൊണ്ടിരുന്ന മേരിക്കുട്ടി ഒരു ഉത്തരീയം തന്റെ സഹോദരനെ ധരിപ്പിച്ചുകൊണ്ടു പറഞ്ഞു: "ഇതെല്ലാം നമ്മുടെ സ്വർഗ്ഗീയഅമ്മയാണു സാധിച്ചുതന്നത്." ഒരു നവചൈതന്യം അവന്റെ മുഖത്തു വിളയാടി. മേരിക്കുട്ടിയുടെ മരിയഭക്തിയാണു തന്റെ മാനസാന്തരത്തിനു കാരണമെന്നു ജയിംസിനു ബോദ്ധ്യമായി.

ഇന്നു ജയിംസ് ഒരു മാതൃകാദ്ധ്യാപകനാണ്. കുട്ടികളെ അടിയുറച്ച ദൈവവിശ്വാസത്തിൽക്കൂടി നയിക്കുന്നതിനു തന്റെ അദ്ധ്യാപകജീവിതത്തെ അദ്ദേഹം പൂർണ്ണമായി ഉപയോഗിക്കുകയാണ്, തന്റെ പഴയ ദുർമ്മാതൃകകൾക്കു പരിഹാരമായി. മരിയഭക്തി ആ മാതൃകാദ്ധ്യാപകന്റെ ഒരു വിശിഷ്ടഗുണമാണ്. ശിഷ്യസഞ്ചയം അതവരുടെ ജീവിതത്തിൽ അനുകരിക്കുന്നു.

ആഖ്യായിക




## അദ്ധ്യായം 16 [തുടർച്ച]

# ബറാബാസിന്നെതിർ യൂദാ

[വി. സി. ജോർജ് ബി. എ. എൽ. റ്റി.]

പിൻവശത്തുള്ള ഒരു കോണിപ്പടിയിൽക്കൂടി ഭടന്മാർ ബറാബാസിനെ കൊട്ടാരത്തിന്റെ പിറകിലുള്ള കെട്ടിടങ്ങളിലേക്കു കൊണ്ടുപോയി. അവിടെ അടിനിലയിലായിരുന്നു തടങ്കൽ മുറികൾ. ബറാബാസ് മുമ്പ് കിടന്നിരുന്ന ഇരുളടഞ്ഞ് ദുർഗ്ഗന്ധം വമിച്ച മുറിയിലല്ലാ ഭടന്മാർ ഈ പ്രാവശ്യം അയാളെ ഇട്ടത്. പ്രമുഖതടവുകാർക്കുവേണ്ടി നിർമ്മിക്കപ്പെട്ട മുറികളിലൊന്നായാൾക്കു നൽകി. പാറയിൽ വെട്ടിയുണ്ടാക്കിയ ആ മുറിയുടെ ദർശനം പൊതുവഴിയിലേക്കായിരുന്നു. ബലിഷ്ഠങ്ങളായ ഇരുമ്പുകമ്പികളുറപ്പിച്ച ഒരു ജനലും അതിനുണ്ടായിരുന്നു. തറയിൽ വയ്ക്കോൽ വിരിച്ചിരുന്നതിനു പുറമെ മുറി മൊത്തത്തിൽ സുഖപ്രദമായ ചൂടുള്ളതുമായിരുന്നു. പാറയിൽ ഘടിപ്പിച്ചിരുന്ന ഒരിരുമ്പുവളയത്തോട് ബറാബാസ് ആ ലോഹത്തിലുള്ള ഒരു ചങ്ങലമൂലം ബന്ധിതനായിരുന്നു. എങ്കിലും തറയിൽ അയാൾക്ക് നീണ്ടുനിവർന്നു കിടക്കത്തക്കവണ്ണം ചങ്ങലയ്ക്കു നീളമുണ്ടായിരുന്നു. ഭടന്മാർ നിശ്ശബ്ദരായി പിൻവാങ്ങി. എന്നാൽ ഇരുമ്പുകമ്പികൾ ചേർത്തുണ്ടാക്കിയ വാതിലിനു മുമ്പിൽ തടവുകാരനെ സൂക്ഷ്മവീക്ഷണം ചെയ്യുന്ന കാവൽഭടന്മാർ മുമ്പോട്ടും പിമ്പോട്ടും കവാത്ത് ചെയ്തുകൊണ്ടിരുന്നു.

കൂടുതൽ സുഖപ്രദമായ ഒരു മുറിയാണ് തനിക്കീപ്രാവശ്യം ലഭിച്ചതെന്നുള്ള സംഗതി ബറാബാസിന്റെ ശ്രദ്ധാവിഷയമായില്ല. പ്രൊക്കുറേറ്ററുമായുണ്ടായ സന്ദർശനത്തിനുശേഷം റോമാവിരോധത്തിന്റെ തിരത്തള്ളൽ കഴിഞ്ഞിട്ട്, അയാൾ തീർത്തും ക്ഷീണശരീരനായി, അർദ്ധപ്രജ്ഞമാത്രം അവശേഷിച്ചുവിധം കിടന്നു മയങ്ങുകയായിരുന്നു. വേദന അനുഭവിക്കുന്നതായി ധരിക്കുവാൻപോലും അയാൾക്ക് ശക്തി ഉണ്ടായില്ല. മനസ്സിനു ധാരാളം മാന്ദ്യമുണ്ടായിരുന്നു. അടിയേററ്, ബോധമററ്, മരണകരമായ അവസാനആഘാതം സ്വീകരിക്കുവാൻ ജഡീകൃതമായി കഴിയുന്ന ഒരു മൃഗത്തിന്റേതിനു തുല്യമായിരുന്നു അയാളുടെ സ്ഥിതി.

അയാൾക്കു നൽകപ്പെട്ട ആരോഗ്യപ്രദങ്ങളായ ഔഷധങ്ങൾ ബറാബാസ് സേവിച്ചു; ഒരു ചെറുഭരണി നിറയെയുണ്ടായിരുന്ന വീഞ്ഞ് കുടിച്ചു, പിന്നീട് ഉറങ്ങണം, ഉറങ്ങണം എന്ന ആഗ്രഹം മാത്രമേ അയാൾക്കുണ്ടായിരുന്നുള്ളു. പകലോ രാത്രിയോ അപ്പോൾ എന്ന വിവരംപോലും അയാൾക്കില്ലായിരുന്നു. കണ്ണാടിയില്ലാതിരുന്ന ജനാലക്കമ്പികൾക്കിടയിൽക്കൂടി വിളറി വേദനെ അനുഭവിക്കുന്ന എസ്രായുടെ മുഖം ദൃശ്യമായതായി ബറാബാസിനൊരിക്കൽ തോന്നി. അടുത്ത ക്ഷണം അതൊരു മിഥ്യാമതിയാണെന്നയാൾ ഉറച്ചു. അനന്തരം സുഷുപ്തി അയാളെ ആവരണംചെയ്തപ്പോൾ ഒട്ടുവളരെ പേക്കിനാവുകൾ അയാളെ അലട്ടിക്കൊണ്ടിരുന്നു. മിറിയാം എരിഞ്ഞുകൊണ്ടിരിക്കുന്ന വീട്ടിനുള്ളിൽ ഓടി മറയുന്നതു അയാൾ കാണുകയും അവളുടെ പിന്നാലെ പാഞ്ഞെത്തുവാൻ അയാൾ ആഗ്രഹിക്കുകയും ചെയ്തു. പക്ഷേ, സ്തബ്ധഗാത്രനായ അയാൾക്കു ചലിക്കുവാൻ കഴിഞ്ഞില്ല. പിന്നത്തെ കാഴ്ച നസ്രായൻ ഒരു സമരായസ്ത്രീയോട് സംഭാഷിച്ചുകൊണ്ട് യാക്കോബിൻ കിണററിനുസമീപം ഇരിക്കുന്നതായിരുന്നു. പക്ഷേ സ്ത്രീ മിറിയാം ആയിട്ടും നസ്രായന്റെ വാക്കുകൾ കേൾക്കുകയിൽ അവൾ ഒരു വെള്ളവസ്ത്രം ധരിച്ചിരുന്നതായിട്ടുമാണ് ബറാബാസിനു തോന്നിയത്. അവളുടെ സമീപത്തേക്കു ഓടി എത്തി നസ്രായന്റെ ദുരുപദേശങ്ങളിൽനിന്നവളെ നിവർത്തിപ്പിക്കുവാൻ ബറാബാസ് കൊതിച്ചു. അയാളുടെ കാലുകൾക്ക് ശരീരം താങ്ങുവാൻ കഷ്ടം, കഴിഞ്ഞില്ല. കൈകൾ ഉയർത്തി ഉഗ്രമായ വ്യഥയോടുകൂടി "മിറിയാം, മിറിയാം!" എന്നു വിളിക്കുവാനേ അയാൾക്കു സാധിച്ചുള്ളു. അയാളെ അറിയാത്ത ഭാവത്തിൽ വിസ്മയഭരിതയായി നോക്കിക്കൊണ്ട് "ഞാൻ ഇദ്ദേഹത്തിന്റേതാകുന്നു" എന്നവൾ മറുപടി നൽകിയതായിരുന്നു ഫലം; കാവൽഭടന്മാർ ബറാബാസിന്റെ ധാരാളം അലർച്ചകളും രോദനങ്ങളും കേട്ടു. അവരിൽ ഒരാൾ "അയാൾക്ക് കരിങ്കിനാവുകൾ കാണുന്നുണ്ടല്ലോ" എന്നു പറഞ്ഞുകൊണ്ട് കവാത്ത് തുടർന്നു.

ബറാബാസിനെ ഭടന്മാർ കൊണ്ടുപോയശേഷം എഴുത്തുമേശയുടെ സമീപം വീണ്ടും ഇരിപ്പുറപ്പിച്ച മാർക്കസിന്റെ നേരെ പീലാത്തോസ് തിരിഞ്ഞു: "ഈ മനുഷ്യനെപ്പററി മാർക്കസ് എന്തു പറയുന്നു? അയാളെ വഞ്ചിച്ചതിൽ എനിക്ക് മനസ്താപമുണ്ട്. അയാളെ പരമാർത്ഥത്തിൽ ചതിക്കുകയാണല്ലോ ചെയ്തത്. ഏതുതരത്തിലുള്ള സിംഹത്തെയാണ് ബറാബാസ് എതിരിടേണ്ടിവരുന്നതെന്നയാൾ മനസ്സിലാക്കിയിരുന്നെങ്കിൽ ആ സമരത്തെക്കാളധികം അയാൾ നിഷ്ഠൂരപീഡനം ഇഷ്ടപ്പെട്ടുമായിരുന്നു. മാർക്കസ്, എനിക്കതിനെപ്പററി ലജ്ജതോന്നുന്നു."

ബറാബാസിന്റെ നയവിശേഷത്തിൽ ആദരം തോന്നിയ സിക്രട്ടറി മേലധികാരിയെ സമാശ്വസിപ്പിക്കുവാൻ ഉത്സാഹിച്ചു: "പ്രൊക്കുറേറ്റർ, ആ കൊള്ളക്കാരന്റെ കാര്യത്തിൽ അവിടുത്തേക്കു സഹതാപം തോന്നുന്നതു തന്നെ അങ്ങയുടെ മഹാമനസ്കത തെളിയിക്കുന്നു. ചില അസാധാരണഗുണവിശേഷങ്ങൾ അയാളിൽ ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അയാൾക്ക് കാലിന്മേൽ നില്ക്കുവാൻ ശക്തിയില്ലാതിരുന്നിട്ടും അങ്ങ് കൊടുക്കാമെന്നു വെച്ച കസേര അയാൾ സ്വീകരിച്ചില്ലല്ലോ."

"അതുതന്നെ. ശത്രുവിൽനിന്നു ഏതെങ്കിലും ആനുകൂല്യം സ്വീകരിക്കുന്നതിൽ ഭേദം മരിക്കുകയാണെന്നുള്ള മനഃസ്ഥിതി. അതെനിക്കിഷ്ടമാണ്. ഇയാളൊരു വിപ്ലവം തുടങ്ങുകയും ഞാനതിനെ അമർത്തുകയും ചെയ്താൽ സെനററു എനിക്കു എന്തു സമ്മാനം തരുമെന്നതിനെപ്പററി ഞാൻ ചിന്തിക്കുകയായിരുന്നു. റോമൻ നഗരത്തിൽ ഒരു വിജയോത്സവം തീർച്ചയായും അവർ സമ്മതിക്കുകയില്ല. എങ്കിലും ഈ വിചിത്രജന്തുവിനെ റോമയിൽ കാണുവാൻ അവർ ആഗ്രഹിച്ചേനെ. ആ കാഴ്ച വിസ്മയാവഹമായിരുന്നുതാനും. അങ്ങനെ ചെയ്യുക എനിക്കും ബറാബാസിനും കൂടുതൽ അഭിമാനകരമാകുമായിരുന്നു. ഏതായാലും ക്രീഡാരംഗത്തു അയാൾ പെരുമാറുന്നവിധം രസകരമായിരിക്കും. ആകട്ടെ, നിങ്ങളുടെ സ്വദേശിയർ—ക്ഷമിക്കണം, അർദ്ധസ്വദേശിയർ — ക്രീഡാരംഗത്ത് ധാരാളം ഹാജരാകുമെന്നാണോ നിങ്ങളുടെ വിചാരം? യൂദാ ബെൻയാക്കോബും ബറാബാസ് ബെൻ എസക്കിയലും തമ്മിലുള്ള സമരം അവരിൽ ഒട്ടുവളരെപ്പേരെ ആകർഷിക്കുമെന്നാണ് ഞാൻ കരുതുന്നത്."

"ഇല്ലാ. പ്രൊക്കുറേറ്റർ, അവർ വരികയില്ല." ഖണ്ഡിതമായ സ്വരത്തിൽ മാർക്കസ് പറഞ്ഞു.

"എന്തുകൊണ്ട് വരികയില്ല. സിസറിയായിൽ ഒട്ടുവളരെ യഹൂദന്മാർ ക്രീഡാരംഗത്ത് ഹാജരായിരുന്നുവെന്നാണ് എന്റെ ഓർമ്മ."

"സിസറിയായിലെ യഹൂദന്മാർ ജറുസലേമിലെ യഹൂദന്മാരിൽനിന്ന് വ്യത്യസ്തരാണ്. പാസ്ക്കാൽ ഉത്സവം ആസന്നമായിരിക്കുന്ന ഈ അവസരത്തിൽ ജനം മുഴുവനും മതലഹരിയിൽ നിമഗ്നമായിരിക്കുകയാൽ "അവിശ്വാസികളുടെ വിനോദങ്ങളിൽ" സഹകരിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതിനു യാതൊന്നിനുംതന്നെ സാധിക്കുകയില്ല. മാത്രമല്ല, രക്തം ചിന്തലുള്ള വിനോദപ്രകടനത്തിനു യഹൂദന്മാർ മൊത്തത്തിൽ വിമുഖരാണ്."

"നിങ്ങൾക്കു, യഹൂദന്മാർക്ക്, ഏതെങ്കിലുംതരത്തിൽ നാടകശാലകളും മററും ഇല്ലയോ?"

"ഇല്ല, നിയമം അതെല്ലാം നിരോധിച്ചിരിക്കുകയാണ്."

"മേത്തരം മ്ളേച്ഛർ എന്നല്ലാതെന്തുപറയട്ടെ! അവർക്കു ശില്പങ്ങൾ പാടില്ല, നിയമം അവയെ നിരോധിക്കുന്നു. അവർക്കു പ്രദർശനങ്ങൾ പാടില്ല, നിയമം അവയെ നിഷേധിക്കുന്നു. കലയുടെ സഹായംകൂടാതെ ഒരു ജനസമുദായം എങ്ങനെ ജീവിക്കും?"

മാർക്കസ് ചിന്താകുലനായി എഴുത്തുമേശമേൽ നോക്കിക്കൊണ്ടിരുന്നു. യഹൂദജനത്തിനനുകൂലമായി എന്തെങ്കിലും സംസാരിക്കുക മാർക്കസിന്റെ പ്രകൃതിയിൽ പെട്ടിരുന്നില്ല. എങ്കിലും തൽസമയം സ്വന്തം ദാസ്യമനസ്ഥിതിയും മരണത്തെപ്പോലും കൂസാത്ത ബറാബാസിന്റെ ചിത്തവൃത്തിയും തമ്മിലുള്ള അന്തരം മാർക്കസിന്റെ മനോദർപ്പണത്തിൽ പൊന്തിവന്നു. ആ അവസരത്തിലെങ്കിലും യഹൂദരെ അടിക്കുന്നതിലേക്കു ചാട്ടക്കണയാകുവാൻ അയാൾക്കു മനസ്സുവന്നില്ല.

"പ്രൊക്കുറേറ്റർ, അവരുടെ

തെക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്ക് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

ളു് കലാരഹിതമായ ജീവിതമല്ല. അവക്കു് അവരുടെ മഹനീയമായ ശില്പസങ്കേതം, ജറൂസലേം ദേവാലയമുണ്ടു്. അതിനു സമമായ ഒരാലയം മാനവസമുദായത്തിന ജ്ഞാതമത്രെ."

"കൊള്ളാം. അതു് മനോഹരമാണെന്നു നിങ്ങൾ വിചാരിക്കുന്നുവെങ്കിൽ......"

ബെറാബൊസുമായുണ്ടായ പരിചയം എതിർവാദത്തിനുള്ള മാർക്കസിന്റെ വാസനയെ അഴിച്ചുവിട്ടുവെന്നവിധം അയാൾ ഉത്സാഹപൂർവ്വം പറഞ്ഞു: "മനോഹരമോ? ആകാര്യം തർക്കവിഷയമാകാം. എന്നാൽ അതു് മഹാ ശക്തിയുക്തമാണു്, അനന്യസാധാരണമാം വണ്ണം അതിപ്രബലമാണു്. അവർക്കു വിശുദ്ധ ഗീതങ്ങളുണ്ടു്, മതപരമായ അസ്സാരാംശങ്ങൾ കഴിച്ചാൽ അവ ഒന്നാന്തരം കാവ്യമാകുന്നു. പ്രൊക്കറയിററർ, അവിടുത്തേക്കു താല്പര്യമുണ്ടെങ്കിൽ സോളമൻരാജാവിന്റെ സുഭാഷിതങ്ങൾ എന്നറിയപ്പെടുന്ന ആ കാവ്യത്തിന്റെ ഒരു പരിഭാഷ ഞാൻ ഈ ദിവസങ്ങളിൽ അവിടുത്തേക്കുവേണ്ടി ശരിപ്പെടുത്താം. അതു് അതിഗുരുവായ ഒരു കലാനിർമ്മിതിയാണു്."

"വേണ്ടാ, മാർക്കസ്, വളരെ ഉപകാരം. അതേകൃതിയെപ്പററി ഒന്നിലധികംപ്രാവശ്യം അരിമത്ത്യൻജോസഫ് എന്നോടു സംസാരിച്ചിട്ടുണ്ടെന്നാണു തോന്നുന്നതു്. ഈ ജാതിയിലുള്ള കലാവിശേഷം എന്റെ മനഃസ്ഥിതിയോടുകൂടിയ ഒരാൾക്കു ഗ്രഹിക്കുവാൻ സാധിക്കുമെന്നെനിക്കു തോന്നുന്നില്ല. യഹൂദരുടെവക തത്വശാസ്ത്രമില്ലെന്നു ഞാൻ ഊഹിക്കുന്നു; ഉണ്ടായിരിക്കുമോ?"

"യഹൂദരുടെ തത്വങ്ങളെല്ലാം ഈശ്വരനിൽ ആരംഭിക്കുകയും അവസാനിക്കുകയുംചെയ്യുന്നു. താർക്കികമായ ഒരു വീക്ഷണകോണത്തിൽ, തത്വശാസ്ത്രം ജീവിതത്തിന്റെ ഉപദേഷ്ടാവും നിയമങ്ങളുടെ സ്രഷ്ടാവും സൽഗുണങ്ങൾക്കു മാർഗ്ഗദർശിയുമാണെന്നു വിശ്വസിക്കുന്ന സിസെറോയുടെ തത്വശാസ്ത്രത്തിനെന്തു സ്ഥാനമാണുള്ളതു്? യഹൂദരുടെ ദൃഷ്ടിയിൽ ഇവയെല്ലാം ദൈവത്തിൽനിന്നുളവാകുന്നു."

"സംസ്കാരശൂന്യമായ ഒരു ജനം!" പീലാത്തോസ് പ്രസ്താവിച്ചു: "സാന്ദർഭികമായി പറയുന്നതാണു്; ബെറാബൊസിന്റെ ലത്തീൻ സംസ്കാരശൂന്യമായിരുന്നു."

"അയാൾക്കേറെക്കാലം ആ ഭാഷയുടെ ആവശ്യമുണ്ടായിരിക്കുകയില്ല," മാർക്കസ് ആസ്ഥാരഹിതം പ്രസ്താവിച്ചു: "ഇല്ലാ, തീർച്ചയായുമില്ല. എന്നെ അലട്ടുന്ന ഒരു സംഗതി ഒരു യഥാർത്ഥപുരുഷനായ ഇയാളെ കൊലചെയ്തു കൊടുക്കേണ്ടിവരുന്ന എനിക്കു് പ്രധാനാചാര്യന്മാരേയും മററു പ്രക്ഷോഭകാരികളേയും സ്പർശിക്കുവാൻ സാധിക്കുന്നില്ലെന്നുള്ളതാണു്. ആകട്ടെ, ആ നഥാനിയേൽ പുരോഹിതനെ സൂക്ഷിക്കേണ്ടതിലേക്കു നിങ്ങൾ വല്ലവരേയും നിയോഗിച്ചുവോ?"

"ഉവ്വ്. ഇപ്പോൾ അദ്ദേഹം രോഗബാധിതനായി സ്വഭവനത്തിൽ കിടപ്പാണു്. ജെറിക്കോയിലും ഇതേമാതിരിയുള്ള മാർഗ്ഗമദ്ധ്യേയും അനുഭവപ്പെട്ട ഉത്താപം അദ്ദേഹത്തിന്റെ ആരോഗ്യത്തിനു് സാരമായ കോട്ടം സംഭവിപ്പിച്ചുവെന്നു തോന്നുന്നു." ദോഷപൂർവ്വകമായ ഒരു പ്രകാശം ഈ അഭിപ്രായപ്രകടനാവസരത്തിൽ മാർക്കസിന്റെ നയനങ്ങളിൽ ദൃശ്യമായിരുന്നു.

"ഈ എല്ലാ ഏർപ്പാടുകളിലുംവച്ച് എനിക്കു സാക്ഷാത്തായ ആനന്ദംനൽകുന്നതു് അതുമാത്രമാകു

പ്യാരി (REGD)
ഔഷധസോപ്പ്
ചുണങ്ങ്, താരൻ
മുഖക്കുരു, പുഴുക്കടി
നിറഭേദങ്ങൾ
മുതലായവയ്ക്ക്
PYARY PRODUCTS (REGD) T.C.S

ന്നു. അയാളെ അറസ്റ്റുചെയ്യുന്നതിൽ അയാളുടെ പരാതി, പരിഹാരമാവശ്യപ്പെടുവാനുള്ള പ്രധാനാചാര്യന്റെ സംരംഭമായിരിക്കും അടുത്തതു്. ഔദ്ധത്യത്തിന്റെ ഔന്നത്യം!"

"പ്രൊക്കറയിററർ, അങ്ങു് എല്ലാകാര്യങ്ങളിലും ഇങ്ങനെ കണ്ണടച്ചാൽ അടുത്തതുതന്നെയായിരിക്കും. ബെറാബൊസ് നൽകിയ അറിവാസ്പദമാക്കി ഈ കൂട്ടരെയെല്ലാം അങ്ങയുടെ കാൽക്കൽ വീഴിക്കാം."

"അതുതന്നെയാണല്ലോ എനിക്കാവശ്യമില്ലാത്തതു്. ബെറാബൊസ് നൽകിയ അറിവുപയോഗിച്ചെന്തെങ്കിലും നടപടി സ്വീകരിച്ചാൽ രാജ്യദ്രോഹികളുടെ ഒന്നാംതരം ഒരു കൂട്ടുകെട്ടും റോമാ ഉദ്യോഗസ്ഥരായി പ്രചണ്ഡമായ ഒരു സമരത്തിന്റെ സകല സജ്ജീകരണങ്ങളും നാം കണ്ടുപിടിച്ചുവെന്നു ശ്രുതിപെറാങ്ങും. തവണ്ണർ എന്ന നിലയിലുള്ള എന്റെ യോഗ്യതകളെപ്പററി ആ ശ്രുതിമൂലം റോമിൽ ഏതെല്ലാംതരത്തിൽ സംസാരമുണ്ടാകുമെന്നാണു് നിങ്ങൾ വിചാരിക്കുന്നതു്? ഈ സംഗതിയെല്ലാം വെറും ചിരിക്കുള്ള വകയായി പരിണമിച്ചാൽ മതിയെന്നാണെന്റെ അഭിപ്രായം. ബെറാബൊസിനേയും യൂദാബെൻയാക്കോബിനേയും സംബന്ധിച്ച ഈ തമാശു്തന്നെ സമയത്തിനുമുമ്പു് ആരേയും അറിയിക്കരുതു്. അതു് ക്രീഡാരംഗത്തിലെ ആശ്ചര്യമായിരുന്നുകൊള്ളട്ടെ. യൂദാബെൻയാക്കോബിനേയും അയാ

## ഉപകാരസ്മരണ

വി. അന്തോണീസിന്റേയും വി. പത്താംപീയൂസിന്റേയും മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Mrs. T. J. O., Enamakkel

ളുടെ അനുയായികളേയും ആസകലം മരുഭൂമിയിൽനിന്നു ഉടൻതന്നെ തുരത്തിക്കളയാമോ എന്നു് ഞാൻ സംശയിക്കുന്നു. അതു് ആലോചിക്കേണ്ടതായ കാര്യം തന്നെ."

പീലാത്തോസ് സിക്രട്ടറിയെ ഉദ്ദേശിച്ചു് ശിരഃകമ്പം നിർവ്വഹിച്ചിട്ടു് കൊട്ടാരത്തിലെ ജനവാസവിഭാഗങ്ങളിലേക്കു നടന്നു. ബെറാബൊസും, വിവിധ സ്ഥാനികളായ പ്രധാനാചാര്യന്മാരും, മോഷൻ യൂദാബെൻയാക്കോബും, ഖേലാപ്രകടനം സംബന്ധിച്ചു് താൻ നിർദ്ദേശിച്ച തമാശുമെല്ലാം, ഇളുപ്പ്സാവഹമായി പീലാത്തോസിനു പെട്ടെന്നു തോന്നി. സെല്ലപിടിച്ച ഉദ്യോഗികജീവിതം! അത്യധികം ഗർഹണീയം! ഈ സാഹചര്യങ്ങളിൽ ഏതൊരുവനും മന്ദംമന്ദം സംസ്കാരരഹിതനായിത്തീരുകതന്നെ ചെയ്യും. ഇപ്രകാരമായിരുന്നു പീലാത്തോസിന്റെ ചിന്താഗതി.

കെട്ടിയടച്ച ഒരു വരാന്തയിൽക്കൂടി പീലാത്തോസ് കടന്നു പോകയിൽ കൊട്ടാരത്തിലെ ഗാർഹികജോലി നിർവ്വഹിച്ച അടിമകളുടെ നേതാവു്, മുച്ചിയസ്, ക്ലോഡിയ എന്ന അടിമപ്പെണ്ണുമായി നർമ്മാലാപത്തിൽ കഴിയുന്നതു് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെട്ടു. മോചനംലഭിച്ച അടിമയായിരുന്ന മുച്ചിയസിനെ അടുത്തുവിളിച്ചുവരുത്തി പീലാത്തോസ് ഇപ്രകാരം പ്രസ്താവിച്ചു: "എന്റെ വസതിയിൽ ഞാൻ ഇൗവക കളയൊന്നും അനുവദിച്ചിട്ടില്ലെന്നു നിനക്കറിയാം. ഇനിമേലിൽ ഞാൻ നിന്നെ ഇൗവക വിക്രിയകൾക്കിടയിൽ കണ്ടുമുട്ടിയാൽ പണിപ്പുരയിലെ മുൻപണിക്കാരനായി ഞാൻ നിന്നെ അയക്കുന്നതായിരിക്കും. പുറത്തു് ഇരുപതിയഞ്ചടിയാണു് ഞാൻ ഇപ്പോൾ ക്ലോഡിയക്കു നിശ്ചയിക്കുന്ന ശിക്ഷ. ബെൽബൊവേണം അടിക്കുവാൻ. ശിക്ഷ നടക്കുന്ന അവസരത്തിൽ നീയും സന്നിഹിതനായിരിക്കണം." സ്വതന്ത്രൻ മുച്ചിയസ് തലതാഴ്ത്തി നില കൊണ്ടു. പീലാത്തോസ് മുമ്പോട്ടു നടന്നു.

ആഫ്രിക്കനായ ബെൽബൊ ക്ലോഡിയയെ വെറുത്തിരുന്നു. അയാൾ അവളെ മാത്സര്യബുദ്ധിയോടുകൂടി അടിക്കുമ്പോൾ അവളുടെ കാമുകൻ സാക്ഷിനിൽക്കണം. ഈ സാക്ഷിനില്പ് സമുചിതമായി പീലാത്തോസിനു തോന്നിയെങ്കിലും അതു് തന്നാൽ അസാദ്ധ്യമായ ഒരു സേവനമാണെന്നും അദ്ദേഹം തീരുമാനിച്ചു. "എനിക്കാകാർഷ്ട ദുസ്സഹംതന്നെ" എന്നായിരുന്നു അദ്ദേഹത്തിന്റെ വിധി.

പീലാത്തോസ് അദ്ദേഹത്തിന്റെ ഗ്രന്ഥസങ്കേതത്തിൽ—അമൂല്യങ്ങളായ ഒട്ടവളരെ കൈയെഴുത്തുഗ്രന്ഥങ്ങൾ വലിയ പെട്ടികളിൽ സൂക്ഷിച്ചിരുന്ന മുറിയിൽ—എത്തി. അടിനിലയിലെ മുറികളിൽക്കൂടി അടിയേററ ക്ലോഡിയയുടെ തീവ്രവേദനാപൂരിതമായ ദീനസ്വരം മാറൊലിക്കൊള്ളുകയിൽ അദ്ദേഹം പ്ലെയിറോയുടെ സിംപോസിയം അഥവാ "ആനന്ദോത്സവം" എന്ന ശ്രേഷ്ഠഗ്രന്ഥത്തിൽ മനംമുക്കി.

(തുടരും)

(11-ാംപേജ് തുടർച്ച)

ങ്ങളുംകൂടി തിരുസഭയുടെ അംഗങ്ങളായി.

അന്നു രാവിലെ 7 മണിക്കു് മാർ സെവേരിയോസ് മെത്രാപ്പോലീത്തായും തിരുമേനിയുടെ സഹായി ആയി നിയമിക്കപ്പെട്ട മാർ അത്തനാസിയോസ് തിരുമേനിക്കും ഗംഭീരമായ ഒരു സ്വീകരണം നിരണത്തുവച്ചു നൽകി. സമീപമുള്ള കത്തോലിക്കാ ഇടവകക്കാരെല്ലാം ഉത്സാഹപൂർവ്വം അതിൽ പങ്കെടുത്തു. വെറും കാണികളായി നിരണം യാക്കോബായ ഇടവകയിൽപ്പെട്ട ആയിരക്കണക്കിനാളുകളും അതിൽ പങ്കെടുത്തു. ഇടതാപ്പള്ളിയിൽനിന്നു പള്ളിസാമാനങ്ങൾ എല്ലാം കൊണ്ടുവന്നിരുന്നു. അതുകൊണ്ടുകൂടി ആ സ്വീകരണം വളരെ മോടിയായിത്തീർന്നു. കുർബാനമദ്ധ്യേ ഞങ്ങളെല്ലാവരും സത്യപ്രതിജ്ഞ ചെയ്തു കത്തോലിക്കാസഭയുടെ അംഗങ്ങളായി.

അതിനുശേഷം തിരുമേനിമാർ ബ. വൈദികരോടും ജനങ്ങളോടുംകൂടി എന്റെ പാവപ്പെട്ട വസതിയിൽ എഴുന്നെള്ളി. തിരുമേനിതന്നെ, അനേകായിരം ജനങ്ങളും കൂടെയുള്ളപ്പോൾ ആ കൊച്ചുവീട്ടു് കൂദാശചെയ്യുകയുംചെയ്തു. അനന്തരം മിഷൻ ഉൽഘാടനം സംബന്ധിച്ചു ഒരു യോഗം ചേർന്നു. അഡ്വൊക്കേററു് മി. ജോർജ്ജ് വർഗ്ഗീസ് കണ്ണന്താനം, വി. ചാക്കോ പി. സി. എബ്രഹാം എന്നിവർ തിരുസഭയിൽ ചേർന്നവരെ അനുമോദിച്ചും സഭാംഗങ്ങ

ളുടെ അനുപേക്ഷണീയകർത്തവ്യങ്ങളെ ക്രോഡീകരിച്ചും കത്തോലിക്കാസഭയുടെ അംഗങ്ങളായി നിത്യരക്ഷയും ആത്മസംതൃപ്തിയും സമാധാനവും നേടുവാൻ അകത്തോലിക്കരെ ആഹ്വാനം ചെയ്തും രണ്ടു പ്രസംഗങ്ങൾ നടത്തി.

ആദ്ധ്യാത്മികജീവിതത്തിന്റെ നാനാവശങ്ങളെ സമ്യക്കായി വിവരിച്ചുകൊണ്ടു് ബ. നീലപ്പനയച്ചൻ തന്റെ കരുതലിനു ഏല്പിക്കപ്പെട്ടവരെ പരിപാലിക്കുന്നതിൽ തല്പരനാണു്. കൂദാശകൾക്കു് അണയുന്നതിനും പാപനിവേദനംമൂലം കൂടുതൽ ആത്മികസംതൃപ്തി പ്രാപിക്കുന്നതിനും ആളുകളും ഉത്സുകരാണു്. മുപ്പതുവർഷത്തോളം കുമ്പസാരിക്കാതെയും ദിവ്യഭോജനത്തിനണയാതെയും കഴിഞ്ഞ ഞാനും മററു പലരും എല്ലാ ആഴ്ചയിലും കുമ്പസാരിക്കയും വി. കുർബാന സ്വീകരിക്കുകയും ചെയ്യുന്നു. അങ്ങനെ ഞങ്ങളുടെ ജീവിതം ആ




ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

പി. വി. അബ്രഹാം
കറൂർ, തിരുവല്ല

നന്ദവും ആശ്വാസവും കൂടുതൽ പ്രാപിക്കുന്നു എന്ന വാസ്തവം തുറന്നു പ്രസ്താവിച്ചുകൊള്ളട്ടെ.

പുനരൈക്യത്തിനുശേഷം കുറച്ചുദിവസങ്ങൾ കഴിഞ്ഞു അഭിവന്ദ്യ മാർ അത്തനാസിയോസ് തിരുമേനിയെ ചെന്നു കണ്ടു. അവിടുന്നു ഒരു ജപമാല സമ്മാനിച്ചുകൊണ്ടു് അതിന്റെ ഉപയോഗവും മാതൃഭക്തിയുടെ വിശിഷ്ടതയും ജപമാലയുടെ ഉൽകൃഷ്ടതയും വിവരിച്ചുതന്നു. അനുദിനം ജപമാലപ്രാർത്ഥന നടത്തുന്നതു് ഭക്തിവർദ്ധനവിനും നീതീകരണത്തിനും പററിയതാണെന്നു അനുഭവംമൂലം എനിക്കു മനസ്സിലായി.

ഒരു കത്തോലിക്കനാകുവാൻ തക്കവണ്ണം പ്രാർത്ഥനകൊണ്ടും ഉപദേശങ്ങൾകൊണ്ടും എന്നെ സഹായിച്ച എല്ലാവരോടും എന്റെ കൃതജ്ഞത അറിയിക്കുന്നു. പ്രത്യേകിച്ചു സത്യദീപത്തിനും ബ. നീലപ്പനയച്ചനും, ബ്രദേഴ്സ് കാട്ടൂർ മണാലേൽ എന്നിവർക്കും ഞങ്ങളുടെ മിഷനേയും മാന്നാർ പടിഞ്ഞാറുഭാഗം മിഷൻഭവനത്തേയും പുനരൈക്യത്തേയും സ്നേഹിച്ചു സഹായിച്ചുവർക്കും പ്രത്യേകിച്ചു കാവാലം മുരിക്കുംമൂട്ടിൽ അവിരാച്ചനും കൈനകരി കളപ്പുരയ്ക്കൽ ചാക്കോച്ചനും ഒരിക്കൽക്കൂടി കൂപ്പുകൈ

സംശയത്തിലും മുൻവിധിയിലുംകൂടി നടന്നു സത്യത്തിന്റെ പാത യിൽനിന്നകന്നുപോയവരും പോകുന്നവരുമായ പ്രിയസഹോദരങ്ങളേ, ഒരു നിമിഷത്തേക്കു നിങ്ങൾ ചിന്തിപ്പിൻ. ക്രിസ്തുവിലും അങ്ങേ തിരുസഭയിലുംകൂടിയല്ലാതെ രക്ഷയില്ല. ഈ സത്യം വിസ്മരിക്കരുതേ.

## വിനോദവീഥി




"അല്ലേ, ഇത്താപ്പിരിച്ചേട്ടനെന്താ എന്നും പകലുമുഴുവനീ മതിലേക്കേറി കുത്തിരിക്കണതു്!"

"എന്റെ പൊന്നേ, നമ്മുടെ കെട്ടിയോരക്കന്നെ വെളിച്ചത്തു കണ്ടാലപ്പോഴേ ചെള്ളുകടിയാ. പിന്നെ വഴക്കൊഴിവാക്കാൻ നേരെ പോവണ്ടന്നുകരുതി ഇവിടങ്ങു കാററുകൊള്ളാന്നുവെച്ചന്നേയുള്ളു!"

X X X

റപ്പായികാരണവർക്കു സമ്പത്തും മററു സൗഭാഗ്യങ്ങളും ധാരാളമുണ്ടായിരുന്നെങ്കിലും വാർദ്ധക്യാരംഭത്തിലേ കേൾവി നശിച്ചിരുന്നു. ശ്രവണയന്ത്രം ഉപയോഗിച്ചുനോക്കാൻ ഒരു ഡോക്ടർ ഉപദേശിച്ചതനുസരിച്ചു് അതൊരെണ്ണം വാങ്ങി ഉപയോഗിച്ചുതുടങ്ങി.

റപ്പായി:- ഡോക്ടറേ, ഈ യന്ത്രം നിർദ്ദേശിച്ചതു വലിയ ഭാഗ്യമായിപ്പോയി. എനിക്കിപ്പോൾ വളരെ രഹസ്യമായി മററുള്ളവർ പറയുന്നതുപോലും വ്യക്തമായി കേൾക്കാം.

ഡോക്ടർ:- ഓ, ഹോ! വീട്ടുകാർക്കും ബന്ധുക്കൾക്കുമൊക്കെ വലിയ സന്തോഷമായിക്കാണുമല്ലോ!

റപ്പായി:- ഇല്ല, ഡോക്ടറേ, ഈ വിവരം ഞാനവരെ അറിയിച്ചിട്ടില്ല. അവരെന്താക്കെയാണു പറയുന്നതെന്നു ഞാൻ ശ്രദ്ധിക്കുകയാണു്. എന്തായാലും എന്റെ വില്പത്രം ഒന്നു മാറിയെഴുതിക്കഴിഞ്ഞു.

X X X

## കൃതജ്ഞത

വിദ്യാർത്ഥിമദ്ധ്യസ്ഥനായ വിശുദ്ധ സ്തനിസ്ലാവൂസ് കോസ്തുവയുടെ മാദ്ധ്യസ്ഥതാൽ ഞാൻ പരീക്ഷയിൽ വിജയംവരിച്ചതിൽ ഉപകാരസ്മരണ.

ഒരു വിദ്യാർത്ഥിനി,
മററം, കുന്നംകുളം

അമേരിക്കയിൽ കാൻസാസ് മരുഭൂമിയിൽ ഒരു ഭാര്യയും ഭർത്താവും ജീവിച്ചിരുന്നു. അവിചാരിതമായി ഒരു ഭയങ്കരചുഴലിക്കാററുവന്നു് വീടും ദമ്പതിമാരേയും പറപ്പിച്ചു് ഒരു വിദൂരസ്ഥലത്തു കൊണ്ടിട്ടു. കാററു ശമിച്ചപ്പോൾ ഭാര്യ കരയുവാൻതുടങ്ങി.

ഭർത്താവു്:- പ്രിയ സാറാ, നീ കരയാതിരിക്കൂ. നമ്മുടെ വീട്ടുസാമാനങ്ങളിൽ ചിലതെങ്കിലും നമുക്കന്വേഷിച്ചുകണ്ടുപിടിക്കാം. നഷ്ടപ്പെട്ടവയെല്ലാം ഉണ്ടാക്കുവാൻ നമുക്കു പണം ബാങ്കിലുമുണ്ടല്ലോ. നീ ഇച്ഛാഭംഗപ്പെടേണ്ടാ.

ഭാര്യ:- അതല്ലാ, ഞാൻ കരഞ്ഞുപോയതു്. ഞാനോർക്കുകയായിരുന്നു, നമ്മുടെ വിവാഹം കഴിഞ്ഞിട്ടു കടന്നുപോയ 25 കൊല്ലത്തിൽ ഇന്നാദ്യമായിട്ടാണല്ലോ നാമിങ്ങനെ ഒന്നിച്ചൊരു സവാരിചെയ്യുന്നതെന്നു്!

(2-ാംപേജ് തുടർച്ച)

ചിഹ്നങ്ങൾ... ഇതുവരെ... അതാ... അതാ... അടയുന്നു... പ്രപഞ്ചം ഇരുളുന്നു... മനസ്സിൽ ഒരായിരം കരിമ്പടക്കെട്ടുകൾ... അതെ ഇരുണ്ടു.... ഇരുണ്ടു.

ആ കുരിശുരൂപത്തിന്റെ ഇരുവശത്തും രണ്ടു മെഴുകുതിരികൾ എരിയുന്നു. ഒന്ന് ഇരുണ്ടവെളുത്ത ശോക ഈണങ്ങൾ!! ചങ്കിന്റെ പുറത്തെ പെരുമ്പറ ഭം...ഭം ഭം ...ഭം.... എല്ലാം തീർന്നു.

X X X

ഇരുളിന്റെ കരിമ്പടവും പുതച്ചുകൊണ്ട് ദിവസങ്ങൾ മാസങ്ങളെ സൃഷ്ടിച്ചുകൊണ്ട് അവരുടെ ജീവിതത്തിന്റെ മുന്നിലൂടെ കടന്നുപോയി. ഇരുണ്ടവെളുത്ത കാലങ്ങൾ!! കൊല്ലങ്ങൾതന്നെ കഴിഞ്ഞു.

ഏകാന്തമൂകമായ രാവുകളിൽ ആ ഹൃദയങ്ങൾ സംസാരിക്കും, അവ തുറന്ന്. നിർമ്മല-നിസ്വാർത്ഥസ്നേഹത്തിന്റെ നിറകുടമാണവൾ. വിഷപ്പല്ലുകളും വിഷം നിറച്ച സഞ്ചികളുമുള്ള ഒരു ഇഴജന്തുവിനോടോ—അല്ല—സ്നേഹം നിറഞ്ഞ ഹൃദയമുള്ള തിരിച്ചുപോന്ന "ആട്ടിൻകുട്ടി"യോട്!

എത്രയോ പറന്നകന്ന പഞ്ചവർണ്ണക്കിളി മടങ്ങിവന്നു, അരികത്ത്. വ്യാമോഹങ്ങളുടെ പലപല കിന്നാരങ്ങൾ പിറുപിറുത്തു. ഒടുവിൽ ജീവിതം കണ്ടെത്തുവാൻ വെമ്പൽകൊള്ളുകയാണ്.

"ജീവിതം ഒരു വൃന്ദാവനമാണ്. മലരുകളാൽ അലംകൃതമാണ്. അവിടെയൊക്കെ സുന്ദരസൂനങ്ങൾ കൊഴിയരുത്. കൊഴിയുന്നില്ല. സ്വാതന്ത്ര്യമായ ലോകം. അതിലെ ജീവിതങ്ങൾ സ്വച്ഛന്ദം വിഹരിക്കുക...എല്ലാം സമം" എന്നെഴുതിയ പേനാത്തുമ്പുകൾ "അല്ല. ജീവിതം വൃന്ദാവനമല്ല. കണ്ടകങ്ങളുടെ കേളീരംഗമാണ്. ജീവിതം അത് ആ ദിവ്യശക്തിയെ അറിഞ്ഞ് സ്നേഹിച്ച് സ്തുതിക്കുവാനുള്ളതാണ്. സുഖിക്കുവാനുള്ളതല്ല. ജീവിതം അർത്ഥമുള്ളതാണ്" എന്നു തിരുത്തിയെഴുതി. അമ്പോ! സ്ത്രീയുടെ കഴിവ്!!

നല്ല ഇനം ചില്ലിപ്പുഷ്പങ്ങൾ ദൈവത്തിനിഷ്ടമാണ്. ആ തോട്ടമുടമസ്ഥൻ അവ പറിച്ചുകൊണ്ടുപോകും.

പുഴുക്കുത്തേറ്റവ നന്നാക്കും.

നന്നായാൽ ഒട്ടും താമസിപ്പിക്കയില്ല.

അങ്ങനെ മാത്യുവിന്റെ "തൂലിക" കൃാസ്സിട്ടു മാറ്റിവച്ചു, എന്നന്നേക്കുമായി.

ഒരിക്കലവൻ സാധാരണക്കാരനായ മാത്യുവായിരുന്നു.—

ജയിലറയിൽനിന്നും തൂലികത്തുമ്പുമായി "ഓട്ടയിട്ട" പതിരും വെമ്പുമകറ്റുന്ന ഒച്ചയുമായി പുറത്തിറങ്ങിയപ്പോൾ "പുരോഗമന സാഹിത്യകാരൻ!"

യാഥാർത്ഥ്യം മനസ്സിലാക്കി—തെറ്റുകളെല്ലാമെല്ലാം തിരുത്തി—ഇടുങ്ങിയ പന്ഥാവുകളിൽനിന്നും നേർവഴിയിലെത്തിയപ്പോൾ "കരിങ്കാലിക്കലാകാരൻ."

ഇന്നവൻ കപടകാരനല്ല. അവനെ കാണുന്നവൻ കലാകാരനാകും.

അങ്ങനെ മലർന്നുകിടക്കുന്ന കിടപ്പിലും "മടലൻ"കണ്ണട മുഖത്തുണ്ട്. അതില്ലാത്തപ്പോൾ പത്രിക്കെട്ടുകളാണ് മുൻപിൽ.

ത്രേസ്യാമ്മ അരികത്തിരുന്നു നെഞ്ചു തടവുന്നു. പുകയാന്ന ജീവിതനാളത്തിന്റെ കരി തട്ടിനീക്കി തെളിക്കുവാൻ ശ്രമിക്കുകയാണ്.

...ഹോ...വേദന.... വേദനയുടെ ഇഴജന്തുക്കളിൽ കുത്തിപ്പറിക്കുന്നു പൊള്ളുന്നു...ചുട്ടുപൊള്ളുന്നു... പൊള്ളിപ്പൊള്ളി വേവുന്നു.

ആ നോവുന്ന ഹൃദയം, സ്മരണകൾക്ക് അടിമപ്പെടുകയാണ്. ഹോ...അവൾ... ജീവിതം മുടിനാരിൽ തൂങ്ങുന്നു. ചിന്തകൾക്കു തീ പിടിക്കുന്നു. കരളിൽ തിരമാലകളെറിയുന്നു. ഹൃദയം പറിച്ചെടുത്തു പുറത്തുകൊണ്ടുവരുന്ന ചൂട്! ചുട്ടുപൊള്ളുന്ന മണലിൽ കിടന്നു വേവുന്നു...ശ്വാസം മുട്ടുന്നു.

അനാഥത്ത ത്രേസ്യാമ്മ—അവൾ വ്യക്തമായി വരികയാണ് ഹൃദയകണ്ണിൻമുൻപിൽ....നീലത്താമരപോലുള്ള സംസാരിക്കുന്ന കണ്ണുകൾ...ചോരയൂറിവീഴുന്ന വദനം...കാവ്യങ്ങൾ കുറിച്ചുവച്ച കവിൾത്തടങ്ങൾ—

ഇതാ ആ ചുണ്ടുകളിലെ വെൺമതി മറയുന്നു...കണ്ണുകൾ സമുദ്രങ്ങളാകുന്നു. വേദന...വദനം വാടിക്കനിയുന്നു. കാതിൽ അവളുടെ വീണ, വീണാസ്വനം മുഴങ്ങുകയാണ്.

വീണ്ടും വരണ്ടുപോയ ചുണ്ടുകളടയുകയും നീർ വറ്റിയ നാക്ക് മെല്ലെ ചലിക്കുകയും ചെയ്തു.

കുത്തഴിഞ്ഞ ഗ്രന്ഥം—

"....ത്രേസ്യാമ്മേ... എന്നോടു ക്ഷമിക്കുമോ...എനിക്കു തെറ്റിപ്പോയി....നല്ലവനായ കർത്താവ് എനിക്കു മാപ്പ്...തരുമോ...?"

"തീർച്ചയായും. അങ്ങ് നിരാശപ്പെടാതെ. അതൊരു പിശാചാണ്. ഇതാ കുരിശുരൂപം. നോക്കൂ—മൂന്നാണികളിൽ തൂങ്ങിക്കിടക്കുന്നതാരാണ്—ആർക്കുവേണ്ടിയാണ്— പാപികൾക്കുവേണ്ടി. അങ്ങേയ്ക്കുവേണ്ടി, അതേ, അങ്ങേയ്ക്കും എനിക്കുംവേണ്ടി. ഓ! ഈശോ കാത്തിരിക്കയാണ്. അങ്ങയുടെ വരവും കാത്തുകാത്തിരിക്കയാണ്. അങ്ങ് സമാധാനമായി പോകൂ......"

"...ത്രേസ്യാമ്മേ... ഈശോ... ഈശോ...."

കുരിശുരൂപം ആ വരണ്ട ചുണ്ടുകൾ അമർന്നു പലവട്ടം. ആ മൊരിഞ്ഞ നാവുനീട്ടി

ത്രേസ്യാമ്മ വീണ്ടും ഗ്ലൂക്കോസ് കലക്കി. പിളർന്നു പല്ലുന്തിയ വായിലേക്ക് അതങ്ങ് ഒലിഞ്ഞു വീണു. അവൾ രോഗിയെ ശുശ്രൂഷിക്കയാണ്.

ആ കണ്ണുകൾ അടഞ്ഞു. അനക്കമില്ലാത്ത ശരീരം...ചൂടാറിയ, വെള്ളത്തിൽ മുങ്ങിയ തീക്കൊള്ളി...

അവൾ ഒന്നു പുഞ്ചിരിച്ചു. ആ കണ്ണുകൾ ഇറുക്കി അടച്ചു. രണ്ടു തുള്ളി മധുരിക്കുന്ന കണ്ണുനീർ—

ഒന്നിരുണ്ടവെളുത്തു.

മടലൻ കണ്ണടവച്ച്—വെള്ളവസ്ത്രം ധരിച്ച്—ഒരു കറുത്ത പെട്ടിയിൽ നീണ്ടുനിവർന്നു കിടക്കുന്നു. യാഥാർത്ഥ്യം കണ്ടെത്തിയ കലാകാരൻ!

അന്തരീക്ഷത്തിൽ ശോകഗാനങ്ങളുടെ ഈണങ്ങൾ ഉയരുന്നു.

ചങ്കിന്റെ ചങ്കിൽ തട്ടുന്ന പെരുംപറശബ്ദം—ഉം ഉം—ഉം— ഉം —അതാ ആ കറുത്തപെട്ടിനീങ്ങുന്നു. മൂക്കത്തു കൈയും വച്ചുകൊണ്ട് ചേടത്തിമാർ പറഞ്ഞുപോയി: "ഉം എന്നിട്ടും അവൾ കരഞ്ഞില്ലല്ലോ...?"

ഇല്ല. കരഞ്ഞില്ല. പോരാട്ടങ്ങൾ തീർക്കുവാൻ അവൾ ജപമാല ഉരുവിടുകയാണ്. കരയുവാനല്ലാ നേരം.

പറന്നുപിരിഞ്ഞുപോയ ആട്ടിൻകുട്ടി അവളുടേതല്ലാ. അത് ഉടമസ്ഥനെ ഏല്പിച്ച് സന്തോഷിക്കുകയാണ് അവൾ.

പോരാട്ടങ്ങൾ തീർക്കണം—എല്ലാം തികഞ്ഞവർ ഉണ്ടോ ലോകത്തിൽ?

അപ്പോഴും ആ മണിനാദം കേൾക്കാം. ണാം....ണാ. ണാം ണാം...ണാം ണാം.

---

ആത്മകഥാകഥനം

# എന്റെ ജീവിതം ആനന്ദവും ആശ്വാസവും കണ്ടെത്തി

(അലക്സാണ്ടർ ബേബി, ചാലക്കുഴിയിൽ)

[മി. ബേബി, മാന്നാർ പടിഞ്ഞാറുഭാഗം വി. തോമ്മാശ്ലീഹായുടെ പള്ളിയിലെ ഒരംഗമാണിപ്പോൾ. ഇദ്ദേഹത്തിന്റെ പുനരൈക്യത്തോടുകൂടിയാണ് ആ മിഷൻ സമാരബ്ധമായത്. നിരണം യാക്കോബായ ഭദ്രാസനത്തിലെ ഒരു കമ്മിറ്റിയംഗമായിരുന്നു മി. ബേബി. തിരുവല്ലായിൽ പ്രസിദ്ധമായ ചാലക്കുഴിക്കുടുംബത്തിലെ ഒരംഗവും തികഞ്ഞ ഓർത്തഡോക്സ് വിശ്വാസിയുമായിരുന്ന ആ യുവാവ് കത്തോലിക്കാസഭയുടെ അംഗമായിട്ട് ഇനിയും രണ്ടുവർഷം കഴിഞ്ഞിട്ടേയുള്ളു. ഒരു കത്തോലിക്കനാകാൻ ഇടയാക്കിയ സാഹചര്യങ്ങളും കത്തോലിക്കാസഭയിൽ പ്രവേശിച്ചതുമൂലമുള്ള ആദ്ധ്യാത്മികാനന്ദാശ്വാസങ്ങളും ആ ചെറുപ്പക്കാരൻ ഏറ്റം ലളിതമായവിധം ആവിഷ്കരിക്കുന്നു. J. A.]

മലങ്കര ഓർത്തഡോക്സ് സമുദായത്തിൽ അഭിമാനംകൊണ്ടിരുന്ന തിരുവല്ലാ ചാലക്കുഴിക്കുടുംബത്തിലാണ് എന്റെ ജനനം. ഞങ്ങൾ താമസിച്ചുവരുന്നത് മാന്നാർ എന്ന സ്ഥലത്താണ്. ഞങ്ങളുടെ ഇടവക മലങ്കരസുറിയാനി ഓർത്തഡോക്സുകാരുടെ "വത്തിക്കാൻ" എന്ന് അപരാഭിധാനമുള്ള നിരണം ഭദ്രാസനവുമായിരുന്നു. ഇടവകക്കമ്മിറ്റിയിൽ മൂന്നു വർഷത്തോളം ഞാനും അംഗമായിരുന്നിട്ടുണ്ട്. ഈ ഇടവകയിൽ ആയിരത്തിൽപ്പരം വീടുകളുണ്ട്. പതിമൂന്നു വൈദികർ ഈ ഇടവകയിലുള്ളതിൽ രണ്ടുപേരെ അവിവാഹിതരായുള്ളു. ഒരു പ്രൈമറിസ്കൂളും ഒരു ഹൈസ്കൂളും ഈ ഇടവകയുടെ സ്വന്തമായുണ്ട്.

മുപ്പത്തിമൂന്നു വയസ്സുവരെ ഞാൻ നിരണം പള്ളിയിലെ അംഗമായിരുന്നു. ആദ്ധ്യാത്മികജീവിതസരണിയെ സംബന്ധിച്ച് ഒരിക്കൽപ്പോലും ഈ ഇടവകയിലെ വൈദികർ എന്നോടു സംസാരിച്ചിട്ടില്ല. എന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ സ്ഥിതിഗതികൾ എങ്ങനെയെന്ന് ഈ പതിമൂന്നു വൈദികരിൽ ഒരാളും ഒന്നന്വേഷിച്ചിട്ടില്ല എന്നതു വിസ്മയകരമായി എനിക്കിപ്പോൾ തോന്നുന്നു. പരിശുദ്ധ പിതാക്കന്മാരാൽ ക്രമപ്പെടുത്തപ്പെട്ട കൂദാശകളും കാനോനകളും ഓർത്തഡോക്സുകാരും സ്വീകരിക്കുന്നുണ്ട്. പക്ഷേ "ഏട്ടിലപ്പടി പയറ്റിലിപ്പടി" എന്ന മട്ടിലാണ് പ്രായോഗികജീവിതം. വിവാഹജീവിതം ഒരു പുതിയ ജീവിതസരണിയാണല്ലോ. വിവാഹം ഒരു കൂദാശയുമാണ്. വിവാഹാവസരത്തിൽപ്പോലും എന്റെ ആദ്ധ്യാത്മികപാലകർ എന്തന്നൊരൊന്ന് അന്വേഷിച്ചില്ല: "ബേബി കുമ്പസാരിച്ച് വി. കുർബാന സ്വീകരിച്ചിട്ടുണ്ടോ" എന്ന്. ഒരു കത്തോലിക്കനായ ശേഷം അതേക്കുറിച്ചു ലജ്ജയും മനഃക്ലേശവും എനിക്കു തോന്നുന്നു. മുപ്പത്തിമൂന്നു വർഷം ഒരു യാക്കോബായനായി കഴിഞ്ഞ ഞാൻ ഒരിക്കലെങ്കിലും പാപനിവേദനത്തിനണയുകയോ ആത്മാവിനെ കരണ്ടുനശിപ്പിക്കുന്ന പാപത്തെ കഴുകിക്കളയുകയോ നിത്യജീവന്റെ അച്ചാരമായ, പാപമോചനത്തിനും സ്വർഗ്ഗരാജ്യത്തിനും അർഹമാക്കുന്ന, കർത്താവിന്റെ തിരുശരീരരക്തങ്ങളെ സ്വീകരിക്കയോ ചെയ്തിട്ടില്ല. ഒട്ടുമിക്ക യാക്കോബായയുവാക്കന്മാരുടെയും കഥ ഇതിൽനിന്നു വിഭിന്നമായിരിക്കാൻ ഇടയില്ല. വൈദികർക്ക് അവരുടെ കുടുംബസംരക്ഷണഭാരംതന്നെ ദുർവഹം. പിന്നീട് ഇതരകുടുംബങ്ങൾ സന്ദർശിക്കുവാനോ അതിലെ അംഗങ്ങളെ നേരിട്ടുകണ്ട് ഉപദേശിക്കുവാനോ സമയമെവിടെ? സാമുദായികകാര്യങ്ങൾ വീഴ്ചകൂടാതെ നടത്തിയാൽ മതിയെന്ന മട്ടിലായിട്ടുണ്ട് ഓർത്തഡോക്സ് സഭ. കക്ഷിമത്സരത്താലും ഒടുങ്ങാത്ത വ്യവഹാരങ്ങളാലും അധികാരികളുടെ ദുർനയങ്ങളാലും സഭ ദിനംദിനം അധഃപതിക്കുകയാണ്.

മാർത്തോമ്മ്യരുമായി കേസുപറഞ്ഞ് തോല്ക്കുമെന്ന പതനത്തിൽ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് മലങ്കരസഭയെ അന്ത്യോഖ്യായ്ക്കു അടിയറവച്ചു. അതു കഴിഞ്ഞപ്പോൾ അതിന്റെ ആബദ്ധം മനസ്സിലായിത്തുടങ്ങി. ഉടനെ എതിർപ്പായി. പുലിക്കോട്ട് മാർ ദീവന്നാസ്യോസും പിന്നീട് മലങ്കരസഭാഭാസുരനെന്നു വിളിക്കപ്പെടുന്ന വട്ടശ്ശേരിൽ ദീവന്നാസ്യോസും ശക്തിയായി എതിർത്തു. കേരളത്തിൽ മെത്രാന്മാരുടെ എണ്ണം വർദ്ധിച്ചു. കുറച്ചുപേർ അന്ത്യോഖ്യൻപക്ഷത്തായി. കുറച്ചുപേർ സ്വാതന്ത്ര്യത്തിനായി നിലകൊണ്ടു. അബ്ദുള്ളാ പാത്രിയർക്കീസിന്റെ ആഗമനത്തോടെ സഭ രണ്ടായിപ്പൊളിഞ്ഞു. ആ പിളർപ്പ് ഒരു കഷണം മലങ്കര ഓർത്തഡോക്സായി. മറ്റൊരു ഭാഗം പാത്രിയർക്കീസുകക്ഷിയും. ഇന്നേവരെയും ആ പിളർപ്പവസാനിച്ചിട്ടില്ല. ഇനിമേൽ അവസാനിക്കുമെന്നു പ്രതീക്ഷയുംവേണ്ട.

വ്യവഹാരംകൊണ്ടും ആദ്ധ്യാത്മികപാപ്പരത്തംകൊണ്ടും ദുഃഖിതനായ വട്ടശ്ശേരിൽതിരുമേനി ആചാരാനുഷ്ഠാനങ്ങളും വിശ്വാസസത്യങ്ങളും നഷ്ടപ്പെടുത്താതെ പുരാതനമായ ഏതെങ്കിലും സഭയുമായി യോജിക്കുന്നതിനു ശ്രമിച്ചു. പ്രസ്തുത ശ്രമം വിജയിപ്പിക്കുന്നതിനു തിരുമേനിയുടെ ശിഷ്യപ്രധാനനും ക്രിസ്ത്യൻസമുദായമണ്ഡലങ്ങളിൽ അഗ്രഗണ്യനും തികഞ്ഞ വേദപണ്ഡിതനും ചരിത്രപടുവും മാറിയ ദൈവഭക്തനും ബഹുജനാരാധ്യനും സ്വാഭിപ്രായപ്രകടനത്തിൽ നിർഭയനും പ്രതിബന്ധങ്ങളിൽ അചഞ്ചലനും നിയന്ത്രണകർമ്മകുശലനും സുപ്രസിദ്ധ വാഗ്മിയും അസാമാന്യചിന്തകനും പാശ്ചാത്യപൗരസ്ത്യമെത്രാന്മാരുടെയെല്ലാം ഉറ്റമിത്രവും ഉന്നതാശയനും ദുർജ്ജയിക്കുന്ന ശത്രുക്കളെയും ഇഷ്ടമിത്രങ്ങളാക്കാൻപോന്ന നയചതുരനും കേരളത്തിലെ യാക്കോബായസഭയിൽ സന്യാസസഭയുടെ ഉപജ്ഞാതാവും അന്ത്യോഖ്യൻറീത്തിന്റെ പ്രണേതാവുമായ നി. വ. ദി. ശ്രീ മോറാൻ മാർ ഈവാനിയോസിനെത്തന്നെ നിയോഗിച്ചു. അവിടുന്നു റോമാസഭയുമായി ബന്ധപ്പെടത്തക്കവണ്ണം കാര്യങ്ങളെല്ലാം ക്രമപ്പെടുത്തി. സഭാപ്രവേശനമായപ്പോഴേക്കും അപ്പോഴത്തെ കേസ് ഓർത്തഡോക്സ് കക്ഷിക്കനുകൂലമായി വിധിക്കപ്പെട്ടു അങ്ങനെ മെത്രാന്മാർ എല്ലാവരും പിൻവാങ്ങി. പക്ഷേ ധീരചിത്തനായ മാർ ഈവാനിയോസ് തിരുമേനി 1930 സെപ്തംബർ 20-ാം നു കത്തോലിക്കാതിരുസഭയിൽ ചേരുകയാണുണ്ടായതു്.

പക്ഷേ മുൻവിധികൊണ്ടും സ്വജനപക്ഷപാതംകൊണ്ടും അറിവുകേടിനാലും ഈ കാര്യങ്ങളെല്ലാം ഞാൻ വിസ്മരിക്കയാണു ചെയ്തത്. എന്നാൽ എന്റെയും എന്നെപ്പോലെ പലരുടെയും ചിന്തയെ ഉദ്ദീപിപ്പിക്കുകയും ആ ബാധ്യതകളെ മനസ്സിലാക്കിത്തരികയും ചെയ്ത "സത്യദീപ"മത്രെ എന്റെ പുനരൈക്യത്തെ ത്വരിപ്പിച്ചത്. മംഗലപ്പുഴസെമിനാരിയിൽ അദ്ധ്യയനംനടത്തുന്ന എന്റെ ദേശിയൻ ബ്ര. തോമസ് മണലേൽമുഖേന ബ്ര. ജേക്കബ് കാട്ടൂർ എനിക്കു കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ അയച്ചുകൊണ്ടിരുന്നു. മാന്നാർ മർത്തമറിയം കത്തോലിക്കാപ്പള്ളിയിലെ വികാരി ബ. ജോസഫ് നിലപ്പനച്ചനുമായി പരിചയപ്പെടുകയും സഭാസംബന്ധമായ കാര്യങ്ങളെക്കുറിച്ചു സംഭാഷിക്കയും ചെയ്തുപോന്നു. സത്യദീപത്തിന്റെ പാരായണവും അച്ചനുമായുള്ള സമ്പർക്കവും മൂലം സത്യത്തിന്റെ വെള്ളിരേഖകൾ എന്നിൽ വീശിത്തുടങ്ങി.

തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന മാർ സെവേറിയോസ് മെത്രാപ്പോലീത്താ നിരണം ഭദ്രാസനത്തിലായിരിക്കുമ്പോഴേ എനിക്കു പരിചയമായിരുന്നു. അന്ന് എന്റെ പിതൃസഹോദരൻ വക്കീൽ മി. ബി. എം. മാത്യു നിരണം ഭദ്രാസനകൗൺസിലിന്റെ സെക്രട്ടറിയായിരുന്നു. ഒരു ദിവസം ഞാൻ തിരുമേനിയെ കണ്ടു പുനരൈക്യപ്പെടുവാനുള്ള എന്റെ വാഞ്ഛ അറിയിച്ചു. അങ്ങനെ 1954 സെപ്തംബർ 12-ാം നു ഞാനും മാതാപിതാക്കളും വേറെ അറുപതോളം കുടുംബ

(ശേഷം 10-ാം പേജിൽ)





സ്വർണ്ണ പണയത്തിന്മേൽ കുറഞ്ഞ പലിശയ്ക്കു് പാലാ സെൻട്രൽ ബാങ്കിൽ നിന്നും എളുപ്പത്തിൽ നിങ്ങൾക്ക് കടം വാങ്ങുവാൻ സാധിക്കും. ഇടപാടുകൾ രഹസ്യമായിരിക്കുന്നതും, ഉരുപ്പടികൾ ഭദ്രമായി സൂക്ഷിക്കുന്നതുമാണ്. പത്തു രൂപാ മുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും കടം എടുക്കാം. അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരോട് വിശദവിവരങ്ങൾ ചോദിച്ചറിയുക.

കുറഞ്ഞ പലിശ നിരക്ക്

| വായ്പസംഖ്യ | പലിശ |
| --- | --- |
| 100 രൂപായിൽ താഴെ ... | ആണ്ടിൽ 9 ശതമാനം |
| 100 രൂപാ മുതൽ 500 രൂപാ വരെ | ,, 7½ ,, |
| 500 രൂപാ മുതൽ മേല്പോട്ട് | ,, 6 ,, |

പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്
ഹെഡാഫീസ് പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ
ESTD. 1927
P.C. 2990

Reg. No. M. 2298

# Sathya Deepam

Vol. 29 Ernakulam July 11, 1956 No. 45



## ബാലരംഗം


പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




നമ്മുടെ ജെമ്മാ അത്യന്തം പല്ലവമായ രോഗത്തിൽനിന്നു സുഖം പ്രാപിക്കുന്നതിനും സന്യാസാശ്രമത്തിൽ ചേരണമെന്നുള്ള അവളുടെ ആഗ്രഹം സഫലമാകുന്നതിനും ദൈവാനുഗ്രഹം അപേക്ഷിക്കുവാൻ നിശ്ചയിച്ചു. അവളുടെ ഈ ഉദ്യമം ഏററം ഫലപ്രദമായി നിർവ്വഹിക്കുന്നതിനു അവൾക്കു ദൈവത്യം ഒരു സഹായകനെ ലഭിച്ചു; പുണ്യചരിതനായ ഗബ്രിയേലച്ചൻ. അദ്ദേഹത്തോടൊന്നിച്ചാണ് ജെമ്മാ നവനാൾപ്രാർത്ഥന നടത്തിയതു്. അവൾക്കതു വലിയ സന്തോഷത്തിനും സമാശ്വാസത്തിനും മാർഗ്ഗമായി.

പ്രാർത്ഥനയുടെ ഫലസിദ്ധിയെപ്പററി നിങ്ങൾ ഗൗരവമായി ചിന്തിച്ചിട്ടുണ്ടോ? ഉണ്ടായിരിക്കാം; ഇല്ലായിരിക്കാം. ഏതായാലും അതേപ്പററി നാമെല്ലാവരും കാര്യമായി ചിന്തിക്കേണ്ടതു അത്യാവശ്യമാണു്. പ്രാർത്ഥന എപ്പോഴും ഫലപ്രദമാണു് എന്നു വേദോപദേശപുസ്തകത്തിൽ പഠിച്ചതു നിങ്ങൾ ഓർമ്മിക്കുന്നുണ്ടാകും. അതു ശരിയാണോ എന്നു ഒരുപക്ഷേ വല്ലപ്പോഴും നിങ്ങൾക്കു സംശയവും ഉണ്ടായിക്കാണും. കാരണം നാമപേക്ഷിക്കുന്ന പല കാര്യങ്ങളും നമുക്കു സാധിച്ചുകിട്ടുന്നില്ല എന്നതു എല്ലാവരുടേയും അനുഭവത്തിൽ പെട്ടതാണു്. അതുകൊണ്ടു് ഇക്കാര്യം നാം ശരിയായി ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഈശോ വാഗ്ദാനംചെയ്തിട്ടുണ്ടു്, "ചോദിപ്പിൻ, നിങ്ങൾക്കു നൽകപ്പെടും; മുട്ടുവിൻ തുറക്കപ്പെടും; അന്വേഷിപ്പിൻ കണ്ടെത്തും" എന്നു്. അവിടുത്തെ വാക്കുകൾ തെററിപ്പോകുമോ? തീർച്ചയായും ഇല്ല. പിന്നെ എവിടെയാണു കുഴപ്പം? പല തരത്തിൽ വരാം. ഒന്നുകിൽ നമ്മുടെ അപേക്ഷ ശരിയായിട്ടുള്ള അപേക്ഷയല്ലാതാകാം. അതായതു അപേക്ഷയ്ക്കുവേണ്ട ലക്ഷണങ്ങൾ അതിനുണ്ടാവുകയില്ല. എന്താണു് ആ ലക്ഷണങ്ങൾ? നമ്മുടെ അപേക്ഷ ഏകാഗ്രതയോടും, എളിമയോടും, ശരണത്തോടും, സ്ഥിരതയോടുംകൂടിയതായിരിക്കണം; ദൈവതിരുമനസ്സിനുള്ള പൂർണ്ണമായ കീഴ്‌വഴക്കമനസ്ഥിതിയും നമുക്കുണ്ടാകണം. നമ്മുടെ കഴിവിൽപ്പെട്ടിടത്തോളം ഈ ലക്ഷണങ്ങൾ ഇല്ലാത്ത പ്രാർത്ഥന ഒരഭിനയംമാത്രമായിരിക്കും. അതുകൊണ്ടു് ഈ ലക്ഷണങ്ങൾ നമ്മുടെ പ്രാർത്ഥനയിൽ ഉണ്ടാക്കുന്നതിനു നാം ശ്രമിക്കണം.

രണ്ടാമതായി നാം പ്രാർത്ഥിക്കുന്ന കാര്യങ്ങൾ ദൈവമഹത്വത്തിനും നമ്മുടെ നിത്യരക്ഷയ്ക്കും ഉപകരിക്കുന്നവ മാത്രമായിരിക്കണം. ദൈവമഹത്വത്തിനു യോജിക്കാത്തതോ, നമ്മുടെ നിത്യരക്ഷയ്ക്കു സഹായിക്കാത്തതോ ആയ കാര്യങ്ങൾ നാം പ്രാർത്ഥിക്കുമ്പോൾ അതു നമ്മുടെ അറിവില്ലായ്മകൊണ്ടു ചെയ്യുന്ന ഒരു വിഡ്ഢിത്തംമാത്രമാണു്. സർവ്വജ്ഞനായ നല്ല ദൈവം അതവഗണിക്കുന്നുവെങ്കിൽ അതവിടുത്തേക്കു നമ്മോടുള്ള സ്നേഹംകൊണ്ടല്ലയോ. ഈ അറിവില്ലായ്മയെ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനാണു് നാം പ്രാർത്ഥിക്കുമ്പോൾ ദൈവതിരുമനസ്സിനുള്ള പരിപൂർണ്ണമായ കീഴ്‌വഴക്കമനസ്ഥിതി നമുക്കുണ്ടാകണമെന്നു മുകളിൽ പറഞ്ഞിരിക്കുന്നതു്. ഒരു നല്ല പിതാവു് അദ്ദേഹത്തിന്റെ ഓമനപ്പുത്രൻ ഒരു വിഷസർപ്പത്തെ കളിപ്പാട്ടമായി കൊടുക്കണമെന്നപേക്ഷിച്ചാൽ അതിനെ പി




### 76-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

ഗൗരിയമ്മ കൊട്ടത്തയച്ച എണ്ണ 15 ഇടം.

### പ്രശ്നം നമ്പ്ര് 77

(ക. ഔസേപ്പ് കാളാരൻ Reg. No. 15)

ഞാൻ ആനയുടെ ഒരു പര്യായപദമാണു്. എന്റെ പേരിനു മൂന്നക്ഷരം. 1-ം 2-ം അക്ഷരങ്ങൾ ചേർന്നാൽ ഞാൻ സാധാരണ അറിയപ്പെടുന്ന ഒരു അളവാകും; 2-ം 3-ം അക്ഷരം ചേർന്നാൽ എന്നെപ്പററിയുള്ള ഭീതിയാണു് ലോകത്തെവിടേയും; 1-ം 3-ം അക്ഷരങ്ങൾ ചേർന്നാൽ ഞാൻ വെടിക്കെട്ടിലെ ഒരു പ്രധാനപാത്രമാകും. എന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

ടിച്ചുകൊടുക്കുമോ? തീർച്ചയായും ഇല്ല. അതുകൊണ്ടു് നമുക്കു നാശകരമാകാവുന്നവയെ നാമപേക്ഷിച്ചാലും നല്ല ദൈവം അതു നമുക്കു സാധിച്ചുതരികയില്ല. ഇതാണു് പ്രാർത്ഥനയെ സംബന്ധിച്ചു് നാം പ്രത്യേകം മനസ്സിലാക്കേണ്ടതു്. അതുകൊണ്ടു് ദൈവത്തിന്റെ തിരുമനസ്സിനുള്ള പരിപൂർണ്ണമായ കീഴ്‌വഴക്കത്തോടെ നമുക്കു നന്നായി തോന്നുന്നവയും നമുക്കാവശ്യമുള്ളവയായി കാണുന്നവയുമായ എല്ലാററിനുംവേണ്ടി ദൈവത്തോടു ഏകാഗ്രതയോടും, ശരണത്തോടും, എളിമയോടും സ്ഥിരതയോടുംകൂടി പ്രാർത്ഥിക്കുക. നാമപേക്ഷിക്കുന്ന കാര്യം നമുക്കു ഗുണപ്രദമെങ്കിൽ അവിടുന്നു അതു സാധിച്ചുതരും. നമുക്കു ഗുണപ്രദമല്ലെങ്കിൽ നമുക്കു നന്മയായതിനെ പകരമായി നമുക്കു ആ നല്ല പിതാവു തരാതിരിക്കയില്ല. അതു നാം മനസ്സിലാക്കിയെന്നു വരികയില്ലെന്നുമാത്രം.

ജെമ്മ പുണ്യവാനായ ഗബ്രിയേലച്ചനോടുകൂടി അവളുടെ ആഗ്രഹസാദ്ധ്യത്തിനു നവനാൾ പ്രാർത്ഥന നടത്തി. അതു ഫലിക്കുകയുംചെയ്തു.

ചെറുകഥ

## ജെയിംസിന്റെ മാനസാന്തരം

(ജോണി നിലങ്കാവിൽ മമ്മിയൂർ Reg. No. 6)

"ജെയിംസേ, എന്താ നീ സ്കൂളിൽ പോകാത്തതു്, സമയമായില്ലേ?" മാത്തപ്പൻ വാതിലിൽ ചാരി നിന്നിരുന്ന മകൻ സ്കൂളിൽ പോകാൻ വൈകുന്നതിന്റെ കാരണം ആരാഞ്ഞു. അടുക്കളയിൽ പാചകജോലിയിൽ ഏർപ്പെട്ടിരുന്ന മറിയാമ്മ—ജെയിംസിന്റെ അമ്മ—യാണു് മറുപടി പറഞ്ഞതു്: "അവനു ഇന്നു ഫീസു് കൊടുക്കേണ്ട ദിവസമാ, കൊടുത്തില്ലെങ്കിൽ അവനെ പള്ളിക്കൂടത്തിലെ പിള്ളേർ കളിയാക്കും." മാത്തപ്പൻ വല്ലാതെ വിഷമിച്ചു. ഫീസു് കൊടുക്കുവാനുള്ള പണം കൈയിലില്ലായിരുന്നു. അടുത്ത ദിവസം പിഴയോടെ കൊടുക്കാമെന്നു പറഞ്ഞു സമാധാനിപ്പിച്ചതുകൊണ്ടു് മനമില്ലാമനസ്സോടെ ജയിംസ് സ്കൂളിലേക്കുപോയി.

ആ കൊച്ചുകുടുംബത്തിലെ നായകനാണു് മാത്തപ്പൻ; മറിയാമ്മ നായികയും. അവരിരുവരുടേയും കണ്ണിലുണ്ണിയായിരുന്നു ജെയിംസ്. ജെയിംസിനു് ഒരു കൊച്ചുസോദരിയുംകൂടിയുണ്ടു്, മേരിക്കുട്ടി. കഷ്ടിച്ചു കഴിഞ്ഞുകൂടുന്ന ആ കൊച്ചുകുടുംബം സമാധാനത്തിന്റേയും, സംതൃപ്തിയുടേയും വിളനിലമായിരുന്നു. കുട്ടികൾക്കു് കത്തോലിക്കാ മതാഭ്യസനവും, സന്മാർഗ്ഗികോപദേശങ്ങളും നൽകുന്നതിൽ ആ നല്ല മാതാപിതാക്കന്മാർ പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നു. ജെയിംസിന്റെ പഠനം പൂർത്തിയാക്കിയിട്ടു് അവനു് എന്തെങ്കിലും ഒരു ജോലി കിട്ടിക്കാണുന്നതിനു് മാതാപിതാക്കന്മാർ വളരെ ആശിച്ചിരുന്നു. അവന്റെ ഏതു ആവശ്യവും നിവർത്തിക്കുന്നതിൽ അവർ അതീവ ശ്രദ്ധാലുക്കളായിരുന്നു. ആ ദരിദ്രകുടുംബത്തിലെ അല്ലലിന്റെ കല്ലോലങ്ങൾ ഒട്ടും അവനെ അലട്ടുവാൻ അവർ അനുവദിച്ചിരുന്നില്ല. ജെയിംസിനെ സംബന്ധിച്ചു മധുരപ്രതീക്ഷകൾ മറിയാമ്മയുടേയും മാത്തപ്പന്റേയും ഹൃദയങ്ങളെ ആനന്ദസാഗരത്തിൽ ആറാടിക്കുകയാണു്.

ജെയിംസ് 4-ാംഫാറത്തിൽ പഠിക്കുകയാണു്. 14 വയസ്സു പ്രായമേയുള്ളു. അവൻ ഇതരബാലന്മാർക്കു് ഒരു ഉത്തമമാതൃകയായിരുന്നു.

മേരിക്കുട്ടി അഞ്ചാംക്ലാസിലേ ആയിട്ടുള്ളു. പരിശുദ്ധജനനിയോടുള്ള ഭക്തിയിൽ അവൾ ഇതരബാലികമാരെ അതിശയിച്ചിരുന്നു. അവൾക്കൊരു ചെറുപൂന്തോട്ടമുണ്ടു്. പഠനത്തിനുശേഷം, ഗൃഹജോലികളിൽ അമ്മയെ സഹായിക്കുക, പൂന്തോട്ടത്തിൽ ജോലി ചെയ്യുക ഇവ അവൾക്കു് ഇഷ്ടമുള്ള കാര്യങ്ങളായിരുന്നു. അവളുടെ സ്നേഹപൂർവ്വകമായ പരിചരണമേററു ചെടികൾ തളിർക്കുകയും പുഷ്പിക്കുകയും ചെയ്തിരുന്നു. അതിരാവിലെ അവൾ ഏഴരനാഴിക തോട്ടത്തിൽ പോയി പുഷ്പങ്ങൾ പറിച്ചെടുത്തു് പരിശുദ്ധജനനിയുടെ സ്വരൂപത്തിനു മുൻപിൽ സമർപ്പിക്കുകയാണു് അവളുടെ ആദ്യത്തെ പരിപാടി. തന്റെ സഹോദരന്റെ ഉന്നമനത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ അവൾ ഒരിക്കലും മറന്നുപോയിരുന്നില്ല.

കുടുംബത്തിലെ എല്ലാ അംഗങ്ങളും കുടുംബപ്രാർത്ഥനയിൽ സംബന്ധിക്കണമെന്നായിരുന്നു ഗൃഹനായകന്റെ നിർബന്ധപൂർവ്വകമായ നിയമം. എത്രതന്നെ ജോലിത്തിരക്കുകൾ ഉണ്ടെങ്കിലും അവ തല്ക്കാലത്തേക്കു് നിർത്തിവെച്ചു് പ്രാർത്ഥനയിൽ സംബന്ധിക്കുന്ന പതിവു് ആ കുടുംബാംഗങ്ങൾ നിഷ്ഠയായി പാലിച്ചുപോന്നു.

* * *

ആഴ്ചകളും മാസങ്ങളും വർഷങ്ങളും കടന്നുപോയി. വൃക്ഷലതാദികൾ പലവുരു പൂത്തു തളിർത്തു. കടുംവേനലിന്റേയും അതിവർഷത്തിന്റേയും കെടുതികൾ കുറെയെല്ലാം എല്ലാവരേയും ബാധിച്ചു. പണത്തിന്റെ വലിവുകൊണ്ടു് മേരിക്കുട്ടിയുടെ പഠനത്തിനു് ഒരു പൂർണ്ണവിരാമം ഇടേണ്ടിവന്നു. ജെയിംസ് പത്താംക്ലാസ്സ് വിദ്യാർത്ഥിയാണിപ്പോൾ. സ്കൂളിലെ അന്തരീക്ഷം ക്രമേണ അവനെ ഒന്നടങ്കം മാറിച്ചു. അധഃപതിച്ച സഹപാഠികളുടെ ദുഷ്പ്രേരണ അവനെ ഒരു നിരീശ്വരവാദിയായി വേഷം കെട്ടിച്ചു. എങ്കിലും അവൻ സ്കൂൾഫൈനൽപരീക്ഷയ്ക്കു ചേർന്നു വിജയിയായി.

അസത്യത്തിലേക്കും, അധർമ്മത്തിലേക്കും അന്ധകാരത്തിലേക്കും ഓട്ടോട്ടം ഓടുന്ന അന്തരീക്ഷത്തിലാണു് ജെയിംസ് യുവത്വത്തിലേക്കു് പ്രവേശിക്കുന്നതു്. അതു് അവനെ ദുസ്സ്വാതന്ത്ര്യത്തിലേക്കു് വഴികാട്ടി. അവനിൽ പല മാററങ്ങൾ കണ്ടുതുടങ്ങി. പ്രാർത്ഥനയും മതവിശ്വാസവും അവനോടു് വിടവാങ്ങാൻ തയാറായി. സന്ധ്യാസമയത്തുള്ള പ്രാർത്ഥനയും ഉപേക്ഷിച്ചു. കമ്മ്യൂണിസ്റ്റ്‌സഖാക്കളുടെ അനുയായികളായ തന്റെ സ്നേഹിതന്മാരുടെ പൊള്ളത്തരങ്ങളൊന്നും മനസ്സിലാക്കാനുള്ള തന്റേടം അന്നു ജെയിംസിനുണ്ടായിരുന്നില്ല. കമ്മ്യൂണിസത്തിന്റെ പിച്ചള ആദർശത്തെതന്നെ അവൻ മനസ്സിലാക്കിയിരുന്നുവെങ്കിൽ....

മാത്തപ്പന്റേയും മറിയാമ്മയുടേയും കണ്ണിലുണ്ണിയായിരുന്ന ജെയിംസ്, ഇപ്പോൾ പ്രാർത്ഥനയിൽ പങ്കുചേരാറില്ല, പള്ളിയിൽ പോകാറില്ല; ചില സമയങ്ങളിൽ മാത്രം വീട്ടിൽ വരും എന്ന മട്ടിലായി. മററു സമയങ്ങളിൽ, ക്രിസ്തുവിനും ക്രൈസ്തവർക്കുംവേണ്ടി പോരാടുവാൻ സാമീപ്യം വീടും നാടും ഉപേക്ഷിച്ചു് കച്ചകെട്ടി പുറപ്പെട്ട മതപുരോഹിതന്മാരേയും, സാധുക്കളെ സംരക്ഷിക്കുവാനും, ആത്മാക്കളെ നേടുവാനുംവേണ്ടി ബന്ധുമിത്രാർത്ഥങ്ങളെ ഉപേക്ഷിച്ചു് കന്യകാവ്രതമെടുത്തു് മതിൽക്കെട്ടുകൾക്കകത്തു് താമസിച്ചുവരുന്ന പാവനകളായ കന്യാസ്ത്രീകളേയുംപററി ദൂഷണങ്ങൾ പറഞ്ഞുനടക്കുകയാണു് ജോലി. ഇപ്രകാരമുള്ള ജെയിംസിന്റെ ദുർനടപടികളെല്ലാം അറിഞ്ഞപ്പോൾ ആ വാത്സല്യപിതാവിന്റെ ഭാവനകളെല്ലാം ഇടിവെട്ടേററ പൃഥ്വീരുഹംപോലെ വേരറ്റു, വിത്തും അവശേഷിക്കാതെ ആസകലം കരിഞ്ഞുപോയി. ജെയിംസിൽ വന്ന ഈ വലിയ മാററം അവന്റെ മാതാപിതാക്കളെ എത്രയധികം വേദനിപ്പിച്ചിരിക്കുമെന്നു് ഊഹിക്കുകയാണുചിതം.

മേരിക്കുട്ടി ഒരു ഗ്രാമീണബാലികയായി വളരുകയാണു്. ധാരാളം പുഷ്പിക്കുന്ന ചെടികൾക്കു് അവളുടെ തോട്ടത്തിൽ സ്ഥാനം ലഭിച്ചു. അവൾ ഒരു പുതിയ പരിപാടി ആരംഭിച്ചു, തന്റെ പ്രിയപ്പെട്ട സഹോദരനുവേണ്ടി ദിനംപ്രതി മാതാവിന്റെ സ്വരൂപത്തിനുമുൻപിൽ പുഷ്പങ്ങൾ ചാർത്തി മുട്ടിന്മേൽനിന്നു തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുക; കൂടാതെ പള്ളിയിലെ മാതാവിന്റെ സ്വരൂപത്തിന്റെമുമ്പിൽ എല്ലാ ശനിയാഴ്ചയും പൂമാല സമർപ്പിക്കുക; ജപമാല ഉരുവിടുക; ദിവ്യകാരുണ്യം സ്വീകരിച്ചു് ജെയിംസിന്റെ മാനസാന്തരത്തിനുവേണ്ടി കാഴ്ചവയ്ക്കുക.

ജെയിംസാകട്ടെ, രക്തനിറമണിഞ്ഞ കൊടികൾക്കു കീഴിലും, കമ്യൂണിസ്റ്റു സമ്മേളനങ്ങളിലും പ്ര

(ശേഷം 9-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1